# തടവറയിൽനിന്ന് പള്ളിയിലേക്ക്

അബ്ദുല്ലാ അടിയാർ

വിവർത്തനം
അബ്ദുൽ ജബ്ബാർ മൂന്നിയൂർ

പ്രസാധനം
ഡയലോഗ് സെന്റർ, കേരള

വിതരണം:
ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം, തൃശൂർ, കണ്ണൂർ

# പ്രസ്താവന

*നിലവിലുള്ള ഇസ്‌ലാമിക കൃതികളിൽ മിക്കതും മുസ്‌ലിംകളെ ഉദ്ദേശിച്ചു രചിക്കപ്പെട്ടവയാണ്. ഇതര സമൂഹങ്ങളെ ഉദ്ദേശിച്ചു രചിക്കപ്പെട്ടവ തന്നെ അവരിലെ സാധാരണക്കാരെ ആകർഷിക്കുന്നവയുമല്ല. ഇസ്‌ലാമിൽ ജനിച്ചുവളർന്ന ഒരാൾക്ക് അമുസ്‌ലിം സഹോദരങ്ങളുടെ മനഃശാസ്ത്രവും ചിന്താരീതിയും പൂർണമായി ഗ്രഹിക്കുക പ്രയാസകരമായിരിക്കും. മുസ്‌ലിം എഴുത്തുകാർ ഇതര സമൂഹങ്ങളെ ഉദ്ദേശിച്ചെഴുതിയ കൃതികളുടെ പൊതുവായ പോരായ്മയാണിത്. അമുസ്‌ലിം സമൂഹത്തിൽ ജനിച്ചുവളർന്ന, പുരുഷായുസ്സിന്റെ അർധഭാഗവും ആ സമൂഹത്തിൽ തന്നെ ചെലവഴിച്ച അബ്ദുല്ലാ അടിയാറുടെ കൃതികൾ അമുസ്‌ലിം സഹോദരങ്ങൾക്ക് കൂടുതൽ ആകർഷകമാവുമെന്നതിൽ തർക്കമില്ല. അനുഭവവും അതുതന്നെയാണ്.*

*-പ്രസാധകർ*

# അബ്ദുല്ലാ അടിയാർ

പത്രാധിപർ, രാഷ്ട്രീയനേതാവ്, കവി, ഗ്രന്ഥകാരൻ, ചലച്ചിത്രകാരൻ, നാടകരചയിതാവ് എന്നിങ്ങനെയുള്ള ബഹുമുഖ വ്യക്തിത്വങ്ങളാൽ തമിഴകത്ത് പ്രസിദ്ധനാണ് അബ്ദുല്ലാ അടിയാർ. 1987 ജൂൺ 6-ന് ഇസ്‌ലാം ആശ്ലേഷിച്ച അദ്ദേഹം തന്റെ ഇസ്‌ലാമാശ്ലേഷ കഥ വിവരിച്ചെഴുതിയ 'ചിറൈശ്ശാലൈയിലിരുന്തു പള്ളിവായിൽ വരൈ' എന്ന പുസ്തകത്തിന്റെ വിവർത്തനമാണ് 'തടവറയിൽനിന്ന് പള്ളിയിലേക്ക്'. അടിയാറുടെ 'ഞാൻ സ്നേഹിക്കുന്ന ഇസ്‌ലാം' എന്ന പുസ്തകം വായിച്ച് ഉത്തരേന്ത്യക്കാരനായ ശ്രീ. ഗുപ്ത ഉന്നയിച്ച സംശയങ്ങളും അതിന് അടിയാർ നല്കിയ മറുപടിയും കൂടി ഈ കൃതിയിൽ ചേർത്തിട്ടുണ്ട്. 1987 സെപ്തംബറിലാണ് തമിഴ് പതിപ്പ് പ്രസിദ്ധീകരിച്ചത്.

1935-ൽ കോയമ്പത്തൂരിനടുത്ത തിരുപ്പൂരിലാണ് അടിയാറുടെ ജനനം. 1955-ൽ മെട്രിക്കുലേഷൻ പരീക്ഷ കഴിഞ്ഞ ഉടനെ എം. കരുണാനിധിയുടെ 'മുരശൊലി' ദിനപത്രത്തിൽ സബ് എഡിറ്ററായി ചേർന്നു. വിദ്യാർഥിയായിരിക്കെ തന്നെ അദ്ദേഹം ധാരാളം ലേഖനങ്ങളെഴുതിയിരുന്നു. 1949-ന് ശേഷം എഴുതിയ ലേഖനങ്ങളാണ് വിദ്യാഭ്യാസം കഴിഞ്ഞ ഉടനെ 'മുരശൊലി'യുടെ സഹപത്രാധിപരാവാൻ അദ്ദേഹത്തെ സഹായിച്ചത്. 'മുരശൊലി'യിൽ 'മയിൽപീലി' എന്ന തലക്കെട്ടിൽ അദ്ദേഹം കൈകാര്യം ചെയ്ത കോളം വായനക്കാരെ, പ്രത്യേകിച്ച് യുവജനങ്ങളെ വല്ലാതെ ആകർഷിച്ചു. ഡോ. എം. കരുണാനിധിയായിരുന്നു പത്രാധിപർ. 'മുരശൊലി'യിൽ പതിനേഴ് വർഷം അടിയാർ ജോലി ചെയ്തു. സ്വന്തമായി പതിനേഴ് നാടകങ്ങളെഴുതി. അവയിൽ അഭിനയിച്ചു. 1982-ൽ 'ഭാര്യ' എന്ന അദ്ദേഹത്തിന്റെ കവിതാസമാഹാരം പുറത്തുവന്നു. താമസിയാതെ അതിന്റെ ഇംഗ്ലീഷ് പതിപ്പും ഇറങ്ങി. 'എന്റെ മയിൽ' എന്ന മറ്റൊരു കവിതാസമാഹാരം നിരവധി ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. നടൻ, സംവിധായകൻ, നിർമാതാവ് എന്നീ നിലകളിൽ സിനിമാരംഗത്തും അടിയാറുടെ വ്യക്തിമുദ്ര പതിഞ്ഞു. തമിഴ്നാട് സർക്കാറിന്റെ 'കലൈമാമണി' സാഹിത്യ അവാർഡ് 1982-ൽ അടിയാർക്കാണ് ലഭിച്ചത്.

രാഷ്ട്രീയത്തിലും അടിയാർ തന്റേതായ വ്യക്തിത്വം സൃഷ്ടിച്ചിട്ടുണ്ട്. വിദ്യാർഥിയായിരിക്കെ തന്നെ ദ്രാവിഡ കഴകവുമായി ബന്ധപ്പെട്ട അദ്ദേഹം

1949-ൽ പാർട്ടിയിൽ ചേർന്നു. പുതിയ തലമുറയിലെ കരുത്തനായ രാഷ്ട്രീയ നേതാവായി ഡി.എം.കെ. നേതൃത്വം അദ്ദേഹത്തെ കണ്ടു. പാർട്ടിയെ സംബന്ധിക്കുന്ന എല്ലാ ആരോപണങ്ങൾക്കും മറുപടി പറയാനുള്ള ചുമതല അടിയാർക്കായിരുന്നു. ഡി.എം.കെ.ക്ക് തമിഴ്നാട്ടിൽ വേരോട്ടം ലഭിച്ചതിൽ അടിയാറുടെ സമർഥമായ തൂലിക വഹിച്ച പങ്ക് അനൽപമാണ്. അടിയന്തരാവസ്ഥക്കാലത്ത്, 1976-ൽ ഡി.എം.കെ. മന്ത്രിസഭയെ കേന്ദ്രം പിരിച്ചുവിട്ടു. അറസ്റ്റ് ചെയ്യപ്പെടേണ്ടവരുടെ ലിസ്റ്റിൽ ഒന്നാമൻ അടിയാറായിരുന്നു. 'മിസ' പ്രകാരം അദ്ദേഹത്തെ അറസ്റ്റ് ചെയ്തു.

പ്രകൃത്യാതന്നെ രൂക്ഷമായ വിമർശകനായിരുന്ന അടിയാറെ ജയിലിലടച്ചപ്പോൾ അവിടെയുള്ള അനീതികളെയും അദ്ദേഹം ശക്തിയായെതിർത്തു. ജയിലധികൃതർ അദ്ദേഹത്തെ വേണ്ടവിധം കൈകാര്യം ചെയ്തു. വലിയ കുറ്റവാളികളെ ഉപയോഗിച്ച് അദ്ദേഹത്തെ മർദിക്കുകയുണ്ടായി. തുടരെത്തുടരെയുള്ള മർദ്ദനമേറ്റ് അദ്ദേഹത്തിന്റെ വയറ് പൊട്ടി കുടൽ പുറത്താവുക വരെ ചെയ്തു. മരണത്തെ മുഖാമുഖം കണ്ട നിമിഷം!

അന്നോളം നിരീശ്വരവാദിയായി ജീവിച്ച അടിയാർ ദൈവത്തെക്കുറിച്ചോർത്തു. തടവറയിൽവെച്ച് മതഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങി. ജൈനമതം, ബുദ്ധമതം, ക്രിസ്തുമതം, ഹിന്ദുമതം, ഇസ്‌ലാം ഇവയെക്കുറിച്ചെല്ലാമുള്ള ഗ്രന്ഥങ്ങൾ അദ്ദേഹം വായിച്ചു. തടവറയിലെ ഭീകരദിനങ്ങളിൽ, ഇസ്‌ലാം മാത്രമേ അദ്ദേഹത്തിന് ധൈര്യം പകർന്നുള്ളൂ. ഇത് അദ്ദേഹത്തെ ഇസ്‌ലാമുമായി അടുപ്പിച്ചു. ജയിൽ മോചിതനായ ശേഷം അദ്ദേഹം രചിച്ച 'ഞാൻ സ്നേഹിക്കുന്ന ഇസ്‌ലാം' ലോകപ്രശസ്തിയാർജിക്കുകയുണ്ടായി. 1977-ൽ ജയിൽ മോചിതനായ ശേഷം എം.ജി.ആറുടെ അണ്ണാ ഡി.എം.കെയിൽ ചേർന്നു പ്രവർത്തിച്ചു. അദ്ദേഹം തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോ നിർമാണ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. തെരഞ്ഞെടുപ്പ് നിർമാണ കമ്മിറ്റി അംഗമെന്ന നിലക്ക് മദ്യനിരോധം അംഗീകരിക്കാൻ കമ്മിറ്റിയിൽ അടിയാർ ആവശ്യമുന്നയിച്ചു. ഇതിന്റെ പേരിൽ എം.ജി.ആറുമായി ഇടഞ്ഞു. റവന്യൂ വരുമാന പ്രശ്നം ഉന്നയിച്ച എം.ജി.ആർ പാർട്ടിയുടെ പ്രഖ്യാപിത ലൈനിൽനിന്ന് മാറി. അതോടെ അടിയാർ എ.ഐ.എ.ഡി.എം.കെയുമായി വിടപറഞ്ഞു.

ഇസ്‌ലാമിനെ കുറിച്ച പഠനത്തിലും ഗ്രന്ഥരചനയിലുമാണ് അടിയാർ പിന്നീട് ശ്രദ്ധ പതിച്ചത്. 'ഞാൻ സ്നേഹിക്കുന്ന ഇസ്‌ലാമി'നു ശേഷം 14 കൃതികൾ അദ്ദേഹം പ്രസിദ്ധീകരിക്കുകയുണ്ടായി. 'നീരോട്ടം' എന്ന പേരിൽ താൻ തന്നെ സ്ഥാപിച്ച പ്രസിദ്ധീകരണാലയമാണ് അടിയാറുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നത്. 1996 സെപ്തംബർ 19-ന് മദിരാശിയിൽ അദ്ദേഹം മരണപ്പെട്ടു.

# ഉള്ളടക്കം


തടവറയിലെത്തുന്നതിനുമുമ്പ് .......... 11

തടവറയിൽ .......... 12

ഉൽകൃഷ്ടമായ അധ്യാപനങ്ങൾ .......... 14

'ഞാൻ സ്നേഹിക്കുന്ന ഇസ്ലാം' .......... 16

പര്യടനങ്ങൾ .......... 18

വിദേശങ്ങളിലെ അനുഭവം .......... 20

ഏകദൈവാദർശം .......... 23

ലാ ഇലാഹ ഇല്ലല്ലാഹ് .......... 25

മുഹമ്മദുർറസൂലുല്ലാഹ് .......... 26

മനുഷ്യനിയമവും ദൈവിക നിയമവും .......... 28

നിസ്തുലമായ ആരാധനാക്രമം .......... 31

അറബിഭാഷയും നമസ്കാരവും .......... 36

പള്ളിയിലേക്ക് .......... 39

അനുബന്ധം

1. ഉത്തരേന്ത്യയിൽനിന്നൊരു കത്ത് .......... 42
2. ശ്രീ. ഗുപ്തക്ക് വിനയപൂർവം .......... 47
3. ചോദ്യോത്തരം .......... 59

# 1. തടവറയിലെത്തുന്നതിനു മുമ്പ്

**ത**മിഴ്നാട് കോയമ്പത്തൂർ ജില്ലയിലെ തിരുപ്പൂരിലുള്ള കോട്ടൈക്കാട് മുസ്ലിംകൾ ഗണ്യമായി അധിവസിക്കുന്ന പ്രദേശമാണ്. എന്റെ ജനനം അവിടെയായതുകൊണ്ടാണ് എനിക്ക് ഇസ്‌ലാമിനെക്കുറിച്ച അറിവ് ലഭിച്ചത് എന്ന് പറഞ്ഞുകൂടാ. ജനനംകൊണ്ടും ജൻമസ്ഥലംകൊണ്ടും ഇസ്‌ലാമിക ജ്ഞാനം കൈവരുന്നില്ല. കുട്ടിക്കാലത്ത് കൊഴുത്തുരുണ്ട ശരീരപ്രകൃതിയുള്ള എന്നെ അയൽവീടുകളിലെ മുസ്‌ലിം ഉമ്മമാർ എടുത്തുകൊണ്ടുപോയി കളിപ്പിക്കാറുണ്ടായിരുന്നു. വിശേഷിച്ച്, പരിപ്പുകാരൻ സാഹിബിന്റെ ഭാര്യ. അവർക്ക് എന്നോട് വല്ലാത്ത സ്നേഹമായിരുന്നു. അവരുടെ മടിയിലാണ് ഞാൻ വളർന്നത് എന്നു പറഞ്ഞാൽ അതിശയോക്തിയാവുകയില്ല. ഈ സ്നേഹമാണ് ഇസ്‌ലാമിനെ സംബന്ധിച്ചു എനിക്ക് അറിവ് തന്നത് എന്നും പറഞ്ഞുകൂടാ. സ്നേഹം കൊണ്ടുമാത്രം ഇസ്‌ലാമിക ജ്ഞാനം സ്വായത്തമാവുകയില്ല.

എന്റെ പ്രാഥമിക വിദ്യാലയത്തിലെ കൂട്ടുകാരിൽ പലരും മുസ്‌ലിംകളായിരുന്നു. അവരുടെ സൗഹൃദം നിറം മാറാത്ത പുഷ്പംപോലെയായിരുന്നു. ഒരു ദിവസം കളിക്കുമ്പോൾ എന്റെ കാൽനഖം പറിഞ്ഞ് രക്തമൊലിക്കുന്നത് കണ്ട് അഹ്മദ് എന്ന കുട്ടി വിതുമ്പി വിതുമ്പി കരഞ്ഞു. കൈലിയുടുത്ത് കുഞ്ഞിത്തൊപ്പിയുമണിഞ്ഞ് അവൻ കരയുന്ന ദൃശ്യം ഇപ്പോഴും കൺമുമ്പിൽ കാണുന്നു. ഈ സംഭവം പോലും ഒരു സ്കൂൾ വിദ്യാർഥിയുടെ ഉദാത്തമായ സ്നേഹവായ്പ് എന്ന നിലയിൽ എന്റെ ഹൃദയത്തെ സ്പർശിച്ചതല്ലാതെ ഇസ്‌ലാമിനെ കുറിച്ച് പഠിക്കാൻ എനിക്ക് പ്രേരണ നൽകിയില്ല. സ്നേഹവാൽസല്യാദി വികാരങ്ങൾ കൊണ്ടു മാത്രം ഇസ്‌ലാമികജ്ഞാനമുണ്ടാവുകയില്ല. ഹൈസ്കൂളിലും കോളേജിലും എന്റെ കൂട്ടുകാർ മുസ്‌ലിംകൾ തന്നെയായിരുന്നു. അവരുടെ സ്നേഹം മൂകമായ തേങ്ങലായി, മധുരിക്കുന്ന ഓർമകളായി മനസ്സിൽ തികട്ടി വരുന്നു. എങ്കിലും അതൊന്നും അവരുടെ ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ പ്രചോദനമായില്ല. കലാലയ ജീവിതത്തിന് ശേഷം രാഷ്ട്രീയ ജീവിതം ആരംഭിച്ചു. ഖാഇദെ മില്ലത്ത് ഇസ്മായിൽ സാഹിബ്, സിറാജുൽ മില്ലത്ത് എ.കെ.എ. അബ്ദുസ്സമദ് സാഹിബ് പോലുള്ള മുസ്‌ലിം നേതാക്കളുമായി ഇടപഴകാൻ അവസരം ലഭിച്ചു. അവരുടെ മാന്യമായ രാഷ്ട്രീയ സമീപനം, തമിഴ് ഭാഷാ സ്നേഹം തുടങ്ങിയവ എന്നെ അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, ഇസ്‌ലാമിനെക്കുറിച്ചുള്ള പഠനത്തിലേക്ക് അവരുമായുള്ള സുഹൃദ്ബന്ധവും എന്നെ നയിച്ചില്ല. എന്റെ ഗ്രന്ഥ

ശേഖരത്തിൽ ചില ഇസ്‌ലാമിക ഗ്രന്ഥങ്ങളും ഉണ്ടായിരുന്നു. ഒരിക്കൽ മാത്രം മറിച്ചുനോക്കി. പിന്നീട് ദീർഘകാലം തൊട്ടുനോക്കിയതേയില്ല. എന്തുകൊണ്ട്?

വിശുദ്ധ ഖുർആൻ ഇഴചേരാത്ത ഒറ്റയൊറ്റ വാക്യങ്ങളുള്ള ഒരു പുസ്തകമായാണ് എനിക്ക് തോന്നിയത്. ബൈബിളിനെപ്പോലെ തുടർക്കഥകളില്ല. ഹിന്ദുമത ദൈവകീർത്തനങ്ങളെപ്പോലെയല്ല; ഭഗവത്ഗീതയെപ്പോലെ ആത്മ വിചാരണാപരമ്പരയുമല്ല. ഇങ്ങനെയെല്ലാമായിരുന്നിട്ടും വിശുദ്ധ ഖുർആനോട് ഒരു മതിപ്പ് തോന്നിയിരുന്നു.

## പിതാവിന്റെ സായാഹ്ന സദസ്സുകൾ

എന്റെ പിതാവ് ഒരു കമ്യൂണിസ്റ്റ് തീവ്രവാദിയായിരുന്നു. മതങ്ങളെയും വേദങ്ങളെയും അദ്ദേഹം നിശിതമായി വിമർശിക്കുമായിരുന്നു. വിശേഷിച്ച്, ഇസ്‌ലാമിനെക്കുറിച്ചാവുമ്പോൾ അദ്ദേഹത്തിന്റെ വിമർശനം ഇടിമിന്നൽപോലെ ആയിരുന്നു. പിതാവിന്റെ സായാഹ്ന സദസ്സുകളിൽ ഞാൻ ചായ കൊണ്ടുകൊടുക്കുന്ന പയ്യൻ. മുസ്‌ലിംകളും ചിലപ്പോൾ ആ സംവാദങ്ങളിൽ പങ്കെടുക്കാറുണ്ട്. പിതാവിന്റെ രൂക്ഷമായ വാദങ്ങൾക്ക് അവർ ശാന്തമായി മറുപടി നൽകും. അതിനെ പുച്ഛിക്കുകയും പരിഹസിക്കുകയുമായിരുന്നു പിതാവിന്റെ പതിവ്. ഈ പരിതഃസ്ഥിതിയിലും - ഒരു കമ്യൂണിസ്റ്റുകാരന്റെ മകനായിരുന്നിട്ടും - ഇസ്‌ലാമിനോട് അനാദരവ് തോന്നുകയുണ്ടായില്ല. രാഷ്ട്രീയ രംഗത്ത് ഞാൻ യുക്തിവാദികളോടൊപ്പമാണുണ്ടായിരുന്നത്. മതങ്ങളെയും വേദങ്ങളെയും തള്ളിപ്പറയുന്നവരായിരുന്നു യുക്തിവാദികളായ എന്റെ നേതാക്കൾ. എന്നിട്ടും ഇസ്‌ലാമിനോട് നിന്ദാപൂർവമായ ഒരു മനോഭാവം എന്നിലുണ്ടായില്ല. രാഷ്ട്രീയ വേദിയിൽ, മുസ്‌ലിംലീഗ് നേതാക്കളോട് ഞങ്ങളുടെ പ്രസ്ഥാനങ്ങൾ ശത്രുത പുലർത്തുകയും അതിനെതിരെ രൂക്ഷമായ വിമർശനങ്ങളുതിർക്കുകയുമുണ്ടായിട്ടുണ്ട്. അതിൽ പങ്കാളിയായി ഞാനും മുസ്‌ലിം ലീഗ് നേതാക്കളെ കഠിനമായാക്ഷേപിച്ചിട്ടുണ്ട്. ഞങ്ങളിൽ ചിലർ ക്രമവിരുദ്ധമായി ഇസ്‌ലാമിനെയും ആക്ഷേപിച്ചു. പക്ഷേ, ഞാൻ മാത്രം എന്തുകൊണ്ടോ അതിൽനിന്നും വിട്ടുനിന്നു. ലീഗ് നേതാക്കളെ വിമർശിക്കുകയല്ലാതെ ഞാൻ ഇസ്‌ലാമിനെ ആക്ഷേപിച്ചിരുന്നില്ല. ഇസ്‌ലാമിനെ മനസ്സിലാക്കിയതുകൊണ്ടാണ് അത്തരമൊരു സമീപനം സ്വീകരിച്ചത് എന്ന് പറയാനാവില്ല. ഇസ്‌ലാമിനെക്കുറിച്ച് സമഗ്രമായ അറിവ് അന്നൊന്നും എനിക്കുണ്ടായിരുന്നില്ല. രാഷ്ട്രീയത്തിൽ മുഴുകിപ്പോയിരുന്ന എന്നെ എപ്പോഴാണ് ഇസ്‌ലാം ആകർഷിക്കാൻ തുടങ്ങിയത്? ഈ ചോദ്യത്തിന് തടവറയാണ് മറുപടി പറയുക.

# 2. തടവറയിൽ

1976: തമിഴ്നാട്ടിലെ ഡി.എം.കെ. ഗവൺമെന്റ് പിരിച്ചുവിടപ്പെട്ടു. മിസാ ചട്ടമനുസരിച്ച് എന്നെയും അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. പൂർവ വിരോധങ്ങൾ മനസ്സിൽ വെച്ചുകൊണ്ട് ജയിലധികൃതർ തടവുകാരെ പീഡിപ്പിക്കുന്ന കാലമായിരുന്നു അത്. വിശേഷിച്ചും ഞാനായിരുന്നു പ്രഥമ ഇര. ഈ മർദന

ങ്ങൾ എന്റെ എല്ലുകളും ഞരമ്പുകളും മാംസപേശികളും കുഴച്ചിട്ട കളിമണ്ണിന്റെ രൂപത്തിലാക്കി. കൂരിരുട്ടിൽ മരണ ഗർത്തത്തിലേക്ക് ഞാൻ നീങ്ങിക്കൊണ്ടിരുന്നു. മുടി നരക്കുന്നതിനു മുമ്പേ എന്റെ ജീവിതത്തിനു അന്ത്യം കുറിക്കപ്പെടുകയാണെന്ന് എനിക്ക് തോന്നി. ഇതാണ് അവസാനദൃശ്യം, ഇതാണ് അന്ത്യശ്വാസം എന്നു കരുതി പരവശനായ സന്ദർഭങ്ങൾ പലതും കടന്നുപോയി. ക്രമേണ ഭക്ഷണം, വസ്ത്രം, വായന തുടങ്ങിയവക്ക് സൗകര്യങ്ങൾ ലഭിച്ചുതുടങ്ങി. തടവറയിൽ മുപ്പത് നാളുകൾ പിന്നിട്ടപ്പോൾ ധാരാളം സൗകര്യങ്ങൾ വന്നുതുടങ്ങി. പക്ഷേ, ഹൃദയത്തിലെ വ്രണം മാത്രം ഉണങ്ങിയില്ല. തലയോട്ടിക്കകത്ത് ആയിരം മാടുകൾ ചവിട്ടിമെതിക്കുന്ന നോവ്. മരണക്കയർ മാത്രം ഇനിയും എന്റെ കഴുത്തിൽ കുരുക്കിയിട്ടില്ല! ആയിരമാളുകൾ ചേർന്ന് എന്നെ പ്രഹരിക്കുന്ന ഒരു ദൃശ്യം എന്റെ ഉപബോധമനസ്സിൽ സ്ഥാനം പിടിച്ച് ഇടക്കിടെ ബഹിർഗമിക്കും. വെണ്ണിലാവുള്ള രാത്രികളിൽ കണ്ണടച്ച് ഉറങ്ങാൻ കിടന്നാൽ ആയിരമാളുകൾ ചേർന്ന് എന്നെ പ്രഹരിക്കുന്ന ഈ ദൃശ്യം തലക്കുള്ളിൽ ഒരു ഭീകരസംഗീതത്തോടെ ഉയർന്നുവരും. ഞാൻ കൈകാലിട്ടടിച്ച് അലമുറയിടും. വായിൽനിന്ന് ഒരുതരം ഉമിനീർ പുറത്തുവരും. നാവ് കടിച്ചു പോകുന്നതിനാൽ ചുവപ്പും വെള്ളയും, വെള്ളയും ചുവപ്പുമായി നുരച്ചുപൊന്തും. ഹാവൂ! ആ ദിനങ്ങൾ, വെണ്ണിലാവുള്ള രാത്രികൾ - ഭീകരതയുടെ താണ്ഡവമായിരുന്നു.

## വേദപഠനം

ഇങ്ങനെ വെന്തുനീറിയ എന്റെ വ്രണിതഹൃദയം വേദങ്ങളിലേക്കു തിരിഞ്ഞു. മരണഭീതിയുടെ വെളിച്ചത്തിൽ സർവ ഗ്രന്ഥങ്ങളും വായിക്കാൻ തുടങ്ങി. ചില വേദങ്ങൾ, ഇതു മായാലോകം, ഈ ലോകം പരിത്യജിക്കുക എന്നാണാവശ്യപ്പെട്ടത്. ആ ഉപദേശം എന്റെ ഹൃദയ വ്രണത്തിൽ സൂചികുത്തി ചികിത്സിക്കുന്നതുപോലെ ആയിരുന്നു. ചില വേദങ്ങളുടെ വചനങ്ങൾ വിദേശ ആഘോഷങ്ങളിൽ സംബന്ധിക്കുമ്പോൾ കണ്ടുമുട്ടുന്ന അപരിചിതരെപ്പോലെ ആയിരുന്നു. എന്റെ മുഖം അവക്ക് പരിചയമില്ല; അകം അറിയില്ല; ഹൃദയത്തിന്റെ രോദനവും ആ വേദവാക്യങ്ങൾക്കു മനസ്സിലാകുന്നില്ല. ചില വേദങ്ങൾ ഒരൊറ്റ പുണ്യവാളനെ മാത്രം പുകഴ്ത്തിപ്പറഞ്ഞ് മറ്റുള്ളവരെയെല്ലാം പാപി എന്നാക്ഷേപിച്ചു. ഞാനും പാപിയാണോ? വ്രണത്തിനുള്ളിൽ ഇത് മറ്റൊരു വ്രണമാണോ?

എന്നാൽ ഒരു വേദം മാത്രം താൻ ആരാണെന്ന് പരിചയപ്പെടുത്തിത്തന്നു.

“ഞാൻ വേദമാണ്.”

“അങ്ങനെയാണോ?”

“സംശയിക്കേണ്ട.”

“തുടർന്ന് എന്താണ് ചെയ്യേണ്ടത്?”

“ഭയഭക്തി കൈക്കൊള്ളുക.”

“ആരോട്? തുറുങ്കിൽ എന്നെ അടിച്ചു പരവശനാക്കി വ്രണപ്പെടുത്തി ഇപ്പോൾ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നവരോടോ?”

“അല്ല, നിന്നെയും അഖില ചരാചരങ്ങളെയും സൃഷ്ടിച്ചു സംരക്ഷിച്ചു കൊണ്ടിരിക്കുന്ന ദൈവത്തോട്”.

“ശരി; ഭയഭക്തി കൈക്കൊണ്ടാൽ എന്താണുണ്ടാവുക?”

“നേർമാർഗം കാണിച്ചുതരും.”

ഇങ്ങനെ പറഞ്ഞ വേദം ഏതാണ്? അത് വിശുദ്ധ ഖുർആനായിരുന്നു: “ഇത് വേദഗ്രന്ഥമാണ്. സംശയമില്ല. ഭക്തന്മാർക്ക് ഇത് സൻമാർഗദായകമാണ്.” വിശുദ്ധ ഖുർആനിലെ പ്രഥമ വാക്യമാണിത്.

## വിവാഹസമ്മാനം

1962-ലായിരുന്നു എന്റെ വിവാഹം. അന്ന് ഞാൻ ഹിന്ദുവായിരുന്നു. ഭാര്യ ക്രിസ്ത്യാനിയും. മുസ്‌ലിം കവിയായ ടി. ഖാസിം ‘നബിനായകൻ’ എന്ന ചരിത്ര ഗ്രന്ഥം ഞങ്ങൾക്ക് വിവാഹസമ്മാനമായി നല്കിയിരുന്നു. ‘ഈ വിവാഹസമ്മാനം നിങ്ങൾക്ക് ‘പ്രയോജനപ്പെടട്ടെ’ എന്ന് അതിലദ്ദേഹം കുറിച്ചിരുന്നു. ‘പ്രയോജനപ്പെടട്ടെ’ എന്നെഴുതിയിരുന്നല്ലോ, അതെന്തുകൊണ്ടാണ് എന്നൊന്നും അപ്പോൾ ഞാൻ ചുഴിഞ്ഞാലോചിച്ചില്ല. എന്നാൽ ജയിലിൽ ആ ഗ്രന്ഥം എനിക്കു പ്രയോജനപ്പെട്ടു. നബിതിരുമേനിയുടെ ജീവചരിത്രം ആഴത്തിൽ പഠിക്കാൻ തുടങ്ങി. ആശ്ചര്യകരമായ ഒരു ചോദ്യം അപ്പോൾ എന്റെ മനസ്സിൽ നാമ്പെടുത്തു. ഇതെന്ത്; വിശുദ്ധഖുർആൻ വീണ്ടും വായിക്കുന്നതുപോലെയുണ്ടല്ലോ! ദൈവത്തിന്റെ വചനങ്ങൾക്കും ഒരു മനുഷ്യന്റെ ചരിത്രത്തിനും തമ്മിലെന്താണ് ഇത്ര അടുപ്പം? വിശുദ്ധ ഖുർആൻ അടിസ്ഥാനവും പ്രവാചകന്റെ ജീവിതം അതിന്റെ പകർപ്പുമാണോ? വിശുദ്ധ ഖുർആന്റെ വ്യാഖ്യാനമാണ് നബിതിരുമേനി എന്ന വാക്യം എത്ര അന്വർഥം!

തടവറയിലെ പുലർകാലങ്ങൾ വിചിത്രമാണ്. സൂര്യനുദിച്ചാലും ഇല്ലെങ്കിലും, മഴ പെയ്താലും മഞ്ഞുപെയ്താലും, കൃത്യം ആറുമണിക്ക് തടവറ വാതിലുകൾ തുറക്കപ്പെടുന്ന ശബ്ദം ജയിൽവാസികൾക്ക് സ്വാതന്ത്ര്യത്തിന്റെ മണിനാദമാണ്. ചിലർ ഓടും; ചിലർ ആടും; ചിലർ പാടും; ചിലർ പതുക്കെ വെളിയിലേക്ക് തലനീട്ടും; മറ്റു ചിലർ ഓരോന്നാലോചിച്ച് അകത്തുതന്നെയിരുന്ന് സ്വതന്ത്രവായു ശ്വസിക്കും. ഇവരെപ്പോലെയിരുന്ന എന്നെ വിശുദ്ധ ഖുർആനും നബിചരിതവും പരിവർത്തിപ്പിക്കാൻ തുടങ്ങി. മുഖവും കൈകാലുകളും കഴുകിവന്ന് പുസ്തകം നിവർത്തി വായിക്കാനിരിക്കും. മണ്ണിനടിയിലെ ജ്ഞാനത്തിന്റെ വിത്ത് വെളുത്ത മുള പൊട്ടി പതുക്കെ പൊങ്ങിവരുന്നതിനെക്കുറിച്ച് ഞാൻ ബോധവാനായി. ഇതുവരെ വായിച്ചറിഞ്ഞിട്ടില്ലാത്ത എന്ത് അദ്ഭുതങ്ങളാണ് അവയിലുണ്ടായിരുന്നത്?

# 3. ഉൽകൃഷ്ടമായ അധ്യാപനങ്ങൾ

യുക്തിവാദികളുടെ കൂട്ടിൽ ഒരു കുയിലായി വളർന്ന എന്റെ അന്തരംഗത്ത് ഇസ്‌ലാം യുക്തിവിചാരത്തിന്റെ കോകിലനാദം മുഴക്കിയതായി എനി

ക്കനുഭവപ്പെട്ടു. (യുക്തിക്കുപരിയായി ചില യാഥാർഥ്യങ്ങളുണ്ടെന്ന് പിൽക്കാലത്ത് ഇസ്‌ലാം എന്നെ ബോധ്യപ്പെടുത്തി). വിശേഷിച്ച്, പ്രവാചകന്റെ ചരിത്രത്തിൽ കാണുന്ന സംഭവങ്ങൾ മായകളോ മന്ത്രതന്ത്രപുരാണങ്ങളോ അല്ല; മറിച്ച്, ഏത് സാധാരണ മനുഷ്യന്നും പിൻപറ്റാവുന്ന കാര്യങ്ങളാണെന്ന് ഞാൻ കണ്ടു. അദ്ദേഹം മാതാവിന്റെ ഗർഭത്തിലിരിക്കെ തന്നെ പിതാവ് അന്തരിച്ചു. പിന്നീട് മാതാവും നഷ്ടപ്പെട്ടു. അതിനു ശേഷം സംരക്ഷിച്ചുപോന്ന പിതാമഹനും നഷ്ടപ്പെട്ടു. ഇങ്ങനെ നഷ്ടങ്ങളുടെ പ്രതിരൂപമായ ഒരനാഥനായി ചെറുപ്പം മുതൽ അദ്ദേഹത്തിന് ജീവിക്കേണ്ടി വന്നു എന്ന ചരിത്രം വായിച്ചപ്പോൾ ഞാൻ പൂർണമായും അദ്ദേഹത്തിൽ ആകൃഷ്ടനായിക്കഴിഞ്ഞിരുന്നു. ജയിലിൽ ഞാനും അനാഥനായിരുന്നുവല്ലോ.

തന്നെ വല്ലാതെ വാഴ്ത്തിപ്പറയുന്നവരോട് 'ഉണക്ക റൊട്ടിയും കാഞ്ഞുലർന്ന കാരക്കയും തിന്നുവളർന്ന പാവപ്പെട്ട വിധവയുടെ മകനാണ് ഞാൻ' എന്ന പ്രവാചകന്റെ വിനയാന്വിതനായിക്കൊണ്ടുള്ള മറുപടി വായിച്ച എന്റെ കണ്ണുകൾ ഈറനണിഞ്ഞു. ഇസ്‌ലാം താത്വികമായി എന്നെ ആകർഷിച്ചത് പിൽക്കാലത്താണ്. ജയിലിൽ എന്റെ ഹൃദയം കവർന്നത് പ്രവാചകന്റെ ആകർഷകമായ ചരിത്രവും ഉദ്ബോധനങ്ങളുമാണ്. ഭയം അധികാരം വാണിരുന്ന ആ തടവറയിൽ, നിർഭയനായി ജീവിച്ച അദ്ദേഹത്തിന്റെ ചരിത്രം വായിക്കുന്നത് ഒരു പ്രത്യേക ആനന്ദം തന്നെയായിരുന്നു. നിർഭയത്വം ജയിലിനുള്ളിൽ തന്നെ ഒന്നു പരീക്ഷിച്ചുനോക്കാൻ ആ ആനന്ദം പ്രചോദനം നൽകി. ജയിലിന്റെ രൗദ്രതയും നിഷ്ഠുരതയും കുറയുകയും ഈ പ്രചോദനം ശക്തി നേടുകയും ചെയ്തപ്പോൾ, തല നിവർത്തി നടക്കാൻ കരുത്തുകിട്ടി. നിർഭയമായി സംസാരിക്കാനുള്ള ധൈര്യം, പാട്ടുപാടാനുള്ള മാനസിക നില തുടങ്ങി എല്ലാം കൈവന്നു. നബിതിരുമേനി മുഖേനയാണ് ജയിലിനുള്ളിൽ ഇതെല്ലാം എനിക്ക് ലഭ്യമായത്.

## ഇസ്‌ലാം ജീവിതവ്യവസ്ഥ

പ്രവാചകൻ ഇന്നേവരെ ഞാൻ 'വായിച്ചറിയാത്ത' വിചിത്രമനുഷ്യനായി എനിക്കനുഭവപ്പെട്ടു. വിരക്തി കൈക്കൊണ്ടവർ മാത്രമല്ലേ മതസ്ഥാപകരാകൂ? ഇദ്ദേഹം കുടുംബജീവിതം ഭംഗിയായി നയിച്ചുകൊണ്ടിരിക്കെ തന്നെ മതനേതാവുമാണോ? പ്രതിഭാശാലികളെയും പണ്ഡിതപാരംഗതരെയും സ്തബ്ധരാക്കുംവിധം മഹദ്വചനങ്ങളരുളിയ ഇദ്ദേഹത്തിന് എഴുത്തും വായനയും വശമില്ലായിരുന്നുവത്രെ. രാഷ്ട്രഭരണവും അധികാരപീഠവും എന്തെന്നറിയാത്തവരല്ലേ ആത്മജ്ഞാനികൾ? ഇദ്ദേഹമോ അറേബ്യയുടെ ഭരണാധിപൻ? ഒരേ സമയം ആത്മജ്ഞാനിയും രാഷ്ട്രതന്ത്രജ്ഞനും. ഇതെങ്ങനെ? ഇദ്ദേഹത്തിന്റെ ഭരണരീതിപോലും ഇതര ഭരണരീതികളിൽ നിന്ന് വ്യതിരിക്തം. ഇക്കാര്യങ്ങളെക്കുറിച്ച അന്വേഷണം 'ഇസ്‌ലാം' എന്ന മധുരോദാരവും ഉദാത്തവുമായ സൻമാർഗത്തെക്കുറിച്ച ഗവേഷണത്തിൽ എന്നെയെത്തിച്ചു.

ഇസ്‌ലാം എന്താണെന്ന അടിസ്ഥാന വിവരം ജയിലിൽവെച്ചാണ് ഞാൻ വായിച്ചു മനസ്സിലാക്കിയത്. അതിനു മുമ്പ് ഇസ്‌ലാം ഏതോ ഒരു മതം; പ്രവാചകൻ ആ മതത്തിന്റെ സ്ഥാപകൻ എന്നേടത്തോളമേ മനസ്സിലാക്കിയിരുന്നുള്ളൂ. ഇസ്‌ലാം ഏകദൈവത്തെ മാത്രമേ കീഴ്വണങ്ങാനനുവദിക്കുന്നുള്ളൂ.

ബഹുദൈവാരാധനയെ അത് നിരാകരിക്കുന്നു എന്ന വസ്തുത തടവറയിൽ വെച്ചാണ് ഞാൻ ശരിക്കും മനസ്സിലാക്കിയത്. ശിലകൾ, പടങ്ങൾ തുടങ്ങിയവയെ മുസ്‌ലിംകൾ പൂജിക്കുന്നില്ല എന്നെനിക്കറിയാമായിരുന്നു. എന്നാൽ അതിന്റെ പൊരുളെന്താണെന്ന് അറിയുമായിരുന്നില്ല. ജയിലിൽ വെച്ചാണ് അതിന്റെ കാരണം ഞാൻ വായിച്ചു മനസ്സിലാക്കാൻ തുടങ്ങിയത്. ഇസ്‌ലാം കേവലം ഒരു മതമല്ല; മതത്തിന്റെ വിവക്ഷിത വരുതിയിൽ അതു പെടുന്നില്ല; ഇസ്‌ലാം ഒരു ജീവിത വ്യവസ്ഥയാണെന്നു ഞാൻ മനസ്സിലാക്കി. ഈ ലോകവും ഇവിടത്തെ ഉത്തരവാദിത്തങ്ങളും വലിച്ചെറിഞ്ഞ് ഒളിച്ചോടണം എന്നല്ല ഇസ്‌ലാം പഠിപ്പിക്കുന്നത്. ലോകത്ത് ചെയ്തുതീർക്കേണ്ട ബാധ്യതകൾ മുറപ്രകാരം നിർവഹിക്കാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത് എന്ന് ജയിലിൽ വെച്ചുള്ള ഈ പാരായണം എന്നെ ബോധ്യപ്പെടുത്തി.

### അനീതിക്കെതിരായ സമരം

രാമൻ ഭരിച്ചാലെന്ത്, രാവണൻ ഭരിച്ചാലെന്ത് ദൈവത്തെ ധ്യാനിക്കുക എന്നു പറഞ്ഞുകൊണ്ട് അനീതികളെയും അന്യായങ്ങളെയും അവ പ്രയോഗവൽക്കരിക്കുന്ന ആധുനിക വിനാശകാല ഭരണകൂടങ്ങളെയും കണ്ട് അടങ്ങിയിരിക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. 'അനീതിക്കെതിരെ പോരാടുന്നതാണ് ദൈവവിശ്വാസത്തിന്റെ ഒരു ഭാഗം' എന്ന ഇസ്‌ലാമിന്റെ പ്രഖ്യാപനം വായിച്ചപ്പോൾ ഇരു തോളുകളും കുലുങ്ങി ഞാൻ വിതുമ്പിപ്പോയി. ഇസ്‌ലാമിനെയും പ്രവാചകനെയും ഇനിയുമേറെ പഠിക്കണമെന്ന വിജ്ഞാനദാഹം ആളിപ്പടരാൻ തുടങ്ങി. പുസ്തകമെഴുതാനുള്ള കുറിപ്പുകൾ നനഞ്ഞ മിഴികളോടെ ജയിലിൽ വെച്ചു ഞാൻ ശേഖരിച്ചിട്ടുണ്ട്.

ജയിൽ ജീവിതം അവസാനിക്കാറായി. നാട്ടിൽ സ്വതന്ത്രമായി ജീവിക്കാൻ അവസരം ലഭിക്കുന്ന വരുംകാലത്ത് ഇസ്‌ലാമിനെ കൂടുതൽ ആഴത്തിൽ പഠിക്കണം എന്ന ദൃഢനിശ്ചയത്തോടെയാണ് ഞാൻ ജയിലിൽനിന്ന് പുറത്തുവന്നത്. പക്ഷേ, എന്റെ ആഗ്രഹം ഉടനെ സഫലമായില്ല. രാഷ്ട്രീയ നദിയിൽ യാത്രചെയ്യാനുള്ള വഞ്ചി ജയിൽ കവാടത്തിൽ തന്നെ എന്നെ കാത്തിരിക്കുകയായിരുന്നു. ഇസ്‌ലാം എന്ന വിത്ത് മാത്രം എന്റെ ഹൃദയത്തിൽ നനുത്ത മണ്ണിൽ ഉള്ളുണർന്ന നിദ്രയിലേർപ്പെട്ടു.

## 4. 'ഞാൻ സ്നേഹിക്കുന്ന ഇസ്‌ലാം'

പ്രക്ഷോഭങ്ങൾ, കോളിളക്കങ്ങൾ, വിജയാരവങ്ങൾ, വെല്ലുവിളികൾ തുടങ്ങി രാഷ്ട്രീയരംഗത്തെ കാട്ടാറിന്റെ കൂലംകുത്തിയൊഴുക്കിൽ പങ്കായമില്ലാത്ത തോണിപോലെ ഞാനും എടുത്തെറിയപ്പെട്ടു. ഇസ്‌ലാമിനെസ്സംബന്ധിച്ച കുറിപ്പുകൾ എന്റെ ഗ്രന്ഥശേഖരത്തിന്റെ ഒരു മൂലയിൽ കിടന്നു. അതേക്കുറിച്ച ഓർമതന്നെ ഇല്ലാതായി.

അതിനിടെ ഒരു ദിവസം എന്റെ ഒരു മുസ്‌ലിം സുഹൃത്ത് വന്നു. തന്റെ മകന്റെ പരിച്ഛേദന കർമ(സുന്നത്ത്)ത്തോടനുബന്ധിച്ചുള്ള പരിപാടിയിൽ ഞാൻ പ്രസംഗിക്കണമെന്ന് ആവശ്യപ്പെട്ടു. എന്താണ് പ്രസംഗിക്കുക? ഗ്രന്ഥ

പ്പുരയിലുണ്ടായിരുന്ന കുറിപ്പുകൾ തേടി വായിച്ചു; പ്രസംഗിച്ചു. പ്രസംഗകന് മൂന്ന് അവസ്ഥകളുണ്ടാവും. ഒന്ന്, പ്രസംഗത്തിനുമുമ്പ് മനസ്സിൽ വരുന്ന ആശയങ്ങളുടെ ക്രമീകരണം. രണ്ട്, പ്രസംഗത്തിനിടയിൽ ഏറിയോ കുറഞ്ഞോ വന്നുപോയ വാക്കുകളെയും പ്രകടിപ്പിച്ച അഭിപ്രായങ്ങളെയും കുറിച്ച ദുഃഖം, മൂന്ന്, പ്രസംഗിച്ചു കഴിഞ്ഞശേഷം അയ്യടാ..... അക്കാര്യം പറയാൻ വിട്ടുപോയല്ലൊ....എന്നാലോചിച്ച് വ്യാകുലപ്പെടൽ. എന്റെ സ്റ്റേജ് പ്രസംഗങ്ങളിൽ അക്കാര്യം പറയാൻ വിട്ടുപോയല്ലോ എന്നാലോചിച്ച് എനിക്ക് ഒരിക്കലും വിഷമിക്കേണ്ടിവന്നിട്ടില്ല. ഉദ്ദേശിച്ചതെല്ലാം പ്രസംഗിക്കും. എന്നാൽ ഈ മുസ്‌ലിം സുഹൃത്തിന്റെ കുടുംബാഘോഷത്തിൽ അദ്ഭുതം സംഭവിച്ചു. ഇസ്‌ലാമിനെക്കുറിച്ച് മുഴു ശക്തിയോടെ പ്രസംഗിച്ചു തീർത്തിട്ടും ഇനിയും ഏറെ പറയാനിരിക്കുന്നല്ലോ എന്ന് എന്റെ മനസ്സ് മന്ത്രിച്ചു. ഇസ്‌ലാം സമുദ്രമാണ്; അതിൽ നിന്ന് ഞാൻ കോരിയെടുത്തത് ഒരു കൈക്കുമ്പിൾമാത്രം. പ്രഗൽഭനായ പ്രസംഗകൻ എന്ന എന്റെ ഗമ ഇസ്‌ലാമിന്റെ മുമ്പിൽ തലകുത്തിവീണു.

പ്രസംഗിച്ചു തീർത്തിട്ടില്ലെങ്കിലെന്ത്? അവശേഷിച്ചതെല്ലാം എഴുതിക്കളയാം എന്ന് ഞാൻ തീരുമാനിച്ചു. അങ്ങനെ എന്റെ പത്രമായ 'നീരോട്ട' ത്തിൽ ഒരു ലേഖനമെഴുതി. വീണ്ടും ആ അദ്ഭുതം സംഭവിച്ചു! ലേഖനമെഴുതിയിട്ടും ഇസ്‌ലാം മികച്ചുനില്ക്കുന്നു. രണ്ടാമതും ലേഖനമെഴുതി. എന്നിട്ടും ഇസ്‌ലാം മികച്ചുതന്നെ നില്ക്കുന്നു. അങ്ങനെ മൂന്നാമതും നാലാമതും അഞ്ചാമതും ലേഖനങ്ങളെഴുതി. ഈ ലേഖന പരമ്പരയാണ് 'ഞാൻ സ്നേഹിക്കുന്ന ഇസ്‌ലാം' എന്ന പേരിൽ ഒരു പുസ്തകമായി പിന്നീട് പുറത്തുവന്നത്. ഈ പുസ്തകത്തിന്റെ കൈപ്പിടിക്കും ഒതുങ്ങാത്ത ആകാശംപോലെ വിശാലമായി വിരിഞ്ഞുനിന്നു ഇസ്‌ലാം പുഞ്ചിരിതൂകി.

'ഞാൻ സ്നേഹിക്കുന്ന ഇസ്‌ലാം' വളരെ എളിയ രീതിയിലാണ് പ്രസിദ്ധീകരിച്ചത്. ന്യൂസ്പ്രിന്റിലുള്ള അച്ചടി. കെട്ടും മട്ടും ആകർഷകമായിരുന്നില്ല. ആ കൃതി പിൽക്കാലത്ത് ലോക മുസ്‌ലിംകളുടെ ശ്രദ്ധയാകർഷിക്കും എന്ന് ഞാൻ തീരെ പ്രതീക്ഷിച്ചിരുന്നില്ല. ലോകത്ത് ഗണ്യമായൊരു വിഭാഗത്തിന്റെ ശ്രദ്ധയാകർഷിക്കാൻ മാത്രം ആ കൃതിയിൽ എന്താണ് ഞാനെഴുതിയിരുന്നത്? ഇസ്‌ലാമിക പണ്ഡിതന്മാർ ഇന്നോളം പറഞ്ഞതിലുപരിയായി ഒന്നും അതിൽ രേഖപ്പെടുത്തിയിരുന്നില്ല. ഇസ്‌ലാമിക മാർഗത്തെ വിവിധ മതങ്ങളുമായി തുലനം ചെയ്തിരുന്നു. വിശുദ്ധ ഖുർആനിനെ മറ്റു പല വേദഗ്രന്ഥങ്ങളോടും താരതമ്യം ചെയ്തിരുന്നു. മുഹമ്മദ് നബിയുമായി വിപ്ലവനായകന്മാരെയും ലോകം വാഴ്ത്തുന്ന വ്യക്തിത്വങ്ങളെയും മാറ്റുരച്ചു ഏറ്റവും ഉദാത്തമാതൃക നബിതിരുമേനിയുടേതാണെന്ന് സമർഥിച്ചിരുന്നു. അതോടൊപ്പം ഇസ്‌ലാം ധർമത്തിന്റെ തത്വങ്ങളും ആദർശാനുഷ്ഠാനങ്ങളും എന്റെ വൈജ്ഞാനിക പരിധിയിൽ നിന്നുകൊണ്ട് പ്രകാശിപ്പിക്കുകയും ചെയ്തിരുന്നു. മനസ്സാന്നിധ്യത്തോടെ ആ കൃതിയുടെ രചനയിലേർപ്പെട്ടതു കൊണ്ടാവാം ദൈവാനുഗ്രഹത്താൽ അത് ലോകപ്രശസ്തി നേടിയത്. അത് സ്വദേശത്തും വിദേശത്തും മുസ്‌ലിംകൾ സംഘടിപ്പിച്ച വിവിധ ആഘോഷപരിപാടികളിൽ പങ്കെടുക്കാൻ എനിക്ക് അവസരമൊരുക്കിത്തരികയും ചെയ്തു.

# 5. പര്യടനങ്ങൾ

മുസ്‌ലിംകളുടെ ക്ഷണമനുസരിച്ച് ഇതര സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും നടത്തിയ പര്യടനങ്ങൾ മുസ്‌ലിംകളെ സൂക്ഷ്മമായി നിരീക്ഷിക്കാനുള്ള സന്ദർഭമൊരുക്കി. ഇതുവരെ മുസ്‌ലിംകളെ അങ്ങനെ നിരീക്ഷിക്കുകയുണ്ടായിട്ടില്ല; സുഹൃത്തുക്കൾ, മനുഷ്യർ എന്ന പൊതുസ്വഭാവത്തിൽ മാത്രമാണ് അവരെ കണ്ടിരുന്നത്. പുതിയ പശ്ചാത്തലത്തിൽ ഇസ്‌ലാം പ്രദാനം ചെയ്ത പ്രകാശത്തിലൂടെ മുസ്‌ലിംകളെ സൂക്ഷ്മനിരീക്ഷണം നടത്തി, വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളനുസരിച്ച് അവർ പ്രവർത്തിക്കുന്നുണ്ടോ? പ്രവാചകന്റെ ഋജുമാർഗത്തിലൂടെയാണോ അവർ നടക്കുന്നത്? പരീക്ഷാഹാളിൽ കഴുകക്കണ്ണുകളോടെ നടക്കുന്ന അധ്യാപകന്റെ ഭാവത്തിലായിരുന്നില്ല മുസ്‌ലിംകളെ ഞാൻ നിരീക്ഷിച്ചത്. അവർക്കിടയിൽ ഓരോ നല്ല കാര്യം കാണുമ്പോഴും, ഉൽസാഹത്തിൽ ഒച്ചവെയ്ക്കുന്ന ബാലനെപ്പോലെയായിരുന്നു ഞാൻ. ങ്ഹാ! ഈ മുസ്‌ലിമിൽ വിശുദ്ധ ഖുർആന്റെ ഏകദൈവസിദ്ധാന്തം രൂഢമൂലമായിരിക്കുന്നുവല്ലോ! ഹായ്! ഈ മുസ്‌ലിമിൽ പ്രവാചകന്റെ ആ വിശിഷ്ട ഗുണമുണ്ടല്ലോ! ഇത്തരത്തിലുള്ള കൊച്ചു കൊച്ചു പ്രകാശബിന്ദുക്കൾ കാണുമ്പോൾ വലിയ സൂര്യനെ കണ്ടതുപോലെ ആഹ്ലാദിക്കുന്നതിൽ ഒരുദ്ദേശ്യമുണ്ടായിരുന്നു. ഈ മുസ്‌ലിംകളെപ്പോലെ കൊച്ചു കൊച്ചു പ്രകാശങ്ങളെ സ്വാംശീകരിച്ച് പൂർണശോഭയാർജിക്കാൻ എനിക്കും കഴിയണം.

## മുസ്‌ലിംകൾക്കിടയിലെ ആദർശഭദ്രത

അലയടിക്കുന്ന മനസ്സും മലപിളർക്കാൻ പോന്ന കാഠിന്യവും നിലനില്ക്കുന്ന രാഷ്ട്രീയ ലോകത്ത് ഈ കൊച്ചുകൊച്ചു വെളിച്ചങ്ങൾ തന്നെ എനിക്കു വലിയ ആശ്വാസമായി അനുഭവപ്പെട്ടു. മുസ്‌ലിംകളെ സൂക്ഷ്മനിരീക്ഷണം നടത്തിയപ്പോൾ അവർക്കും മറ്റുള്ളവർക്കുമിടയിലുള്ള പ്രകടമായ ഒരന്തരം ശ്രദ്ധയിൽപ്പെട്ടു. ദൈവം ഒന്നേയുള്ളൂ എന്ന കാര്യത്തിൽ മുസ്‌ലിംകൾ ദൃഢചിത്തരായിരുന്നു. അവർക്കിടയിൽ അഭിപ്രായഭിന്നതകളുണ്ടെങ്കിലും അവ ഈ വൃത്തത്തിനു പുറത്താണുള്ളത്. ഒരു മുസ്‌ലിമും രണ്ട് ദൈവങ്ങളുണ്ട് എന്ന് സമ്മതിക്കുന്നില്ല. ബഹുദൈവാരാധന സ്വീകരിക്കുന്നില്ല. അതുപോലെ ഒരേയൊരു വേദം - വിശുദ്ധവേദം - ഖുർആൻ ആണെന്നതിലും അഭിപ്രായാന്തരമില്ല. മുഹമ്മദ് ദൈവദൂതനാണെന്ന കാര്യത്തിലും രണ്ടുപക്ഷമില്ല. ദൈവം, വേദം, പ്രവാചകൻ ഇവ മൂന്നിലും ഏകമനസ്സോടെ അചഞ്ചലമായി വിശ്വാസമർപ്പിച്ചവരാണ് മുസ്‌ലിംകൾ എന്നു ബോധ്യമായപ്പോൾ അവർക്കിടയിലുള്ള അഭിപ്രായാന്തരങ്ങൾ മനോവിഷമമുണ്ടാക്കാൻ മാത്രം വലിയൊരു കാര്യമായി അന്നും ഇന്നും എനിക്ക് തോന്നിയിട്ടില്ല.

## മനോഹര വൈരുധ്യം

മറ്റൊരു സവിശേഷത, ഓരോ മുസ്‌ലിമും മുസ്‌ലിംകളല്ലാത്തവരിൽ നിന്ന് ഏതെങ്കിലുമൊരു വിധത്തിൽ വ്യത്യസ്തത പുലർത്തിയിരുന്നു. 'മനോഹരമായ ഒരു വൈരുധ്യ'മായാണ് അത് എനിക്ക് അനുഭവപ്പെട്ടത്. ഇനി അവ

ഓരോന്നായി നോക്കാം. ദൈവത്തിനൊഴികെ മറ്റാർക്കും കീഴ്വണങ്ങുകയില്ല; എന്നാൽ മനുഷ്യരെ അർഹമായ വിധത്തിൽ ആദരിക്കേണ്ടതുണ്ട് എന്ന ഇസ്ലാം പഠിപ്പിക്കുന്ന ഉത്തമഗുണം ഞാൻ സന്ധിച്ച ഓരോ മുസ്ലിമിലും കണ്ടു. കഴിഞ്ഞ കാലത്ത് ഞാൻ ബന്ധപ്പെട്ട മുസ്ലിംകളിലും ഈ ഉത്തമ സ്വഭാവം കണ്ടിരുന്നു. ഒരാൾ സമ്പത്തിലോ സ്വാധീനത്തിലോ പാർട്ടിയിലോ സർക്കാർ തലത്തിലോ ഉന്നതനാണെന്നുവെച്ച് ഒരു മുസ്ലിം അയാളുടെ കാല്ക്കൽ വീണു കെഞ്ചി, പല്ലിളിച്ച് പുറംകൈ തടവി നില്ക്കുന്നത് ഞാൻ കണ്ടിട്ടില്ല. വല്ല മുസ്ലിം യുവാവും അബദ്ധത്തിൽ ഇതുപോലുള്ള പ്രവൃത്തിയിലേർപ്പെട്ടാൽ മുസ്ലിം സമുദായം ഒന്നടങ്കം ക്ഷോഭിച്ചെഴുന്നേറ്റ് പ്രതിഷേധം പ്രകടിപ്പിക്കുന്ന സംഭവങ്ങൾ പലതുമുണ്ടായിട്ടുണ്ട്. അതുകണ്ട് ഞാൻ മനം കുളിർക്കെ സന്തോഷിച്ചിട്ടുണ്ട്. മനുഷ്യൻ മനുഷ്യരുടെ കാൽക്കൽ വീഴുന്നത് വിവരക്കേടാണ് എന്നേ ഞാൻ മനസ്സിലാക്കിയിരുന്നുള്ളൂ. എന്നാൽ അത് ദൈവത്തിൽ പങ്ക് ചേർക്കലാണ്; മനുഷ്യൻ ദൈവത്തിന് മാത്രമേ കീഴ്വഴങ്ങാവൂ എന്നതാണ് ഇസ്ലാമിക സങ്കൽപം. ഈ തത്വം ഗംഭീരമായി എന്റെ മനസ്സിൽ തറച്ചു. ആത്മാഭിമാനത്തിന്റെ പ്രശ്നമെന്ന നിലയിൽ എല്ലാ കാലഘട്ടങ്ങളിലും മനസ്സിലാക്കപ്പെട്ടുപോന്ന ഒരുകാര്യം ദൈവസിദ്ധാന്തത്തിന്റെ ഭാഗമായി ഇസ്ലാം പ്രതിഷ്ഠിച്ചിരിക്കുന്നു. അതോടൊപ്പം മറ്റുള്ളവരെ ആദരിക്കുന്ന കാര്യത്തിൽ മുസ്ലിംകൾ മുൻപന്തിയിലാണെന്നു ഞാൻ കണ്ടു. ഒന്നു നോക്കുക, പുഞ്ചിരിക്കുക, വരൂ എന്നു വായാൽ പറയുക. ഈ അളവിലുള്ള 'സ്നേഹപ്രകടന'ങ്ങൾ മാത്രമാണ് ഞാൻ ശീലിച്ചിരുന്നത്. വളരെ ഉയർന്ന മര്യാദ കൈകൂപ്പി കുമ്പിടുക എന്നതായിരുന്നു.

## നിഷ്കളങ്ക സ്നേഹം

പരസ്പരം ശാന്തിയും സമാധാനവും നേരുക, ഹസ്തദാനം ചെയ്യുക, ആലിംഗനം, അതിഥി സൽക്കാരം, ലഘുവായ ആവശ്യങ്ങളിൽ പോലും അപ്പപ്പോഴുള്ള പരസ്പര സഹായം ഇതുപോലുള്ള ഹൃദ്യമായ സ്വഭാവ ഗുണങ്ങൾ ഓരോ മുസ്ലിമിലും ഉള്ളതായി ഞാൻ കണ്ടു. ഏറ്റക്കുറച്ചിലുകളുണ്ടാവുമെങ്കിലും ഈ സദ്ഗുണങ്ങൾ പൊതുവെ എല്ലാവരിലുമുണ്ടായിരുന്നു. ഇസ്ലാമിന്റെ താത്വിക സവിശേഷതകൾ മാത്രമല്ല എന്നെ ആകർഷിച്ചത്; ഞാൻ സന്ധിച്ച ഓരോ മുസ്ലിമും ഓരോവിധത്തിൽ ഇസ്ലാമിനെ പ്രതിനിധീകരിച്ചുകൊണ്ട് എന്നെ ആകർഷിച്ചു എന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. പേരെടുത്തു പറയുകയാണെങ്കിൽ പതിനായിരക്കണക്കിന് വരും. കേരളത്തിലെ മുസ്ലിംകളും അവരിൽ പെടുന്നു.

## ദഅ്വത്ത് നഗറിൽ

ഏതാനും വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ നിന്ന് ഒരു ക്ഷണം കിട്ടി. 'നാൻ കാതലിക്കും ഇസ്ലാം' എന്ന കൃതി 'ഞാൻ സ്നേഹിക്കുന്ന ഇസ്ലാം' എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. കേരളത്തിലെ മലപ്പുറത്ത് (ദഅ്വത്ത് നഗർ) ചേർന്ന ജമാഅത്തെ ഇസ്ലാമിയുടെ സമ്മേളനത്തിൽ ആ കൃതി പ്രകാശനം ചെയ്യേണ്ടതുണ്ടായിരുന്നു. അതിനായിരുന്നു ക്ഷണം. മലപ്പുറത്ത് അങ്ങേയറ്റം ആനന്ദദായകമായ ഒരനുഭവം എന്നെ കാത്തിരുന്നു. അവരുടെ സ്നേഹപ്രകടനവും ആതിഥ്യമര്യാദയും

എന്റെ പ്രതീക്ഷയ്ക്ക് ഉപരിയായിരുന്നു. തമിഴകത്ത് മലയാളികൾക്കു മീതെ ഭീഷണി തൂങ്ങിനിൽക്കുന്ന കാലമായിരുന്നു അത്. മലയാളികളുടെ എല്ലാ പെരുമാറ്റത്തിലും ഒരു 'അകന്നുനില്പ്' ഉള്ളതായാണ് എന്നെപ്പോലുള്ളവർ കരുതിയിരുന്നത്. എന്നാൽ ഇസ്‌ലാമിന്റെ സാർവലൗകികസാഹോദര്യ ബോധം അത്തരം വിഘടന മനോഭാവം കേരള മണ്ണിൽനിന്ന് പൂർണമായും അകറ്റിയതായി കണ്ടു. ഭേദചിന്തയുടെ നേരിയ ഇലയനക്കം പോലുമില്ല. സാഹോദര്യ വികാരത്തിന്റെ സ്വർഗീയാരാമമായിരുന്നു ആ സമ്മേളനം.

ആഡംബര പ്രകടനം, ആകാശവളയങ്ങൾ, കമനീയ തോരണങ്ങൾ, ശബ്ദ കോലാഹലങ്ങൾ; ഞാൻ കണ്ടുപരിചയിച്ച സമ്മേളനങ്ങളുടെ ചിത്രം ഇതായിരുന്നു. എന്നാൽ 'ദഅ്‌വത്ത്നഗർ' വയലിൽ വൈക്കോൽ നിരത്തി അതിനു മീതെ പായവിരിച്ച് സമ്മേളനപ്പന്തലൊരുക്കിയിരിക്കുന്നത് കണ്ട് ഞാനന്തം വിട്ടു. ആരവമില്ലാതെ, ഭംഗിയായി, അച്ചടക്കത്തോടെ നീങ്ങുന്ന സമ്മേളന പ്രതിനിധികളെ കണ്ട് എന്റെ കണ്ണുകൾ വിസ്മയം പൂണ്ടു. സമ്മേളനത്തിനെത്തിയവർ നമസ്കാര സമയമാവുമ്പോൾ തങ്ങളുടെ സാധനസാമഗ്രികൾ അങ്ങനെത്തന്നെ സമ്മേളനപ്പന്തലിൽ വിട്ടേച്ച് 'വുദൂ' ചെയ്യാൻ - അംഗശുദ്ധി വരുത്താൻ - പുറപ്പെടുന്നു! നമസ്കാരത്തിനുള്ള പുറപ്പാടും ഒരു സന്യാസമാണോ? ഇസ്‌ലാമിൽ സന്യാസമില്ല എന്നു ഞാൻ മനസ്സിലാക്കിയിരുന്നു. ഇവിടെ നമസ്കാരത്തിനുള്ള ബാങ്കൊലി മുഴങ്ങുന്നതോടെ സാധനങ്ങളെല്ലാം വിട്ടേച്ചു പോകുന്ന ദൃശ്യം എന്റെ അന്തരംഗത്ത് ആനന്ദാതിരേകമുളവാക്കി. ദൈവത്തിനു മുമ്പിൽ എല്ലാം പരിത്യജിക്കുന്നവർ എന്ന് എന്റെ ഹൃദയം മന്ത്രിച്ചുകൊണ്ടിരുന്നു.

ഈ പശ്ചാത്തലത്തിലാണ് ഞാൻ ആ സമ്മേളനത്തിൽ പ്രസംഗിക്കേണ്ടിയിരുന്നത്. അതിനുവേണ്ടി ഇസ്‌ലാമിക ഗ്രന്ഥങ്ങൾ ആഴത്തിൽ പഠിക്കേണ്ടതുണ്ടായിരുന്നു. ഇസ്‌ലാമിക ഗ്രന്ഥങ്ങൾ വായിക്കുംതോറും 'ജ്ഞാനവെളിച്ചം' വ്യാപിക്കുന്നത് എനിക്ക് കാണാനായി. സമ്മേളനത്തിൽ പ്രസംഗിച്ചപ്പോഴും പഴയ അനുഭവംതന്നെ ആവർത്തിച്ചു. പ്രസംഗിച്ചു കഴിഞ്ഞപ്പോൾ 'ഇനിയും ഏറെ പറയാനുണ്ടല്ലോ' എന്ന തോന്നൽ! ഇസ്‌ലാമിനെക്കുറിച്ച് പൂർണമായും പ്രസംഗിക്കാനായില്ല. എന്റെ വിജ്ഞാനഗർവ് ഇസ്‌ലാമിന്റെ മുമ്പിൽ വീണ്ടും തലകുനിച്ചു.

## 6. വിദേശങ്ങളിലെ അനുഭവം

പാക്കിസ്ഥാനിൽനിന്നുള്ള ക്ഷണം വന്നപ്പോൾ ഞാൻ മധുര ജയിലിലായിരുന്നു. 'ഞാൻ സ്നേഹിക്കുന്ന ഇസ്‌ലാം' പാക്കിസ്ഥാനിലെ സിന്ധി ഭാഷയിൽ വിവർത്തനം ചെയ്യപ്പെട്ടിരുന്നു. ലോക സിന്ധി സമ്മേളനത്തിൽ അത് പ്രകാശനം ചെയ്യേണ്ടതുണ്ടായിരുന്നു. കറാച്ചിയിൽ നടക്കാനിരുന്ന ആ സമ്മേളനത്തിലേക്കായിരുന്നു ക്ഷണം. ഡൽഹി വഴി എയർബസിൽ കറാച്ചിയിൽ എത്തുമ്പോൾ 'ബന്ധം സുഖകരമല്ലാത്ത ഒരു രാജ്യ'ത്തേക്ക് പ്രവേശിക്കുന്നതായാണ് ഞാൻ കരുതിയത്. എന്നാൽ അസദുല്ലാ ഭൂട്ടോയെപ്പോലുള്ള

സുഹൃത്തുക്കളുമായി ഇടപഴകിയപ്പോൾ രാഷ്ട്രീയ ബന്ധങ്ങൾക്കുപരിയായി സ്നേഹമസൃണമായ ഇസ്ലാമിക ബന്ധം ഒന്നുള്ളതായി അനുഭവപ്പെട്ടു. രാജ്യാതിർത്തികൾ, വിസകൾ ഇവയെല്ലാം അതിജയിക്കുന്ന വിശ്വസാഹോദര്യത്തിന്റെ ഒരു തുള്ളി അമൃതാണ് ഞാൻ അവിടെ വെച്ച് നുകർന്നത്. പാക്കിസ്ഥാനിൽ ചെല്ലുമ്പോൾ ഞാൻ ഔപചാരികമായി ഇസ്ലാം ആശ്ലേഷിച്ചിരുന്നില്ല. എന്നിട്ടും പാക്കിസ്ഥാനിലെ മുസ്‌ലിം സഹോദരൻമാർ ഊഷ്മളമായ സ്നേഹവും സാഹോദര്യവുമാണ് എന്നോട് പ്രകടിപ്പിച്ചത്. കറാച്ചിയിലെ ഒരു പഞ്ചനക്ഷത്ര ഹോട്ടലിലായിരുന്നു സിന്ധി ഭാഷാ സമ്മേളനം. സമ്മേളനമണ്ഡപത്തിൽ പ്രവേശിച്ചപ്പോൾ, തമിഴ് രീതിയിലുള്ള എന്റെ വസ്ത്രധാരണം കാരണം എല്ലാവരുടെയും ശ്രദ്ധ എന്നിൽ പതിഞ്ഞു. തീരെ പരിചയമില്ലാത്തവർപോലും 'അസ്സലാമു അലൈക്കും' എന്ന് അഭിവാദ്യംചെയ്ത് സ്വയം പരിചയപ്പെടുത്തി. സലാം പറയുന്നതിൽ മികച്ചു നില്ക്കുക എന്ന ഇസ്ലാമിന്റെ ഉപദേശം പാലിക്കാൻ അവർ തിടുക്കം കൂട്ടുകയുണ്ടായി.

എന്റെ കൃതിയോടൊപ്പം വേറെയും കുറെ കൃതികൾ പ്രകാശനം ചെയ്യുകയുണ്ടായി. ഞാൻ പ്രസംഗിക്കേണ്ട സന്ദർഭം വന്നപ്പോഴാണ് പാക്കിസ്ഥാൻ പ്രസിഡണ്ട് സിയാഉൽ ഹഖിനെ സ്റ്റേജിൽ സന്ധിക്കാനിടയായത്. അദ്ദേഹത്തെക്കുറിച്ച് ഭീകര വർണനകൾ മാത്രമെ ഞാൻ കേട്ടിരുന്നുള്ളൂ. പക്ഷേ, സ്റ്റേജിൽ അദ്ദേഹത്തിന്റെ പെരുമാറ്റം ഒരു യഥാർത്ഥ മുസ്‌ലിമിന്റേതുപോലെതന്നെയായിരുന്നു. സിന്ധി ഭാഷക്കാരുടെ ആഭിമുഖ്യത്തിൽ എന്നെ പൊന്നാട(അശ്റക്) അണിയിക്കുകയും തൊപ്പിയിട്ട് തരികയും ചെയ്തു. സ്മരണക്കായി ഒരു ഉപഹാരവും തന്നു. തമിഴിൽ തന്നെയാണ് ഞാൻ പ്രസംഗിച്ചത്. ഇസ്ലാമികാദർശവും തമിഴ്നാടും തമ്മിലുള്ള ബന്ധം ഞാനെടുത്തു പറഞ്ഞു. സിന്ധി ഭാഷയും തമിഴും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ഞാൻ സൂചിപ്പിച്ചു. തമിഴകത്ത് നിന്ന് എന്റെ കൂടെ വന്ന ജമീൽ അഹ്മദ് സാഹിബ് പ്രസംഗം മൊഴിമാറ്റി.

കറാച്ചി സമ്മേളനത്തിന്റെ രണ്ടുമൂന്നു ദിവസങ്ങൾക്കുശേഷം എന്റെ പാക്കിസ്ഥാൻ പര്യടനം അവസാനിക്കേണ്ടതായിരുന്നു. കുറച്ച് ദിവസങ്ങൾകൂടി പാക്കിസ്ഥാനിൽ പര്യടനം നടത്താനുള്ള എന്റെ ആഗ്രഹം ഞാൻ പ്രകടിപ്പിച്ചു. അപ്പോൾ പ്രസിഡണ്ട് സിയാഉൽ ഹഖ് അദ്ദേഹത്തിന്റെ അതിഥിയായി പര്യടനം തുടർന്നുകൊള്ളാൻ സ്റ്റേജിൽ തന്നെ പ്രഖ്യാപിച്ചു. അങ്ങനെ കറാച്ചിയിൽ നിന്ന് തുടങ്ങി ലാഹോർ, പെഷവാർ, ഇസ്ലാമാബാദ് (തലസ്ഥാനം), ക്വറ്റ, ഹൈദരാബാദ്, ചക്കർ, മോഹൻജദാരോ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു. സ്ഥലങ്ങൾ സന്ദർശിച്ചതിനേക്കാളേറെ ഇസ്ലാമിക ഹൃദയങ്ങളെ പരതുകയാണ് പാക്കിസ്ഥാനിൽ ഞാൻ ചെയ്തത്. എല്ലായിടങ്ങളിലും അത്തരത്തിലുള്ള നല്ല ഹൃദയങ്ങൾ നിറഞ്ഞിരിക്കുന്നത് ഞാൻ കണ്ടു. ഓരോ മുസ്‌ലിമും ഓരോ ഇസ്ലാമിക സ്വഭാവം പ്രഖ്യാപിക്കുന്നതായി - പ്രയോഗവൽക്കരിക്കുന്നതായി - കാണപ്പെട്ടു.

## ഇസ്ലാമാശ്ലേഷം ത്വരിപ്പിച്ച ചോദ്യം

പാക്കിസ്ഥാനിൽ എത്തിയതുമുതൽ തിരിച്ചു യാത്രപുറപ്പെടുന്നതുവരെ ഓരോ യോഗത്തിലും സന്ദർഭങ്ങളിലും പ്രതിധ്വനിച്ചത് ഒരേ ചോദ്യമായി

രുന്നു: ഇസ്‌ലാമിനെക്കുറിച്ച് ഇത്രയൊക്കെ പ്രസംഗിക്കുന്ന താങ്കൾ എന്തു കൊണ്ടാണ് ഇസ്‌ലാമാശ്ലേഷിക്കാത്തത്? ഹൈദരാബാദിൽ ചേർന്ന ഒരു യോഗത്തിൽ പ്രസംഗിച്ച് ഇറങ്ങിവരുമ്പോൾ ഒരു വൃദ്ധൻ എന്നെ കെട്ടിപ്പുണർന്നു. അദ്ദേഹത്തിന്റെ വാർധക്യം ആ കൈവിറയലിൽ അനുഭവപ്പെട്ടു. മറ്റൊരു രീതിയിൽ അദ്ദേഹത്തിനും ചോദിക്കാനുണ്ടായിരുന്നത് അതേ ചോദ്യമാണ്: എപ്പോഴാണ് നാം മരിക്കുക എന്ന് നമുക്കറിയില്ല; അതിനുമുമ്പായി നാം സന്മാർഗം സ്വീകരിക്കേണ്ടതില്ലേ? അതിനു ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്; നിങ്ങളും ദൈവത്തോട് പ്രാർഥിക്കുക എന്നു ഞാൻ മറുപടി നല്കി. പാക്കിസ്ഥാൻ യാത്രയിൽ കണ്ടതും കേട്ടതുമായ കാര്യങ്ങൾ ഇവിടെ വിവരിക്കാനുദ്ദേശ്യമില്ല. അവ സാധാരണ വിഷയങ്ങളാണ്. എന്നെ വഹിപ്പിച്ച ഈ ചോദ്യച്ചുമടാണ് പാക്കിസ്ഥാൻ പര്യടനത്തിന്റെ പ്രയോജനമായി എനിക്കനുഭവപ്പെട്ടത്. പാക്കിസ്ഥാനിൽ നിന്ന് തിരിക്കുന്നതിനുമുമ്പായി 'ഡോൺ' എന്ന ഇംഗ്ലീഷ് പത്രത്തിന് അനുവദിച്ച അഭിമുഖത്തിൽ എന്റെ മനോഗതി ഞാൻ വെളിപ്പെടുത്തുകയുണ്ടായി. ഇസ്‌ലാമിക മാർഗത്തിൽ പ്രവേശിക്കുന്നതിനുവേണ്ടി ഞാൻ എന്നെ ശുദ്ധീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ശുദ്ധീകരണത്തിന്റെ അന്ത്യഘട്ടത്തിലാണ്.

തമിഴ്നാട്ടിൽ തിരിച്ചെത്തിയശേഷം മുസ്‌ലിംകൾ നടത്തിയ നബിദിനാഘോഷങ്ങളിൽ കൂടുതലായി സംബന്ധിച്ചുപോന്നു. യോഗങ്ങളിൽ പ്രസംഗിക്കാൻ ധാരാളം വായിക്കേണ്ടതുണ്ടായിരുന്നു. വായനയും പ്രസംഗവും കൊണ്ടു നിറുത്താതെ അവ പുസ്തകങ്ങളായി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതോടൊപ്പം മറ്റൊരു ജോലിയും വന്നുചേർന്നു. ഇസ്‌ലാമിനെ സംബന്ധിച്ച് ഹൈന്ദവ - ക്രൈസ്തവ സുഹൃത്തുക്കൾ വീട്ടിൽ വന്നു പല ചോദ്യങ്ങളുമുന്നയിച്ചു; സംവാദം നടത്തി. അത്തരം സംവാദങ്ങൾ പലരെയും ഇസ്‌ലാമിന്റെ അഭ്യുദയകാംക്ഷികളാക്കി മാറ്റുകയുണ്ടായി.

## രണ്ട് ലോകങ്ങൾ

അടുത്ത വിദേശയാത്ര, മലേഷ്യ, സിങ്കപ്പൂർ തുടങ്ങിയ രാജ്യങ്ങളിലേക്കായിരുന്നു. ആ നാടുകളിലും മുസ്‌ലിം സുഹൃത്തുക്കളിൽ പലരും ഇസ്‌ലാമിക ഹൃദയങ്ങളുടെ അഴകാർന്ന ദൃശ്യങ്ങൾ കാഴ്ചവെച്ചു. അവരുടെ അന്തസ്സുറ്റ പെരുമാറ്റം, ഞാൻ പാരായണം ചെയ്ത ഇസ്‌ലാമിക തത്വങ്ങളുടെ നിദർശനമായിരുന്നു. ഇസ്‌ലാമിനെ സംബന്ധിച്ച പഠനം വ്യാകരണമാണെങ്കിൽ അവരുടെ പെരുമാറ്റം സാഹിത്യമായിരുന്നു. സിങ്കപ്പൂർ - മലേഷ്യാ യാത്രയിലാണ് രണ്ടു വ്യത്യസ്ത ലോകങ്ങളുമായി സന്ധിക്കാൻ അവസരമുണ്ടായത്. സിങ്കപ്പൂരിൽ മുഴുക്കെ ഞാൻ മുസ്‌ലിംകളോടൊപ്പമായിരുന്നു. മലേഷ്യയിൽ വിവിധ സമൂഹങ്ങളുമായി സഹവസിച്ചു. ഇതിലൂടെ രണ്ടും തമ്മിലുള്ള അന്തരം എനിക്ക് ബോധ്യമായി. മുസ്‌ലിംകൾക്കിടയിലായിരുന്നപ്പോൾ മനോഹര പൂന്തോട്ടത്തിൽ ഉലാത്തുന്നതുപോലെയായിരുന്നു. മറ്റുള്ളവരുടെ കൂടെയായിരുന്നപ്പോൾ അവിടവിടെ ഒറ്റപ്പെട്ട പൂക്കളുള്ള ഒരു പെരുവഴിയിലൂടെ നടക്കുന്നതുപോലെയായിരുന്നു. ഈ പശ്ചാത്തലത്തിലാണ് സിങ്കപ്പൂരിൽ വെച്ചു ഞാൻ ഉച്ചൈസ്തരം ഉദ്ഘോഷിച്ചത്. "എന്റെ ഇസ്‌ലാമാശ്ലേഷം ഇപ്പോൾ, ഗർഭാവസ്ഥയിലാണ്. പ്രസവമടുത്ത ഒരു ഗർഭിണിയുടെ നിലയിലാണ് ഞാനു

ള്ളത്. വൈകാതെ പ്രസവം നടക്കും.”

## ഇസ്‌ലാം സ്വീകരണം

തമിഴ്നാട്ടിൽ തിരിച്ചെത്തിയതു മുതൽ ഇസ്‌ലാമിനെ മാത്രം ലക്ഷ്യമാക്കി എന്റെ വണ്ടി ഓടിക്കാൻ ഞാൻ ശ്രദ്ധിച്ചു. എന്റെ ഇസ്‌ലാമാശ്ലേഷത്തിനു മുമ്പ് ഒരു സംഭവമുണ്ടായി. ‘ഞാൻ സ്നേഹിക്കുന്ന ഇസ്‌ലാമി’ന്റെ ഹിന്ദി പതിപ്പ് വായിച്ചു ഒരു ഉത്തരേന്ത്യക്കാരൻ ഇസ്‌ലാം സ്വീകരിച്ചിരുന്നു. പല നാടുകളും സന്ദർശിച്ച ശേഷം അദ്ദേഹം എന്നെ കാണാൻ വന്നു. കണ്ട ഉടനെ അദ്ദേഹം ചോദിച്ചു: ഞങ്ങളെയെല്ലാം ഇസ്‌ലാമിലേക്ക് ആകർഷിക്കാൻ പോന്ന വിധം ഗ്രന്ഥം രചിക്കുന്ന താങ്കൾ എന്തുകൊണ്ടാണ് ഇനിയും ഇസ്‌ലാമാശ്ലേഷിക്കാത്തത്? ഒരു ചോദ്യമായല്ല ഇതെനിക്കനുഭവപ്പെട്ടത്; ഹൃദയത്തിൽ ആഞ്ഞുതറച്ച ഒരു മുള്ളുപോലെയാണ്. ദിനേന ഈ ചോദ്യം ഞാൻ നേരിട്ടുകൊണ്ടിരുന്നു. അങ്ങനെ എന്റെ ഹൃദയം ഒരു മുള്ളിൻകൂടായി മാറി. ആ വേദനയോടെ ഒരു രാത്രി ഞാൻ ഉറങ്ങാൻ കിടന്നു. ഞാൻ വിശുദ്ധവാക്യമുരുവിട്ട് ഇസ്‌ലാമാശ്ലേഷിക്കുന്നതായി എനിക്ക് സ്വപ്നദർശനമുണ്ടായി. അടുത്ത ദിവസം 1987 ജൂൺ ആറിന് ചെന്നൈ ‘മഅ്മൂർ മസ്ജിദി’ൽ വെച്ച് ഞാൻ ദൈവികമാർഗത്തിൽ ചേർന്നു. അബ്ദുല്ല എന്ന പേർ സ്വീകരിച്ചു. ഇത്രയും കാര്യങ്ങൾ മാത്രമാണ് എന്നെ ഇസ്‌ലാമിലേക്ക് ആകർഷിച്ചതെന്ന് പറയാൻ കഴിയില്ല. ഇസ്‌ലാമിലെ ഏതെല്ലാം തത്വങ്ങളും അനുഷ്ഠാനമുറകളുമാണ് എന്നെ ആ മതത്തിലേക്ക് ആകർഷിച്ചതെന്ന് തുടർന്നു വായിക്കാം.

# 7. ഏകദൈവാദർശം

ഇസ്‌ലാം എന്നെ ആകർഷിച്ചതിന് പല കാരണങ്ങളുമുണ്ട്. ഒന്നാമത്തേത് ഏകദൈവ സിദ്ധാന്തം (തൗഹീദ്) തന്നെ. നാസ്തികരും യുക്തിവാദികളുമായിരുന്ന ദ്രാവിഡ നേതാക്കൾ ബഹുദൈവ സിദ്ധാന്തത്തെ കടന്നാക്രമിച്ചുകൊണ്ടിരുന്നു. ദൈവങ്ങളുടെ മേൽ കെട്ടിച്ചമയ്ക്കപ്പെട്ട കഥകളെ അവർ പരിഹസിച്ചു. ‘ഒന്നേ കുലം ഒരുവനേ ദേവൻ’ എന്ന ആശയം യുക്തിവാദി നേതാക്കൾക്കിടയിൽ ആദ്യമായി മുഴക്കിയത് അണ്ണാദുരെയാണ്. ഈ ആശയം പൂർണമായും എനിക്ക് സ്വീകാരയോഗ്യമായി തോന്നി. നിരീശ്വരത്വവും യുക്തിവാദവും, പ്രപഞ്ചത്തിന്റെയും അഖിലചരാചരങ്ങളുടെയും ചലനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നത് വരെയും എനിക്ക് ഹൃദ്യമായും വെളിച്ചമായും അനുഭവപ്പെട്ടു.

ഗോളങ്ങളുടെ ഉദ്ഭവം എവിടന്നാണ്; ചലനം എങ്ങനെ? വ്യവസ്ഥാപിതമായി അവ കറങ്ങുന്നതിന്റെ പൊരുളെന്ത്? ഗോളങ്ങൾക്കപ്പുറം എന്താണുള്ളത്? ഇതുപോലുള്ള ആയിരം ചോദ്യങ്ങളുയർന്നപ്പോൾ നാസ്തികരും യുക്തിവാദികളും ശാസ്ത്രജ്ഞരെ അഭയം പ്രാപിച്ചു. പക്ഷേ, ആ ശാസ്ത്രജ്ഞൻമാരുടെ സ്ഥിതിയോ? ആദ്യം തെറ്റായ സിദ്ധാന്തങ്ങൾ അവതരിപ്പിക്കുകയും പിന്നീട് അവ നിഷേധിക്കുകയും ചെയ്തവരായിരുന്നു. ഭൂമി ഉരുണ്ടതല്ല എന്ന് ഒരിക്കൽ പറഞ്ഞു. പിന്നീട് ഭൂമി ഉരുണ്ടതാണെന്ന് കണ്ടുപിടിച്ചു. സൂര്യൻ ഭൂമിയെ പ്രദക്ഷിണം വെയ്ക്കുന്നുവെന്നാണ് മഹാശാസ്ത്രജ്ഞന്മാർ വരെ കരുതിയിരുന്നത്. ന്യൂട്ടൻ പോലും അണുവിനെ വിഭജിക്കാൻ സാധ്യമല്ലെ

ന്നാണ് പറഞ്ഞിരുന്നത്.

## നാസ്തിക സിദ്ധാന്തത്തിന്റെ ദൗർബല്യം

ദൈവമാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചതെന്ന് പറയുമ്പോൾ, നാസ്തികർ പതിവായി ചോദിക്കാറുണ്ട് "നീ കണ്ടോ" എന്ന്. എന്നാൽ അവർ വിശ്വാസമർപ്പിച്ച ശാസ്ത്രജ്ഞൻമാർ പറയുന്ന കഥകൾ വായിക്കുമ്പോഴും ഇതേ ചോദ്യം പ്രസക്തമാണ്. സൂര്യനിൽനിന്ന് ഭൂമി പിറന്നു; ഭൂമിയിൽ നിന്ന് ചന്ദ്രൻ പിളർന്നു! ആദ്യം മഴ! പിന്നീട് പാറകൾ! മണ്ണ്! അണു, ജീവൻ, അതിൽനിന്ന് പരിണമിച്ച് പരിണമിച്ച് കുരങ്ങ്! കുരങ്ങിൽനിന്ന് മനുഷ്യൻ. ഇതു കേൾക്കുമ്പോൾ "നിങ്ങൾ കണ്ടോ" എന്ന ചോദ്യം ന്യായമാണ്. സൂര്യനിൽനിന്നാണ് ഭൂമി പിറന്നതെങ്കിൽ, മനുഷ്യാരംഭം മുതൽ ഇന്നോളം മറ്റൊരു ഭൂമി സൂര്യനിൽനിന്ന് പൊട്ടിത്തെറിക്കാത്തതെന്തുകൊണ്ടാണ്? ഭൂമിയിൽ ഒരു അണു പരിണമിച്ച് കുരങ്ങാവുകയും വീണ്ടും പരിണമിച്ച് മനുഷ്യനാവുകയും ചെയ്തതുപോലെ മനുഷ്യനിൽ നിന്ന് വേറെ ജീവിവർഗങ്ങൾ ഇതുവരെ ഉദ്ഭവിക്കാതിരുന്നതെന്തുകൊണ്ട്? ഭാവിയിൽ ഉദ്ഭവിക്കുമോ? ഇതുപോലുള്ള ആയിരം ചോദ്യങ്ങൾ ചുറ്റിവരിയുമ്പോൾ നാസ്തികർ പതറുന്നത് ഞാൻ കണ്ടിട്ടുണ്ട്.

നാസ്തികർ വിശ്വാസമർപ്പിച്ച ശാസ്ത്രജ്ഞന്മാരിൽ പലരും ദൈവവിശ്വാസികളായിരുന്നു എന്നത് കൂടുതൽ കൗതുകകരമാണ്. അഖിലപ്രപഞ്ചത്തെ അടക്കിഭരിക്കുന്ന ഒരു മഹാശക്തിയുണ്ടെന്ന തീരുമാനത്തിലെത്താൻ എന്നെപ്പോലുള്ളവർ നിർബന്ധിതരാവുന്നു. അണ്ഡകടാഹങ്ങളെ വിടുക. നാം ജീവിക്കുന്ന ഈ ഭൂമിയുടെ ഘടന, ഋതുഭേദം, ജീവജാലങ്ങളുടെ സംവിധാനം തുടങ്ങിയവയിൽ ഒരു സുന്ദരമായ നിയമവും ക്രമവുമുള്ളതായികാണുന്നു. ഇതെന്തുകൊണ്ടാണ് എന്നുചോദിച്ചപ്പോൾ നാസ്തികർ 'പ്രകൃതി' എന്നു ലളിതമായി മറുപടി പറഞ്ഞൊഴിയുന്നു. പ്രകൃതി (Nature) എന്നതിന്റെ ശരിയായ അർഥം അസ്ഥിരമായത് എന്നല്ല; നിലനിൽക്കുന്നത് - മാറ്റമില്ലാതെ തുടരുന്നത് - എന്നാണ്. അതിനാൽ നിലനിൽക്കേണ്ടിയിരുന്ന പല ജീവജാലങ്ങളും സ്ഥാപനങ്ങളും നശിച്ചുപോയതെന്തുകൊണ്ടാണ്? അർഹതയുള്ളത് സ്വയം അതിജീവിക്കും എന്ന് നാസ്തികശാസ്ത്രജ്ഞന്മാർ (ഡാർവിനെപ്പോലുള്ളവർ) പറയുന്നു. പക്ഷേ, നശിച്ചുപോയവയുടെ ചരിത്രം പരിശോധിച്ചാൽ, അവയിൽ പലതും ഇപ്പോൾ ജീവിച്ചിരിക്കുന്നവയെപ്പോലെ തന്നെയായിരുന്നുവെന്ന് കാണാം.

ഇതിനെക്കാൾ രസകരം, പുലികൾക്ക് ഇരയാവുന്ന മാനുകളും മാനുകളെ വേട്ടയാടുന്ന പുലികളും വംശനാശത്തെ നേരിടുന്നു എന്നതാണ്. മനുഷ്യൻ തനിക്ക് അടിമകളായിരിക്കുന്ന ജീവജാലങ്ങളെ സംരക്ഷിച്ചും ശത്രുത പുലർത്തുന്നവയെ സംഹരിച്ചുകൊണ്ടുമിരിക്കുന്ന പ്രവൃത്തിതന്നെ 'അർഹതയുള്ളത് സ്വയം അതിജീവിക്കും' എന്ന നാസ്തികസിദ്ധാന്തത്തിന്റെ ബലഹീനതക്ക് ദൃഷ്ടാന്തമാണ്. ഇതുപോലെ നിരവധി നാസ്തികസിദ്ധാന്തങ്ങൾ എന്റെയുള്ളിൽ മരിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് ഞാൻ ബോധവാനായി. അറിവ് വളരുംതോറും മനുഷ്യൻ നാസ്തികനായിക്കൊണ്ടിരിക്കും എന്ന വാദം പൊള്ളയാണ്. സൂക്ഷ്മമായ അറിവ് ലഭിച്ചാൽ നാസ്തികസി

ഢാന്തം മരണമടയും എന്നതാണ് ശരി.

## ബഹുദൈവത്വം ചീഞ്ഞ വിത്ത്

തുടർന്ന് ആസ്തികർ എന്നവകാശപ്പെടുന്നവരെ നോക്കാം. അവർ നാസ്തികർക്കെതിരായി വാദിക്കുമ്പോൾ, "അടക്കിഭരിക്കുന്ന ഒരു ശക്തിയുണ്ടല്ലോ" എന്നു ഭംഗിയായി വാദിക്കും. 'അതെ' എന്നു സമ്മതിച്ചാൽ പിന്നീടെന്താണ് നടക്കുക എന്നറിയാമോ? മുമ്മൂന്ന് ദൈവങ്ങൾ! നന്നാല് ഈശ്വരന്മാർ! എന്നിങ്ങനെ പെരുക്കി ലോകജനസംഖ്യയെക്കാളും ദൈവങ്ങളുടെ എണ്ണം വർധിപ്പിക്കും. മനുഷ്യൻ, മൃഗങ്ങൾ, പക്ഷികൾ ജീവനുള്ളതും ഇല്ലാത്തതും എല്ലാം ദൈവങ്ങൾ!! തുടർന്ന് ഏതാണ് വലിയ ദൈവം എന്ന വിഷയത്തിൽ ഘോരസംഘട്ടനമായി. അങ്ങനെ തങ്ങളുടെ ഇഷ്ടദൈവത്തിന് മഹത്വം വർധിപ്പിക്കാൻ കഥകളും പുരാണങ്ങളും ചമയ്ക്കുന്നു. ഇതിന്റെ മറ്റൊരു വിപത്താണ് തങ്ങളുടെ ദൈവങ്ങളെ ഉയർത്താൻ മറ്റുള്ളവരുടെ ദൈവങ്ങളുടെ മേൽ നീചമായ കഥകൾ ചമയ്ക്കൽ. ഈ വ്യാജകഥകളുടെ പരിണതി എന്താണെന്നോ? ദൈവവിശ്വാസം തന്നെ കള്ളക്കഥയായി മാറുന്നു. ബഹുദൈവവിശ്വാസത്തിൽ ദൈവവിശ്വാസത്തെതന്നെ നശിപ്പിക്കാൻപോന്ന 'ചീഞ്ഞ വിത്തു'കളുണ്ട് എന്ന് ഇതിലൂടെ മനസ്സിലാക്കാം.

എന്നാൽ ഇസ്ലാമിൽ ഒരേയൊരു ദൈവം എന്ന ആശയം തന്നെ ഗംഭീരമായി തലയുയർത്തിനിൽക്കുന്നു. ഏകദൈവത്തിനു സമമായോ പങ്കാളിയായോ വേറെയൊരു ശക്തിയുമില്ല എന്ന് ഇസ്ലാം തീർത്ത് പ്രഖ്യാപിക്കുന്നു. ഏകദൈവത്തിനു തുല്യമായി ഏതെങ്കിലും വസ്തുക്കളെയോ വ്യക്തികളെയോ സങ്കൽപിച്ച് അവക്ക് വഴിപ്പെട്ടാൽ, അങ്ങനെ വഴിപ്പെടുന്നവർ നിഷേധികളും അവിശ്വാസികളുമാണ്, ഇസ്ലാമിന്റെ ദൃഷ്ടിയിൽ.

# 8. ലാ ഇലാഹ ഇല്ലല്ലാഹ്

"ലാ ഇലാഹ ഇല്ലല്ലാഹ്" - അല്ലാഹുവിനെ കൂടാതെ വേറെ ദൈവമില്ല- എന്ന് പ്രഖ്യാപിക്കുന്നു ഇസ്ലാം. ഈ സത്യവാചകത്തിന് രണ്ട് അംശങ്ങളുണ്ട്. ഒന്ന്, ബഹുദൈവാരാധനയെ ഇത് നിരാകരിക്കുന്നു. രണ്ട്, ഏകദൈവാരാധനയെ സ്ഥിരീകരിക്കുന്നു. ഇനിയും ആഴത്തിൽ ചിന്തിച്ചാൽ, 'ലാ ഇലാഹ' എന്നതിന്റെ പൊരുൾ വേറെ ദൈവങ്ങൾ ഇല്ല എന്നു മാത്രമല്ല; ഏകദൈവമൊഴികെ വേറെ ഒരു ഉന്നത ശക്തിയുമില്ല എന്നുമാണ്. അഗ്നി, കാറ്റ്, വെള്ളം തുടങ്ങിയ ശക്തികളായാലും; ഭരണകൂടം, നിയമം, സൈന്യം, പോലീസ് തുടങ്ങിയ ശക്തികളാണെങ്കിലും വാൾ, വില്ല്, അമ്പ്, തോക്ക്, ബോംബ്, അണുബോംബ് തുടങ്ങിയ മരണം വിതക്കുന്ന ശക്തികളായാലും; ആധുനികയന്ത്രങ്ങളായാലും; വിജ്ഞാനം, പ്രശസ്തി, സ്വാധീനം, വിദ്യാഭ്യാസം തുടങ്ങി പ്രപഞ്ചത്തിൽ കാണപ്പെടുന്ന ഒരു ശക്തിയും യഥാർഥശക്തിയല്ല. പരമമായ ശക്തിയല്ല; ഏകദൈവമാണ് പരമശക്തി എന്ന് ഈ സത്യവാചകം പ്രഖ്യാപിക്കുന്നു. അഗ്നി, കാറ്റ്, വെള്ളം തുടങ്ങിയ ശക്തികൾ അതിരുകവിയുമ്പോൾ വൻശക്തികളാണെന്ന് തോന്നും. പക്ഷേ, അവയ്ക്ക് അണയുക, അടങ്ങുക, വറ്റുക എന്നീ മരണങ്ങൾ ഉണ്ട്. മരണമടയുന്നവക്ക് മഹാശക്തികളാവാൻ സാധ്യമല്ല.

ഭരണം, നിയമം, പോലീസ് പോലുള്ളവ ജനങ്ങളെ ക്രമീകരിക്കുന്ന ശക്തികളായി മുന്നോട്ടു പോകുമ്പോൾ കുഴപ്പമില്ലാതെ നീങ്ങുന്നു. മർദകശക്തികളായപ്പോൾ അവ ധൂളികളായിമാറിയ സംഭവങ്ങൾ ചരിത്രം എടുത്തോതുന്നു. ഛിന്നഭിന്നമായിപ്പോകുന്നവ അവലംബിക്കാവുന്ന ശക്തികളാവാൻ പാടില്ല. വാൾ, വില്ല്, അമ്പ്, തോക്ക് അണുബോംബ് തുടങ്ങിയ ആയുധങ്ങൾ മരണം വിതയ്ക്കുന്ന ശക്തികൾ തന്നെ. പക്ഷേ, ഈ ആയുധങ്ങളെല്ലാം നിരായുധരായ ജനങ്ങളുടെ മുമ്പിൽ നിഷ്ക്രിയമായതായി ചരിത്രം പറഞ്ഞു തരുന്നു. നിഷ്ക്രിയമായിപ്പോകുന്നവ മഹാ ശക്തിയാകാൻ യോഗ്യമല്ല.

ആളും അർഥവും ആയുധങ്ങളും കൈവശമുണ്ടായിരുന്ന സാമ്രാജ്യങ്ങളും ഭരണകൂടങ്ങളും ഇമവെട്ടുന്ന നേരംകൊണ്ട് തകർന്നു തരിപ്പണമായിട്ടുണ്ട്. ആ ഭരണകൂടങ്ങളുടെ സ്മാരകങ്ങളായി അരമനയുടെ കുട്ടിച്ചുവരുകളും നഷ്ടാവശിഷ്ടങ്ങളും ഇന്നും കാണാം. നശിച്ചുപോകുന്നവ ദൈവമാകാൻ പറ്റുകയില്ല. ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ വളരെ വലിയ ശക്തിയായി തോന്നപ്പെടാമെങ്കിലും അവയുടെ പരാജയങ്ങളും നിശ്ചലാവസ്ഥയും അവയ്ക്കുപരിയായി ഒരു ശക്തിയുണ്ടെന്ന് ഉണർത്തുന്നു. പരാജയങ്ങൾ വൻശക്തികൾക്ക് ഭൂഷണമല്ല. വിദ്യാഭ്യാസവും വിജ്ഞാനവും ഒരു ശക്തിയായി തോന്നാം. എന്നാൽ പല വിദ്യാഭ്യാസ വിചക്ഷണരും വിജ്ഞാനപടുക്കളും അവരുടെ അജ്ഞതയുടെ പേരിൽ പിൽക്കാലത്ത് അവഹേളനാപാത്രമായിട്ടുണ്ട്. ചിലർക്ക് ജീവിതകാലത്തുതന്നെ പ്രശസ്തിയും സ്വാധീനവും വിനഷ്ടമായതായും, പലർക്കും മരണാനന്തരം ഊനംതട്ടിയതായും കാണാം. അതുകൊണ്ട് ലോകത്ത് കാണപ്പെടുന്ന ഒരു ശക്തിയും പൂർണമല്ല; അപൂർണമാണ്; അവയൊന്നും യഥാർഥ ശക്തികളല്ലെന്ന് 'ലാ ഇലാഹ ഇല്ലല്ലാ' എന്ന സത്യവാചകം വ്യക്തമാക്കുന്നു. ഈ സത്യവാചകം അതിന്റെ മുഴുവൻ അർഥത്തോടും പൂർണവിശ്വാസത്തോടും കൂടി ഞാനുച്ചരിച്ചപ്പോൾ എനിക്കുള്ളിൽ രണ്ടു ഫലങ്ങളുളവായി; ഓരോ നിമിഷവും ഭൗതികശക്തികളെ ഭയന്ന് നടുങ്ങിയിരുന്ന എന്റെ ഹൃദയത്തിൽനിന്ന് ഈ സത്യവാചകം അത്തരം ഭയപ്പാടുകളെയെല്ലാം തുടച്ചുനീക്കി. അതോടൊപ്പം മറ്റൊരു ഭയം മനസ്സിലുണ്ടാക്കി! ദൈവഭയം. അങ്ങനെ അല്ലാഹുവിനെ മാത്രം ഭയപ്പെട്ട് അവന് കീഴ്പ്പെടാൻ ഞാൻ സന്നദ്ധനായി.

## 9. മുഹമ്മദുർറസൂലുല്ലാഹ്

സത്യവാചകത്തിന്റെ രണ്ടാം പകുതി "മുഹമ്മദുർറസൂലുല്ലാഹ്" എന്നതാണ്. ഇത് മുഹമ്മദ് പ്രവാചകനാണെന്ന കേവല അറിയിപ്പല്ല. ദൈവഭയത്തിലൂടെ മറ്റെല്ലാ ഭീതികളെയും അകറ്റിയവർ ഈ ലോകത്ത് എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന ചോദ്യത്തിനുള്ള മറുപടിയാണത്. 'മുഹമ്മദുർറസൂലുല്ലാഹ്' എന്ന വാക്യത്തിലുള്ള 'റസൂലുല്ലാ'യുടെ പൊരുൾ മനുഷ്യരുടെ ഐഹികജീവിതത്തിനാവശ്യമായ ദൈവികനിയമങ്ങൾ അവർക്കെത്തിച്ചുകൊടുത്ത ദൈവദൂതൻ എന്നാണ്.

ഐഹികജീവിതനിയമങ്ങൾ നിർമിച്ച പലരെയും ചരിത്രത്തിൽ കണ്ടെത്തുന്നു. നിയമവിദ്യാർഥികൾക്ക് ഇക്കാര്യം നന്നായറിയാം. റോമൻനിയമങ്ങൾ,

മനുനിയമം, കൺഫ്യൂഷസ് നിയമം തുടങ്ങി നീഷേ മുതൽ ഹിറ്റ്ലർ വരെ പലരും പലവിധ നിയമങ്ങൾ നിർമിക്കുകയുണ്ടായി. ഇവയിൽ പല നിയമങ്ങളും കാലത്തിന്റെ കറക്കത്തിൽ ആറ്റിൽ പൊങ്ങിയൊഴുകുന്ന ശവങ്ങളായി മാറി. ഇവരെല്ലാം എന്ത് യോഗ്യതയുടെ അടിസ്ഥാനത്തിലാണ് ഈ നിയമങ്ങൾ ആവിഷ്കരിച്ചത്? സ്വന്തം അറിവിനെ അവലംബിച്ച് നിയമം നിർമിച്ചതായി അവർ സ്വയം അവകാശപ്പെട്ടു. എന്നാൽ പ്രവാചകൻ നൽകിയ നിയമങ്ങൾ സ്വയം ആവിഷ്കരിച്ചവയല്ല. 'വഹ്യ്' എന്നറിയപ്പെടുന്ന ദൈവിക സന്ദേശത്തിലൂടെ ലഭിച്ച നിയമങ്ങളാണ് മുഹമ്മദ്നബി മനുഷ്യരാശിക്ക് നൽകിയത്. 'വഹ്യി'ന്റെ പിൻബലമില്ലാത്തവ മനുഷ്യനിയമങ്ങളാണ്. വഹ്യ് ഉണ്ടെങ്കിലേ ദൈവികനിയമങ്ങളാകൂ. വെളിപാടിലൂടെ ലഭിച്ച ദൈവികനിയമങ്ങൾ മുഹമ്മദ്(സ) ലോകത്തിന് എത്തിച്ചു എന്നേടത്ത് അദ്ദേഹത്തിന്റെ മഹത്വം അവസാനിക്കുന്നില്ല. എങ്ങനെയാണ് വിശ്വാസം കൊള്ളേണ്ടത്? വിശ്വാസി ദൈവത്തിനുവേണ്ടി ചെയ്യുന്ന ആരാധനാകർമങ്ങൾ അനുഷ്ഠിക്കേണ്ടതെങ്ങനെ? ജനനം മുതൽ മരണം വരെ, ഉണർന്നെഴുന്നേൽക്കുന്നതു മുതൽ ഉറങ്ങുന്നതു വരെയുള്ള ഓരോ കാൽവെപ്പും എങ്ങനെയുള്ളതായിരിക്കണം? മനുഷ്യരോടും ഇതര ജീവികളോടും എങ്ങനെ വർത്തിക്കണം തുടങ്ങി ജീവിതത്തിന്റെ മുഴുവൻ മണ്ഡലങ്ങളിലും ദൈവികനിയമങ്ങളനുസരിച്ചുകൊണ്ട് ജീവിക്കുന്നതിന്റെ മാതൃക പ്രവാചകൻ കാണിച്ചുതന്നു.

## ഉദാത്തമാതൃക

ദൈവികനിയമങ്ങൾ കേവലം ഉപദേശങ്ങളല്ല; പകൽകിനാവുകളല്ല; ഉട്ടോപ്യ അല്ല; ഏതു സാധാരണ മനുഷ്യന്നും അനുസരിക്കാവുന്നവയാണ് അവയെന്ന് സ്വന്തം ജീവിതത്തിലൂടെ തെളിയിച്ച മുഹമ്മദ്നബിയെ ദൈവംതന്നെ അവന്റെ വിശുദ്ധഗ്രന്ഥത്തിൽ പ്രശംസിക്കുന്നു. "വിശ്വാസികൾക്ക് പ്രവാചകനിൽ ഉത്തമമായ മാതൃകയുണ്ട്". 'മാതൃക' എന്നുമാത്രം പറയാതെ 'ഉത്തമമായ മാതൃക' എന്നു പറഞ്ഞത് ശ്രദ്ധേയമാണ്. ഒരു ചെറിയ പിഴവുപോലുമില്ലാതെ പാഠങ്ങൾ പഠിക്കുന്ന വിദ്യാർഥിയെ കണ്ട് അധ്യാപകന്റെ മനം കുളിർക്കുമ്പോൾ ആ വിദ്യാർഥിയുടെ രൂപം ഉത്തമമായാണ് അധ്യാപകന് തോന്നുക. അഖിലപ്രപഞ്ചത്തിനും അനുഗ്രഹമായാണ് ഈ പ്രവാചകനെ നിയോഗിച്ചതെന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു. മലക്കുകളും മനുഷ്യരും നബിയുടെ പേരിൽ സ്വലാത്ത് ചൊല്ലണമെന്ന് അവൻ ആജ്ഞാപിക്കുകയും ചെയ്യുന്നു.

തന്റെ സമകാലികരെ മാത്രമല്ല, പിൽക്കാലക്കാരെയും ദൈവികനിയമങ്ങൾക്കനുസൃതമായി ചരിക്കുന്ന യഥാർഥ വിശ്വാസികളായി പ്രവാചകൻ മാറ്റിയെടുത്തു. ദൈവം അദ്ദേഹത്തെ അന്ത്യപ്രവാചകനായും പൂർണനബിയായും അനുഗ്രഹത്തിന്റെ പ്രവാചകനായും ഉയർത്തിക്കാട്ടുന്നു. ഇതു കൂടുതൽ വ്യക്തമാവാൻ, ലോകചരിത്രത്തിലേക്ക് നോക്കിയാൽ മതി. യേശുക്രിസ്തുവിനെ ഒറ്റിക്കൊടുക്കാൻ തുനിഞ്ഞത് അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. യേശുക്രിസ്തു പലപ്പോഴും തന്റെ ശിഷ്യന്മാരെ "അൽപവിശ്വാസികളേ; സാത്താനേ" എന്നു വിളിച്ചതായി ബൈബിൾ പറയുന്നു.

## ഉദാഹരണമില്ലാത്ത ചരിത്രം

എന്നാൽ പ്രവാചകൻ തന്റെ സഖാക്കളെ(സഹാബികളെ) കൂടാതെ ലക്ഷക്കണക്കായ ജനങ്ങളെയും ദൈവികനിയമങ്ങൾ മാനിച്ചു ജീവിക്കുന്നവരാക്കി മാറ്റിയെടുത്തു. ഇതാ വെട്ടിത്തിളങ്ങുന്ന ഒരുദാഹരണം: മദ്യപാനം വിലക്കിക്കൊണ്ടുള്ള ദൈവികനിയമം അവതരിച്ചതായി കേട്ടനിമിഷം മദ്യചഷകം ചുണ്ടോടടുപ്പിക്കുന്നവർ അത് വലിച്ചെറിയുന്നു. വീട്ടിൽ സൂക്ഷിച്ചിരുന്ന മദ്യകുംഭങ്ങൾ പെരുവഴിയിൽ എറിഞ്ഞുടക്കുന്നു. മദീനാ നഗരത്തിൽ ആർക്കും വേണ്ടാത്ത മലിനവസ്തുവായി മദ്യം ഒഴുകുന്നു. ഇതിന് സദൃശമായൊരു സംഭവം മാനവചരിത്രത്തിന്റെ ഏടുകളിലുണ്ടോ? ഇങ്ങനെ ഏതു കാര്യത്തിലും ദൈവികനിയമങ്ങൾ വ്യക്തമായാൽ ഉടനെ അതിനു കീഴ്പ്പെടുന്ന വിശ്വാസികളെ അദ്ദേഹം വാർത്തെടുത്തു. അദ്ദേഹത്തിന്റെ കാലത്ത് ജീവിച്ചിരുന്നവരെ മാത്രമല്ല, പിൽക്കാലക്കാരെയും. ഈ ഇരുപതാം നൂറ്റാണ്ടിലും തമിഴ്നാട്ടിലെ പല മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിലും പോലീസ്റ്റേഷനുകൾ തന്നെ ഇല്ല എന്ന വസ്തുത എന്താണ് സൂചിപ്പിക്കുന്നത്? ഉള്ളേടങ്ങളിൽ തന്നെ കുറ്റകൃത്യങ്ങൾ രേഖപ്പെടുത്തുന്ന ഫയലുകളിൽ പല കുറ്റങ്ങളും കാണപ്പെടുന്നേയില്ല. 1400 വർഷങ്ങൾക്ക് ശേഷവും ദൈവിക നിയമങ്ങൾക്കു കീഴ്പ്പെടുന്ന സമൂഹങ്ങളെ -ഉമ്മത്തിനെ-വാർത്തെടുത്ത മഹാമനുഷ്യനാണ് നബിതിരുമേനി എന്നല്ലേ ഈ അനിഷേധ്യ യഥാർഥങ്ങൾ വിളംബരപ്പെടുത്തുന്നത്. ഒരിക്കൽകൂടി ഓർക്കുക: 'ലാ ഇലാഹ' എന്നത് എല്ലാ ഭയപ്പാടുകളും തൂത്തെറിയുന്നു. 'ഇല്ലല്ലാഹ്' ദൈവഭയമുണ്ടാക്കുന്നു. 'മുഹമ്മദുർറസൂലുല്ലാഹ്' ഐഹിക ലോകത്ത് എങ്ങനെ ജീവിക്കണമെന്ന് പഠിപ്പിക്കുന്നു.

# 10. മനുഷ്യനിയമവും ദൈവികനിയമവും

മനുഷ്യനിയമങ്ങളിൽ രണ്ടു വശങ്ങളുണ്ട്. ഒന്ന്, ദൈവികനിയമത്തിൽനിന്ന് കടംവാങ്ങിയവ. രണ്ടാമത്തേത്, മനുഷ്യൻ സ്വയം നിർമിച്ചവ. കൊല, കൊള്ള, മോഷണം തുടങ്ങിയവ കുറ്റങ്ങളാണെന്ന് വിധിച്ചത് ഇരുപതാംനൂറ്റാണ്ടിലോ പീനൽകോഡുകൾ പൂർത്തിയായ പതിനെട്ടാംനൂറ്റാണ്ടിലോ അല്ല. അവയെല്ലാം കുറ്റങ്ങളും ശിക്ഷാർഹവുമാണെന്ന് ആദ്യകാല ദൈവിക നിയമങ്ങളിൽതന്നെയുണ്ടായിരുന്നു. മനുഷ്യനിയമങ്ങൾ പിന്നീടവ സ്വന്തമാക്കി. പീനൽകോഡ് ആവിഷ്കൃതമാവുന്നതിനുമുമ്പ് ഇവയെല്ലാം അനുവദനീയമായിരുന്നുവെന്ന് ആർക്കും പറയാവതല്ല. ശിക്ഷകൾ വ്യത്യസ്തങ്ങളായിരിക്കാമെങ്കിലും അവ കുറ്റങ്ങളായിത്തന്നെ എന്നെന്നും മനസ്സിലാക്കപ്പെടുന്നു. മറ്റൊരു രഹസ്യം, പീനൽകോഡുകളാവിഷ്കരിച്ച നിയമവിശാരദൻമാർ ദൈവികനിയമങ്ങളെ (മതനിയമങ്ങൾ) അവലംബിച്ചുകൊണ്ടാണ് തങ്ങൾ നിയമനിർമാണം നടത്തിയതെന്ന് സ്വയം സമ്മതിക്കുന്നുണ്ടെന്നതാണ്.

എന്നാൽ മനുഷ്യനിയമങ്ങളുടെ മറുവശം കാണുക. 'പല കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടരുത്' എന്ന് മനുഷ്യനിയമം ഘോഷിക്കുന്നു. പക്ഷേ, നിരപരാധികളാണ് ഈ നിയമങ്ങളാലധികവും

ശിക്ഷിക്കപ്പെട്ടതെന്ന് ലോകചരിത്രം പറയുന്നു. ചരിത്രമിരിക്കട്ടെ, ഇവിടെ കീഴ് വഴക്കമെന്താണ്. പോലീസധികാരിക്ക് ആരോ എഴുതിക്കൊടുത്ത ഹരജിയുടെ അടിസ്ഥാനത്തിൽ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ സ്വേഷ്ടപ്രകാരം ഒരാളെ 24 മണിക്കൂർ ലോക്കപ്പിൽ വെക്കാൻ അധികാരമുണ്ട്. നിരപരാധിപോലും 24 മണിക്കൂർ ശിക്ഷിക്കപ്പെടുവാൻ വഴിവെക്കുന്നു ഈ മനുഷ്യനിയമം. തുടർന്ന് ജഡ്ജിയുടെ മുമ്പിൽ പ്രതിയെ ഹാജരാക്കുന്നു. ഇയാൾ ജാമ്യം അനുവദിക്കപ്പെടാൻ അർഹനല്ല; പതിനഞ്ച് ദിവസം റിമാണ്ടിൽ വെക്കേണ്ടതുണ്ട് എന്ന് പ്രോസിക്യൂഷൻ തക്കതായ കുറ്റപത്രത്തോടെ ആവശ്യപ്പെട്ടാൽ പ്രതിയെ റിമാണ്ടിൽ വെക്കാൻ ജഡ്ജി ഉത്തരവിടുന്നു. കുറ്റംചുമത്തപ്പെട്ട ആൾ നിരപരാധിയാകാം. അത് മനുഷ്യനിയമത്തിന് പ്രശ്നമല്ല. 24 മണിക്കൂർ നേരത്തെ ലോക്കപ്പും 15 ദിവസത്തെ റിമാണ്ടും ശിക്ഷയല്ലേ? ഇന്ത്യയുൾപ്പെടെ പല രാജ്യങ്ങളിലും മറ്റൊരു നിയമമുണ്ട്. ജഡ്ജിതന്നെ ആവശ്യമില്ല. ഉന്നതപോലീസധികാരി വിചാരിച്ചാൽ മതി, ഒരാളെ അയാൾ നിരപരാധി ആയിരുന്നാലും ഒരുവർഷം മുഴുവൻ ജയിലിലിടാം. ഇങ്ങനെ നിരപരാധി ഒരിക്കലും ശിക്ഷിക്കപ്പെടരുത് എന്ന തത്വപ്രസംഗം നിഷ്ഫലമാകുന്നു.

കുറ്റം നടന്നിട്ടുണ്ടോ എന്നും അതിനുദ്ദേശ്യമുണ്ടായിരുന്നോ എന്നും മനുഷ്യനിയമം അന്വേഷിക്കുന്നു. പക്ഷേ, ആ 'ഉദ്ദേശ്യം' എന്ന കുറ്റവിത്ത് നീക്കം ചെയ്യാൻ മനുഷ്യനിയമം ഒന്നും ചെയ്യുന്നില്ല. അത് ഞങ്ങളുടെ പണിയല്ല എന്നു പറഞ്ഞ് ഒഴിഞ്ഞുമാറുന്നു. വിഷച്ചെടി വളർന്നാൽ മുറിക്കും. അതുമാത്രമാണ് തങ്ങളുടെ ബാധ്യത. വിഷച്ചെടി ഉൽപാദിപ്പിക്കുന്ന വിഷവിത്ത് നിർമൂലനം ചെയ്യൽ തങ്ങളുടെ ജോലിയല്ല എന്ന് മനുഷ്യനിയമം പറയുന്നു.

## ദൈവികനിയമത്തിന്റെ ശാസ്ത്രീയത

എന്നാൽ ദൈവികനിയമം കുറ്റമനോഭാവത്തെ - വിഷവിത്തിനെ- പാപം എന്ന് പേരിടുന്നു. പാപം വേറെ, കുറ്റം വേറെ. പാപം വിത്തും, കുറ്റം അതിന്റെ ഉൽപന്നവുമാണ്. പാപമനസ്ഥിതി എന്ന വിത്തിനെ, ദൈവഭയം എന്ന കളപറിയിലൂടെ നിർമൂലനം ചെയ്യാനുള്ള ശക്തി ദൈവികനിയമത്തിനുണ്ട്. മനുഷ്യൻ കുറ്റങ്ങളിൽനിന്നും വിട്ടുനിൽക്കുന്നതിന്റെ മുഖ്യകാരണം മനുഷ്യനിയമങ്ങളോടുള്ള ഭയപ്പാടാണെന്ന് ഒരു പണ്ഡിതന്നും അഭിപ്രായമില്ല. പള്ളിക്കൂടത്തിൽ പോയിത്തുടങ്ങാത്ത പ്രായത്തിലും വിദ്യാലയ പാഠങ്ങളിലും കുറ്റം ചെയ്യാനുള്ള മനോഭാവം 'പാപ'മാണെന്ന് പഠിപ്പിക്കപ്പെടുന്നതുകൊണ്ടാണ് അധികപക്ഷവും കുറ്റകൃത്യങ്ങളിൽനിന്ന് അകന്നുനില്ക്കുന്നത്. ജനങ്ങൾ നിയമത്തെ ഭയപ്പെടുന്നതിനെക്കാളേറെ ദൈവത്തെയാണ് ഭയപ്പെടുന്നത്. നിയമ ഭീഷണികൊണ്ട് കുറ്റങ്ങളെ തടുക്കാനുള്ള ശ്രമം ക്ഷണികഫലമേ ഉളവാക്കൂ. ദൈവഭയത്തിലൂടെ കുറ്റപ്രേരണകളെ ഇല്ലായ്മ ചെയ്യലാണ് ശാശ്വതഫലമുളവാക്കുന്ന രീതി.

മനുഷ്യന്റെ കണ്ണ്, മുഖം, വായ, ചെവി, നാവ്, കൈകൾ തുടങ്ങിയ അവയവങ്ങളാണ് കുറ്റം ചെയ്യുന്നത് എന്നു കരുതുന്നത് അബദ്ധമാണ്. `Mensrea' എന്ന് പറയപ്പെടുന്ന കുറ്റപ്രവണത കേവലം കളിമൺമൂള(Mudbrain)യുടെ പ്രവർത്തനമാണ് എന്ന ധാരണയും ശരിയല്ല. ആധുനിക മനശ്ശാസ്ത്രജ്ഞ

ന്മാർ പരിചയപ്പെടുത്തുന്ന ഉപബോധ മനസ്സിന്റെ പ്രവർത്തനമാണ് കുറ്റകൃത്യങ്ങൾ എന്ന വാദവും തെറ്റാണ്. ശൈശവം, ബാല്യം, കൗമാരം ഈ മൂന്നു പ്രായക്കാരേയും സൂക്ഷ്മമായി നിരീക്ഷിക്കുക. പരപ്രേരണ കൂടാതെത്തന്നെ ഈ പ്രായക്കാർ തിന്മയുടെ ഭാഗത്തേക്ക് ചായുന്നത് കാണാം. നശിച്ച കൂട്ടുകെട്ടും സഹവാസവും മനുഷ്യനെ ചീത്തയാക്കും എന്നത് ശരിതന്നെ. എങ്കിൽ നല്ല ചുറ്റുപാടിൽ വളരുന്നവർപോലും തിന്മയുടെ ഭാഗത്തേക്ക് പെട്ടെന്ന് ചാഞ്ഞുപോവുന്നതായി നാം കാണുന്നു. പ്രകൃത്യാ തന്നെ തിന്മയിലേക്ക് ചായുന്ന ആത്മാവ് ഉള്ളവനാണ് മനുഷ്യൻ എന്ന് ഇസ്‌ലാം പറയുന്നു. അതേ സമയം തിന്മയിൽതന്നെ മുഴുകിക്കിടക്കുന്ന പ്രകൃതമല്ല അവന്റേത്. തിന്മ ചെയ്യുമ്പോഴും, അത് തെറ്റാണ്, അതിൽനിന്നും വിട്ടുനിൽക്കേണ്ടതുണ്ട് എന്ന് വെമ്പുന്ന മാനസികാവസ്ഥയാണ് മനുഷ്യന്നുള്ളത്. ചരിത്രത്തിൽ കാണുന്ന വളരെ വലിയ കുറ്റവാളികൾപോലും തങ്ങളെ സ്വയം ശപിക്കുന്നതായും നാം വായിച്ചിട്ടുണ്ട്. ഇന്നും അങ്ങനെത്തന്നെ.

അടുത്തത്, തിന്മയിൽനിന്നും അകന്നുമാറി നന്മകൾ അനുഷ്ഠിച്ച് ആത്മശാന്തി കൈവരിക്കുന്ന മനുഷ്യന്റെ മൂന്നാമത്തെ അവസ്ഥയാണ്. ഈ മൂന്നവസ്ഥകളെയും വിശകലനം ചെയ്തു പാപം, തിന്മ, കുറ്റം എന്നീ വഴികേടുകളിൽനിന്ന് എങ്ങനെ വിട്ടുനിൽക്കാമെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. ദൈവിക നിയമങ്ങൾക്ക് കീഴ്പ്പെടലാണ് വഴികേടുകളിൽനിന്നും രക്ഷപ്പെടാനുള്ള ഏക മാർഗമെന്ന് ഇസ്‌ലാം തറപ്പിച്ചു പറയുന്നു. എന്നാൽ മനുഷ്യനിയമങ്ങൾ 'ഇത് നമുക്കാവശ്യമില്ലാത്ത വേലയാണെ'ന്നു പറഞ്ഞ് കൈ കഴുകുകയാണ് ചെയ്യുന്നത്. മനുഷ്യനിയമത്തിന്റെ മറ്റൊരു കുറവ് അത് ശിക്ഷ മാത്രം നൽകുന്നു എന്നതാണ്. നന്മ ചെയ്യുന്നവർക്ക് ഒരു സമ്മാനവും നൽകാൻ മനുഷ്യനിയമം മുന്നോട്ടു വരുന്നില്ല. എന്നാൽ ദൈവികനിയമം, നല്ല കാര്യങ്ങൾ ചെയ്യാനുള്ള മനസ്ഥിതിയെ സൽക്കർമങ്ങൾ – പുണ്യം – എന്ന് വിളിക്കുന്നു. പുണ്യങ്ങൾക്ക് ഈ ലോകത്തും പരലോകത്തും സമ്മാനങ്ങളുണ്ടെന്നറിയിച്ച് കുറ്റകൃത്യങ്ങളും പാപങ്ങളും തടുക്കുന്നു. ഇങ്ങനെ പ്രകൃത്യാ തന്നെ കുറ്റകൃത്യങ്ങളെ തടുക്കാനുള്ള ശക്തി മനുഷ്യന്റെ പീനൽകോഡുകൾക്കുണ്ടോ? എന്തുകൊണ്ട് ഇത് സാധിക്കുന്നില്ല എന്ന് നിയമവിദഗ്ധരോട് ചോദിച്ചുനോക്കുക. "അത് മതാചാര്യൻമാരുടെയും സമൂഹ പരിഷ്കർത്താക്കളുടെയും ജോലിയാണ്" എന്നാണവർ മറുപടി പറയുക. അതായത്, ദൈവിക നിയമത്തിന്റെ മേൻമയും മനുഷ്യനിയമത്തിന്റെ കോട്ടവും അവർ സ്വയം സമ്മതിക്കുന്നുവെന്നർഥം.

ദൈവിക നിയമത്തിന്റെ മേൻമയാണ് നാം ഇതുവരെ കണ്ടത്. ലോകത്തുള്ള എല്ലാ ജനവിഭാഗങ്ങൾക്കും പ്രവാചകൻമാർ വരികയുണ്ടായി. അവർ ദൈവിക നിയമങ്ങളും കൊണ്ടുവന്നു. പക്ഷേ, പല സമൂഹങ്ങളും ആ ദൈവ നിയമങ്ങൾകൊണ്ട് എന്തു ചെയ്തുവെന്നോ? ചിലർ ദൈവിക നിയമങ്ങളെ പേടകത്തിൽവെച്ച് നാടു നീളെ ചുമന്നുനടന്നു. ഉള്ളിലിരിക്കുന്നത് എടുത്തു നോക്കാനും അത് മുറുകെപ്പിടിച്ച് ജീവിക്കാനും അവർ മറന്നു. മറ്റുചിലർ, ദൈവികനിയമങ്ങളെ കൈയൊഴിച്ച് ഇതര നിയമങ്ങൾ സ്വീകരിച്ചു. വേറെ ചിലർ ചെയ്തത് മനുഷ്യരെ ജനനത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിച്ച്, ഓരോ ജാതിക്കും പ്രത്യേകം നീതികളുണ്ടാക്കി 'അത് ദൈവിക നിയമമാണ്' എന്ന് വ്യാജ ജൽപനം നടത്തുകയാണ്. എന്നാൽ മുസ്‌ലിംകൾ മാത്രമാണ്

തങ്ങളുടെ പ്രവാചകർ കൊണ്ടുവന്ന ദൈവിക നിയമത്തിൽ മാറ്റത്തിരുത്തലുകൾ വരുത്താത്തത്. തങ്ങളുടെ മതനിയമങ്ങൾ മാത്രമേ തങ്ങൾക്ക് വേണ്ടതുള്ളൂ എന്നവകാശപ്പെടുന്ന വേറൊരു മതക്കാരും ലോകത്തില്ല എന്ന് പറയാം. കാരണം, മറ്റു മതനിയമങ്ങൾ പ്രാകൃതവും അപ്രായോഗികവുമാണെന്ന് ആ മതക്കാർക്ക് തന്നെ അറിയാം. എന്നാൽ മുസ്‌ലിംകൾ തങ്ങൾക്ക് തങ്ങളുടെ മതനിയമങ്ങളേ വേണ്ടതുള്ളൂ എന്ന നിലപാടിൽ ഉറച്ചുനിൽക്കുന്നു; പ്രഖ്യാപിക്കുന്നു; അതിനുവേണ്ടി പ്രക്ഷോഭം നടത്തുന്നു. ഇസ്‌ലാമിനെ പരിചയപ്പെടാൻ തുടങ്ങുന്ന കാലത്ത് ഈ നിലപാട് എന്നെ ആശ്ചര്യഭരിതനാക്കി. എന്നാൽ സൂക്ഷ്മ നിരീക്ഷണം നടത്തിയപ്പോൾ മുസ്‌ലിംകളുടെ നിലപാട് ന്യായം മാത്രമാണെന്ന് ബോധ്യപ്പെട്ടു. എത്ര അദ്ഭുതകരമായ നിയമം. നമ്മെയും അതിലൊരാളാക്കിയാൽ എത്രമാത്രം മാധുര്യമനുഭവിക്കാം എന്ന ചിന്തയുദിച്ചു. അങ്ങനെ, മുസ്‌ലിമാകുന്നതിന് മുമ്പ് തന്നെ ഇസ്‌ലാമിക നിയമങ്ങൾക്കനുസരിച്ച് ഞാൻ ജീവിക്കാൻ തുടങ്ങി.

## 11. നിസ്തുലമായ ആരാധനാക്രമം

മുസ്‌ലിമാകുന്നതിന് മുമ്പുതന്നെ വിശുദ്ധ കലിമ ഞാൻ ഹൃദിസ്ഥമാക്കി. ശുദ്ധീകരിക്കപ്പെട്ട ശരീരത്തോടെ വെടിപ്പുള്ള സ്ഥലത്ത് നമസ്കരിച്ചുതുടങ്ങി. സുഖകരമായ അനുഭൂതിയായിരുന്നു അത്. ആദ്യം ഞാൻ അഞ്ച് നേരം നമസ്കരിച്ചിരുന്നില്ല. പ്രഭാതത്തിലും പ്രദോഷത്തിലും കുളിച്ചശേഷം നമസ്കരിച്ചു. നമസ്കരിച്ചു കഴിയുമ്പോൾ മനസ്സിൽ ഒരു സംതൃപ്തി അനുഭവപ്പെടും. ഹൃദയത്തിലെ വേദനകളെല്ലാം ദൈവത്തിനു മുമ്പിൽ ഇറക്കിവെച്ച് ഹൃദയം നിറയെ അവന്റെ അനുഗ്രഹം നിറച്ചത് പോലുള്ള ഒരാനന്ദം. നമസ്കാരത്തിന്റെ മുറകളും, അതിൽ ചൊല്ലുന്ന അധ്യായങ്ങളുടെയും വചനങ്ങളുടെയും സാരവും മനസ്സിലായപ്പോൾ നമസ്കാരത്തിന്റെ മഹത്വം പിന്നെയും വർധിച്ചു.

പ്രാർഥനയും പൂജയും തൊഴിലുമെല്ലാം മറ്റു മതങ്ങളിലുമുണ്ട്. എന്നാൽ, ഇസ്‌ലാമിൽ നമസ്കാരത്തിന് മുമ്പായി ചെയ്യുന്ന അംഗശുദ്ധി എന്നിൽ അദ്ഭുതമുളവാക്കി. ദേഹശുദ്ധി എല്ലാ നമസ്കാരങ്ങൾക്കും ആവശ്യമാണെന്നത് എത്ര വിശുദ്ധമായ സങ്കൽപമാണ്. കൈ, വായ, മൂക്ക്, മുഖം, കാൽ, ശിരസ് എന്നിങ്ങനെ വേഗം അഴുക്കാകുന്ന ഭാഗങ്ങളെല്ലാം ഓരോ നമസ്കാര വേളയിലും കഴുകുക എന്നത് ഏറെ ആരോഗ്യകരമല്ലേ? ഞാൻ കൂട്ടിനോക്കി. മുഖവും മറ്റു ഭാഗങ്ങളും ഒരു നമസ്കാരത്തിന് മൂന്നു തവണ കഴുകുന്നു. അഞ്ച് നേരങ്ങളിലെ നമസ്കാരത്തിന് ഒരുദിവസം പതിനഞ്ച് തവണ. ഇത്രയും തവണ കഴുകുന്നതു കൊണ്ടു മാത്രമല്ല മുഖം പ്രശോഭിക്കുന്നത്. ശുദ്ധിവരുത്തിയ ശേഷം ദൈവത്തിന്റെ മുമ്പിൽ നിന്ന് യാതൊരു മധ്യവർത്തിയുമില്ലാതെ നേർക്കുനേരെ അവനുമായി ബന്ധപ്പെടുന്നതുകൊണ്ടാണ് ആ പ്രകാശ(നൂർ)മുണ്ടാകുന്നത് എന്നാണ് ഞാൻ കരുതുന്നത്. തണ്ണീർ കുള(ഹൗദ്)ത്തിന് ചുറ്റുമിരുന്ന് വിശ്വാസികൾ തങ്ങളെ ശുദ്ധീകരിക്കുന്ന ദൃശ്യം എത്ര മനോഹരമാണ്! അതിൽ ഒരു സൂക്ഷ്മ രഹസ്യവും കാണാം. ചില മതങ്ങളിൽ വീട്ടിൽ നിന്ന് ശുദ്ധിവരുത്തി ദേവാലയത്തിലേക്ക് പോവുകയാണ്

പതിവ്. വഴികളിൽവെച്ച് വൃത്തികേടുകളായാൽ പിന്നീട് ശുദ്ധിചെയ്യാൻ സംവിധാനമൊന്നുമില്ല. മറ്റു ചില മതങ്ങളിൽ അമ്പലക്കുളങ്ങളുണ്ട്. പക്ഷേ, അതിൽനിന്ന് ശുദ്ധിവരുത്തി അല്പം ദൂരം നടക്കണം. എന്നാൽ മുസ്‌ലിം പള്ളികളിൽ അംഗശുദ്ധിവരുത്തി ഏതാനും ചുവടുവെക്കുമ്പോൾതന്നെ നമസ്കാരസ്ഥലത്തെത്തുന്നു. വേറെ ഒരു മതത്തിലും പ്രാർഥനക്ക് മുമ്പ് ദന്തധാവനം, മൂക്ക് ശുചിയാക്കൽ, കാതിന്റെ പിൻപുറം വൃത്തിയാക്കൽ പോലുള്ളവ ഒരു വിഷയമേ അല്ല. എന്നാൽ ഇസ്‌ലാം ഇക്കാര്യങ്ങളിൽപോലും കണിശത പാലിക്കുന്നു.

അടുത്തതായി, നമസ്കാരത്തിൽ മനുഷ്യന്റെ നില എന്നെ ഇരുത്തിച്ചിന്തിപ്പിച്ചു. പാവപ്പെട്ടവൻ, പണക്കാരൻ, രാജാവ്, പ്രജ എല്ലാവരും ദൈവത്തിന്റെ മുമ്പിൽ തുല്യർ. എങ്ങനെയാണ് ഇവരെല്ലാം ദൈവത്തിനുമുമ്പിൽ തുല്യരാകുന്നത്? ഒരേ മാതാപിതാക്കളുടെ (ആദം-ഹവ്വ) സന്താനങ്ങളാണ് എല്ലാ മനുഷ്യരും. ആദം മണ്ണുകൊണ്ട് സൃഷ്ടിക്കപ്പെട്ടവനാണ്. അപ്പോൾ എല്ലാവരും മണ്ണുതന്നെ. എങ്കിൽ മൺതരികൾക്കു തമ്മിലെന്ത് ഉച്ചനീചത്വം? ദൈവത്തിന്റെ മുമ്പിൽ നിൽക്കുന്നവരുടെ അഹംഭാവത്തെ ഒരുപിടി മണ്ണാക്കി, മനുഷ്യന്റെ എളിമയും ദൈവത്തിന്റെ മഹത്വവും പ്രഖ്യാപിക്കുന്നു ഇസ്‌ലാമിലെ നമസ്കാരം. നമസ്കാരത്തിൽ അണിനിരക്കുമ്പോൾ അടക്കത്തോടും ഒതുക്കത്തോടും ഒരു അടിമയെപ്പോലെ നില്ക്കണം; തലനിവർത്തുകയോ മേലോട്ടുനോക്കുകയോ അരുതെന്നുള്ള ഇസ്‌ലാമിക വിധി മനുഷ്യനിൽ വീണ്ടും വിനയമുണ്ടാക്കുന്നു.

തക്ബീർ മുഴക്കി ഇരുകരങ്ങളും കാതുകൾക്കരികെ വിരിച്ചുവെക്കുന്നതിലൂടെ എന്താണർഥമാക്കുന്നത്? നാഥാ, ഈ സമയത്ത് എല്ലാറ്റിനെയും ഞാൻ പരിത്യജിച്ചിരിക്കുന്നു. നിന്റെ മുമ്പിൽ എന്റേതായി ഒന്നുമില്ല. നീ മാത്രം! അല്ലാഹു മാത്രമാണ് വലിയവൻ എന്ന് വിശ്വാസി പ്രഖ്യാപിക്കുന്നു. "അല്ലാഹു അക്ബർ"– ദൈവം മാത്രമാണ് വലിയവൻ – എന്നു കൈകൾ ചെവിയോടു ചേർത്തു വെക്കാതെ ചൊല്ലിനോക്കി: ശബ്ദം പല ദിശകളിലേക്ക് ചിതറുകയായിരുന്നു. എന്നാൽ കൈകൾ കാതുകളോടടുപ്പിച്ച് ഉച്ചരിച്ചപ്പോൾ ആ 'അല്ലാഹു അക്ബർ' എന്റെ ചെവികളിലൂടെ ഗംഭീര ശബ്ദത്തോടെ ഇറങ്ങി നാഡി, ഞരമ്പ്, മാംസപേശികൾ, അസ്ഥി, ഹൃദയം, മസ്തിഷ്കം തുടങ്ങി 'എന്റെ അഹങ്കാര' അവയവങ്ങളെ അടക്കുന്ന ശബ്ദമായി വ്യാപിച്ച് എന്നെ ചെറിയ മനുഷ്യനാക്കി. അതിനു ശേഷം തല കുനിച്ച് ഒരടിമയെപ്പോലെ കൈ കെട്ടി നില്ക്കുന്നു. ഭയഭക്തി മറ്റു മതങ്ങളിലുമുണ്ടാകാം. പക്ഷേ, ദൃഷ്ടി എവിടെയെല്ലാമായിരിക്കും? വിഗ്രഹം, പുരോഹിതൻ, പാതിരി, അരികത്തുള്ളവർ, അവരുടെ ചെയ്തികൾ ഇങ്ങനെ ശിഥിലമായ നോട്ടം. എന്നാൽ ഇവിടെ നമസ്കാരത്തിനു നേതൃത്വം വഹിക്കുന്നയാളുടെ ശബ്ദം മാത്രം. ദൃഷ്ടി താഴെ. തൊട്ടടുത്ത സ്ഥലത്തേക്കുപോലും നോക്കുന്നില്ല. ഖുർആൻ വാക്യങ്ങളോതുന്നു. അതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നതോടൊപ്പം മനുഷ്യന്റെ നിസ്സാരത വ്യക്തമാക്കുന്നു.

വിശുദ്ധ ഖുർആനിലെ 'അൽഫാതിഹ' അധ്യായം ആദ്യമായി പാരായണം ചെയ്തപ്പോൾ എന്നിൽ അലയടിച്ചുപൊങ്ങിയ വികാരങ്ങൾ എന്തൊ

ക്കെയായിരുന്നെന്നോ? എല്ലാ സ്തുതിയും ദൈവത്തിനു മാത്രം ....അങ്ങനെ യെങ്കിൽ നമസ്കരിക്കുന്ന ഇവർക്ക് സ്തുതിയെവിടെ? ആ സ്തുതിയർഹിക്കാ ത്തവർക്കിടയിലാണ് സമത്വമുള്ളത്! അഖിലത്തെയും സൃഷ്ടിച്ച് പരിപോ ഷിപ്പിച്ച് പരിപക്വപ്പെടുത്തുന്നവൻ ദൈവം ഒരുവൻ മാത്രം. അപ്പോൾ, മനു ഷ്യർ പ്രപഞ്ചത്തിലെ ധൂളികളിൽ ധൂളി മാത്രം. ധൂളികൾ പരസ്പരം വിവേ ചനം കല്പിക്കുന്നത് എത്ര മൂഢത്വം! അളവറ്റ കാരുണ്യദാതാവും നിസ്തുല നായ സ്നേഹനിധിയും അല്ലാഹുമാത്രം. കാരുണ്യത്തിൽ പരിമിതിയും സ്നേ ഹത്തിൽ ഭേദവും കല്പിക്കുന്ന മനുഷ്യർ അവന്റ മുമ്പിൽ എത്ര നിസ്സാരർ!

“വിധിദിനത്തിന്റെ അധിപതിയും അവൻ തന്നെ.” മരണവും പതനവു മുള്ള ഈ മനുഷ്യർ ശാശ്വതനായ അവന്റെ മുമ്പിൽ നിൽക്കുന്നത് എങ്ങനെ യായിരിക്കും? “നാഥാ! നിന്നെ മാത്രമെ ഞങ്ങൾ വണങ്ങുകയുള്ളൂ.” അതെ, നിന്നെ മാത്രം. നമസ്കാരത്തിന്റെ അണിയിൽ ഞങ്ങൾക്കിടയിൽ രാജാക്ക ന്മാരുണ്ടാകാം; നേതാക്കന്മാർ നില്ക്കാം; മുതലാളി നില്ക്കാം; പുറംലോകത്ത് എന്നെ വണങ്ങുക എന്ന് വിരട്ടുന്ന അധികാരികളുണ്ടാകാം; നാഥാ നിന്നെ മാത്രം...നിന്നെ മാത്രം വണങ്ങുന്നു! മനുഷ്യർക്ക് വണക്കമില്ല, നിനക്ക് മാത്രം; “നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു”; നിന്നോട് മാത്രം. മനുഷ്യ രുടെ സഹായം സ്ഥായിയല്ല. ആരെങ്കിലും കുറ്റം പറഞ്ഞാൽ സഹായം കുറ ഞ്ഞുപോകും. കോപം വന്നാൽ ഞാനാണ് വലിയ ഔദാര്യവാൻ എന്ന് ലോ കം മുഴുക്കെ ചെണ്ടകൊട്ടി അറിയിക്കും. വലിയ പണക്കാർതന്നെ മറ്റൊരു കാലത്ത് യാചകന്മാരാകുന്നു. നീയോ, എന്നെ അളന്ന് എന്റെ പരിശ്രമങ്ങൾക്ക് അർഹമായ പ്രതിഫലം നൽകുന്ന ഔദാര്യവാനാണ്. അതുകൊണ്ട് ഞങ്ങൾ നിന്നോട് മാത്രം സഹായവും തേടുന്നു. “നീ ഞങ്ങളെ ചൊവ്വായ മാർഗ ത്തിൽ നടത്തേണമേ.” സുഖങ്ങൾക്കുവേണ്ടി ഏതു മാർഗവും തേടുന്നവ രാണ് ഞങ്ങൾ. നിറയെ ലഭിക്കുമെങ്കിൽ മാർഗത്തെപ്പറ്റി ചിന്തിക്കാത്ത വക്ര മനസ്കർ. അതുകൊണ്ട് നീ തന്നെ ഞങ്ങളെ നേരായ മാർഗത്തിൽ നയി ക്കേണമേ! “നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ.” ചരിത്രം, ഞങ്ങൾക്കു മുമ്പ് ആരുമേതുമില്ലാത്ത ശൂന്യതയായിരുന്നില്ല. നിന്റെ അനുഗ്രഹം സിദ്ധി ച്ചവരുടെ മനോഹരമായ മലരണിയാണ് ചരിത്രത്തിന്റെ ഒരു വശം. ആ മനോ ഹരമായ പൂമാലയിൽ ഞങ്ങളെയും തുമ്പമലരാക്കി കോർത്തിടണേ നാഥാ! ആ മാർഗം “നിന്റെ കോപത്തിനു പാത്രമായവരുടേതും മാർഗഭ്രംശം സംഭ വിച്ചവരുടേതും അല്ല!” മനുഷ്യചരിത്രത്തിന്റെ മറ്റൊരു ഭാഗം ദൈവകോപ ത്തിനു പാത്രമായവരുടേതാണ്; മാർഗ ഭ്രംശം സംഭവിച്ചവരുടേത്. മുതലാളി യുടെ കോപം മൂലം ശമ്പളവും ഭക്ഷണവും തടയപ്പെടും. രാജാവിന്റെ കോപം തടവറയും ശിരഛേദവും. ഇവക്കെല്ലാം അതീതമായി ദൈവത്തിന്റെ കോപം ചരിത്രത്തിൽ നാം വായിക്കുന്നു. തകർന്നടിഞ്ഞ സമൂഹചരിത്രം; ചാമ്പൽ കൂനകൾ! ശവക്കുഴികൾ!!

ഫാത്തിഹയുടെ ഈ അവസാന ഭാഗം ഓതുമ്പോഴെല്ലാം എന്നിൽ ഇടി മിന്നലിറങ്ങി, ദേഹം കിടിലം കൊള്ളാറുണ്ട്! ഈ വചനം ഓതിത്തീർത്ത്, ‘ആമീൻ’ – ഞങ്ങളുടെ പ്രാർഥന സ്വീകരിക്കേണമേ – എന്നു പറയുമ്പോൾ എന്റെ ചുണ്ടുകൾ വിതുമ്പും. ശബ്ദം ഇടറും. രോമാഞ്ചമുണ്ടാകും. കണ്ണു കൾ നിശ്ചലമായി മരവിച്ചുപോകും.

അടുത്തത്, 'റുകൂഅ്' എന്ന് പറയപ്പെടുന്ന കുനിയലാണ്. ഞാൻ പരിചയപ്പെട്ട മറ്റു മതങ്ങളിലൊന്നും ഈ രൂപത്തിൽ ഒരു വണക്കമുറ ഉള്ളതായറിയില്ല. കാൽമുട്ടുകൾ പിടിച്ചുകൊണ്ട് ഞാൻ കുനിയുമ്പോൾ എന്റെ മുഖത്തേക്ക് രക്തം പ്രവഹിക്കുന്നു. ഉച്ഛ്വാസത്തിന് കനം കൂടുന്നു. ഇപ്പോൾ ഞാൻ അറബിയിലാണ് പറയുന്നത്. രക്തത്തിന്റെയും ജീവശ്വാസത്തിന്റെയും സാക്ഷ്യത്തോടെ ഞാൻ കുനിഞ്ഞുനിന്ന് മൊഴിയുന്ന ആ വാക്യത്തിന്റെ പൊരുളെന്താണ്? "മഹത്വമുള്ള എന്റെ നാഥനെ ഞാൻ പരിശുദ്ധപ്പെടുത്തുന്നു". യാഥാർഥ്യം തന്നെ. ശുദ്ധിചെയ്ത ഉടൽ, വെടിപ്പുള്ള വസ്ത്രം, ശുദ്ധിയുള്ള പള്ളി, ശുദ്ധിയുള്ളവരുടെ നിര ഇതോടൊപ്പം വിശുദ്ധഹൃദയത്തിൽനിന്ന് പ്രവഹിക്കുന്ന രക്തത്തിന്റെയും ശ്വാസകോശത്തിൽനിന്ന് ഉയർന്നു വരുന്ന ജീവവായുവിന്റെയും സാക്ഷ്യത്തോടെ കുനിഞ്ഞ് എന്റെ നാഥനെ ഞാൻ പരിശുദ്ധപ്പെടുത്തുന്നു. എത്ര പൊരുത്തമുള്ള വാചകം. മൂന്നു തവണ ഇതുരുവിട്ടു 'റുകൂഇ'ൽ നിന്നു നിവരുമ്പോൾ എന്താണ് മുഴങ്ങുന്നത്? "ദൈവം, തന്നെ സ്തുതിക്കുന്നവരുടെ സ്തുതി സ്വീകരിക്കുന്നതാണ്." ഈ പ്രഖ്യാപനം എന്റെയുള്ളിൽ വിശ്വാസത്തിന്റെ ഒരു നദിയൊഴുക്കി. ദൈവം കാണുന്നുണ്ടോ, കേൾക്കുന്നുണ്ടോ എന്നൊന്നും വിചാരമില്ലാതെ ചെയ്യുന്ന പൂജാ പ്രാർഥനാദി കർമങ്ങൾകൊണ്ട് എന്തു പ്രയോജനം? ഇവിടെയോ, തന്റെ ആരാധന ദൈവം സ്വീകരിക്കുന്നു എന്ന ബോധം നമസ്കാരത്തിനിടയിൽ വർധിക്കുകയാണ് ചെയ്യുന്നത്. 'റുകൂഇ'ൽ നിന്ന് നിവരുമ്പോൾ ഉടലും ഹൃദയവും നിവരുന്നു. നിവർന്നാൽ അഹംഭാവം കടന്നുകൂടാൻ സാധ്യതയുണ്ട്. അതുകൊണ്ടാണ് ഉടനെ ഇങ്ങനെ ഉരുവിടുന്നത്; "ഞങ്ങളുടെ നാഥാ, നിനക്ക് മാത്രമാണ് സർവ സ്തുതിയും." പ്രശസ്തിയാണ് മനുഷ്യൻ തേടിത്തിരയുന്ന കാനൽജലം. ദൈവത്തെതന്നെ വെല്ലുവിളിച്ച ധിക്കാരികളെല്ലാം പ്രശസ്തിയുടെ അടിമകളായിരുന്നു. അതുകൊണ്ടാണ് 'സർവ സ്തുതിയും' ദൈവത്തിന് മാത്രം നല്കി മനുഷ്യനെ പ്രശസ്തിയില്ലാത്ത നിസ്സാര വസ്തുവാക്കി നിർത്തുന്നത്. വീണ്ടും 'അല്ലാഹുവാണ് വലിയവൻ' എന്ന് പറഞ്ഞ് എന്റെ ദേഹം ഭൂമിയിലേക്ക് കൊണ്ടുപോകുന്നു. 'സുജൂദ്' എന്ന സാഷ്ടാംഗപ്രണാമത്തിലേക്ക് പോകുമ്പോൾ വിമാനം തറയിൽ ഇറങ്ങുന്നതുപോലുള്ള ഒരു പ്രതീതിയാണ് എനിക്കുണ്ടാകുന്നത്.

എന്റെ ശരീരത്തിന്റെ ഭാരക്കൂടുതൽ കാരണം സുജൂദ് ചെയ്യാൻ ആദ്യഘട്ടത്തിൽ വല്ലാതെ പ്രയാസമനുഭവപ്പെട്ടു. തടവറയിൽ നിന്നേറ്റ മർദനങ്ങൾ കാരണം ഇരിക്കുമ്പോൾ ഇടതുകാലിനുള്ളിലെ അസ്ഥികൾ ഞെരിഞ്ഞു ശബ്ദമുണ്ടാക്കും. വല്ലാത്തവേദനയോടെ മുട്ടുകുത്തി ശിരസ്സ് തറയിൽവെച്ച് ഇരുകൈകളും കാതുകൾക്കരികെ വെക്കുമ്പോൾ ഇരുപാദങ്ങൾ, മുട്ടുകൾ, ഉള്ളംകൈകൾ, നെറ്റി, മൂക്ക് എന്നീ എട്ട് അംഗങ്ങൾ തറയിലമരുന്നു. നിലത്ത് കിടക്കൽ, തറയിൽ ഉരുളൽ (ശയനപ്രദക്ഷിണം) തുടങ്ങിയവ വണക്കത്തിന്റെ കൂടുതൽ ഉയർന്ന രൂപങ്ങളായി തോന്നാം. എന്നാൽ ശ്രമം, ശ്രദ്ധ, മനുഷ്യന് താൻ ആരാണെന്ന ശരിയായ ബോധം ഉണ്ടാക്കൽ– ഇക്കാര്യങ്ങളിലെല്ലാം മികച്ചുനിൽക്കുന്നത് ഇസ്‌ലാമിലെ സുജൂദാണ് എന്ന് എനിക്ക് ബോധ്യമായിട്ടുണ്ട്. നെറ്റിയും നാസികയും തറയിലമരുമ്പോൾ നയനങ്ങളും അവിടെ തന്നെ. ചുണ്ടുകളും ഭൂമിക്കരികെ. ഹൃദയം കുനിഞ്ഞുനില്ക്കുന്നു. തല നില

ത്തുവെച്ച് ഹൃദയം കുനിക്കുന്നതെന്തിനുവേണ്ടിയാണ്? ആ രണ്ട് അവയവങ്ങളാണ് ദൈവം മനുഷ്യന് സവിശേഷമായി നല്കിയ രണ്ട് അനുഗ്രഹങ്ങൾ. മനുഷ്യന് ലോക നേതൃത്വം (ഖിലാഫത്ത്) ലഭിച്ചത് മറ്റു അവയവങ്ങൾ മൂലമല്ല. മൃഗങ്ങൾക്കും പക്ഷികൾക്കും ജലജീവികൾക്കും ഇതര അവയവങ്ങൾ മനുഷ്യനെക്കാൾ ബലവത്തായവയാണ്. മനുഷ്യശിരസ്സിനുള്ളിലെ ബുദ്ധിയാണ് അവന്റെ ഭരണകേന്ദ്രം. വൻതോതിൽ ബുദ്ധിനൽകപ്പെട്ട മൃഗങ്ങളുണ്ട്. പക്ഷേ, മനുഷ്യബുദ്ധിയുടെ സവിശേഷഭാഗം – ചിന്തിക്കാനും ആലോചിക്കാനുമുള്ള ശേഷി – മറ്റു ജീവജാലങ്ങൾക്കില്ല. ഈ വിശേഷബുദ്ധിയുമായാണ് ദൈവം മനുഷ്യന് ലോക നേതൃത്വം നൽകിയത്. ആ ബുദ്ധിയെ അത് നല്കിയവന് പൂർണമായും കീഴ്പ്പെടുത്തുകയാണ് ശിരസ്സുനമിക്കുന്നതിലൂടെ ചെയ്യുന്നത്. ജീവചൈതന്യം നിലനിർത്തുന്ന മാന്ത്രികച്ചെപ്പാണ് ഹൃദയം. ഈ ഹൃദയത്തെയും ദൈവത്തിന്റെ മുമ്പിൽ കുനിക്കുന്നു ഇസ്‌ലാമിലെ ആരാധനാക്രമം. മസ്തിഷ്കവും അതിലേക്ക് രക്തം പ്രവഹിക്കുന്ന ഹൃദയവുമാണ് ദൈവത്തിന് വിപരീതം പ്രവർത്തിക്കുന്ന കലാപഭൂമികളായി മാറാൻ ഏറെ സാധ്യതയുള്ള അവയവങ്ങൾ. ദൈവത്തെ ധിക്കരിച്ച് ജീവിച്ചവരുടെ ചരിത്രം വായിച്ചാൽ അവരാരും വിവരംകെട്ടവരായിരുന്നില്ലെന്ന് കാണാം. വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്ന ഇബ്‌ലീസ് വളരെ വലിയ ബുദ്ധിജീവിയായിരുന്നു. ചരിത്രത്തിൽ കാണുന്ന ദൈവധിക്കാരികൾ, ഈജിപ്തിന്റെ ഏകഛത്രാധിപതി, നംറൂദ് പോലുള്ളവരെല്ലാം ഉയർന്ന ബുദ്ധിശാലികളായിരുന്നു. വിദ്യാഭ്യാസ-വൈജ്ഞാനികമണ്ഡലങ്ങളിൽ അവരൊക്കെ വലിയ നിപുണന്മാരായിരുന്നു. അവരുടെ ബുദ്ധിശക്തി സർവശക്തനെപ്പോലും എതിർത്ത് ധിക്കാരം പ്രവർത്തിച്ചു. ഈ ശതകത്തിലും ഇത്തരം 'ബുദ്ധിരാക്ഷസൻമാരെ' കാണാം. അത്തരക്കാരുടെ ശിരസ്സും ബുദ്ധിയും ഹൃദയവും വിശ്വാസികൾക്ക് വന്നുഭവിക്കാതിരിക്കുന്നതിനുവേണ്ടിയാണ് ശിരസ്സ് തറയിൽവെക്കുന്ന ഈ ആരാധനാരൂപം ഏർപ്പെടുത്തിയതെന്ന് ഞാൻ കരുതുന്നു. ശരീരത്തിന്റെ പല ഭാഗങ്ങളെയും ചലിപ്പിക്കുന്ന കേന്ദ്രമണ്ഡലമാണ് ശിരസ്സ്. അതുകൊണ്ട് ശിരസ്സുകൊണ്ടുള്ള ഈ വണക്കം എല്ലാ അവയവങ്ങളുടെയും വണക്കമാണെന്ന് പറഞ്ഞാലും ശരിയാണ്.

സുജൂദിൽ എനിക്ക് ഒരു പ്രത്യേക അനുഭൂതിയുണ്ടാകുന്നു. എല്ലാവർക്കും അങ്ങനെത്തന്നെയാണോ എന്നെനിക്കറിയില്ല. ശിരസ്സുൾപ്പെടെ എട്ട് അംഗങ്ങൾ തറയിലാണല്ലോ. നയനങ്ങൾ മിഴിച്ചിരിക്കുന്നു. ദേഹം ഇവിടെത്തന്നെയാണുള്ളത്. എന്നാൽ മനസ്സ് ഞാൻ നമസ്കരിക്കുന്ന സ്ഥലം വിട്ട് മേലോട്ടുയരുന്നു. ഗഗനവീഥിയിൽചെന്ന്, അഖില പ്രപഞ്ചത്തെയും താണ്ടി പ്രകാശവും ഇരുട്ടും കലർന്ന വിൺപരപ്പിൽ, ദൈവസ്തോത്രം നേർത്ത സംഗീതത്തോടെ ശ്രവിക്കുന്ന അനുഭവം ഓരോ നമസ്കാരത്തിലുമുണ്ടാകുന്നു. അപ്പോഴാണ് 'പരമോന്നതനായ എന്റെ നാഥനെ ഞാൻ പരിശുദ്ധപ്പെടുത്തുന്നു' എന്ന എന്റെ ചുണ്ടുകളുടെ ആവർത്തിച്ചുള്ള മന്ത്രം. 'അല്ലാഹു അക്ബർ' എന്ന ശബ്ദമാണ് ആ സുഖാനുഭൂതിയിൽ നിന്ന് എന്നെ വിളിച്ചുണർത്തുന്നത്. പിന്നീട് നിവർന്നിരിക്കുന്നു; വീണ്ടും സാഷ്ടാംഗം. വാനാരോഹണം; സുഖാനുഭൂതി; ദൈവമഹത്വമുണർത്തുന്ന മന്ത്രം!

അതിനുശേഷം നമസ്കാരത്തിൽ എന്നെ രോമാഞ്ചം കൊള്ളിക്കുന്ന ഭാഗം ഇരുന്നുകൊണ്ട് (അത്തഹിയ്യാത്ത്) പ്രാർഥിക്കുമ്പോഴാണ്. അല്ലാഹു അല്ലാതെ ആരാധനക്കർഹനായി ആരുമില്ല എന്ന് പ്രഖ്യാപിച്ച് ചൂണ്ടുവിരൽ ഉയർത്തുമ്പോൾ എന്താണ് അനുഭവപ്പെടുന്നതെന്നോ? ആ വിരലിൽ നിന്നൊരു മിന്നലുണ്ടാകുന്നു. ആ പ്രകാശം ഹൃദയത്തിൽ പ്രതിഫലിച്ച് ബുദ്ധി യിലേക്ക് പടരുന്നതു പോലുള്ള ഒരു പ്രതീതി. ദേഹമാസകലം വൈദ്യുതി വ്യാപിച്ച് ഉള്ളിൽ പ്രകാശം പരക്കുന്നതുപോലെ. ഓരോ നമസ്കാരത്തിലും ദൈവത്തോടുള്ള പ്രാർഥനകളിലും (ദുആ) സാധാരണ ജീവിതത്തിലും, ലാഇ ലാഹ ഇല്ലല്ലാഹ് എന്ന വാക്യം കേൾക്കുമ്പോൾ രോമാഞ്ചജനകമായ ഈ അനുഭൂതിയുണ്ടാകുന്നു. ഇതുപോലെ, നമസ്കാരത്തിൽ 'മുഹമ്മദ്' എന്ന നാമം ഉച്ചരിക്കുമ്പോഴെല്ലാം ആനന്ദാതിരേകമുളവാകുന്നു. എല്ലാം കഴിഞ്ഞ് അസ്സലാമു അലൈക്കും വ റഹ്മതുല്ലാഹ് എന്ന് പറഞ്ഞ് നമസ്കാര ത്തിൽനിന്ന് വിരമിക്കുമ്പോഴാണ് ഈ ലോകത്തേക്ക് തിരിച്ചുവന്നതായി തോന്നുന്നത്. ഈ അദ്ഭുതകരമായ അനുഭൂതി ആസ്വദിക്കാനുള്ള അവസരം മുസ്ലിംകളല്ലാത്തവർക്ക് എന്നാണ് കൈവരിക എന്ന ചിന്ത എന്നെ സദാ മഥിച്ചുകൊണ്ടിരിക്കുന്നു. നമസ്കാരത്തിന്റെ സുഖാനുഭൂതി ആസ്വദിക്കാൻ തുടങ്ങിയ നാൾ മുതൽ കാണുന്നവരോടെല്ലാം ഞാൻ പറയുന്നു: "സഹോ ദരാ, ഇതു മന്ദമാരുതനാണ്. ആസ്വദിക്കാൻ വരൂ; പൂന്തേനാണ് നുകരാൻ വരൂ."

## 12. അറബി ഭാഷയും നമസ്കാരവും

നമസ്കാരം തുടങ്ങിയപ്പോൾ അറബി വചനങ്ങളുരുവിടുന്നത് ഏറെ ശ്രമ കരമായി അനുഭവപ്പെട്ടു. വിശുദ്ധ ഖുർആനിലെ ഒരു വാക്ക് പോലും എനിക്ക് വായിക്കാനറിയുമായിരുന്നില്ല. തമിഴിലും ഇംഗ്ലീഷിലും എഴുതിയ ഒന്നുരണ്ടു സൂക്തങ്ങൾ മാത്രമേ പരിചയമുണ്ടായിരുന്നുള്ളൂ. നമസ്കാരത്തിലെ ഖുർ ആൻ പാരായണം അറബിയിൽ തന്നെയായിരിക്കണമെന്നുണ്ടോ? അവരവ രുടെ ഭാഷയിൽ നമസ്കരിച്ചാലെന്താണ്? ഇങ്ങനെ ചോദിക്കുന്നവരുണ്ടാകാം. ശാന്തമായി വിശദീകരിച്ചുകൊടുത്താൽ അവർ യാഥാർഥ്യം ഗ്രഹിക്കുമെ ന്നാണ് ഞാൻ കരുതുന്നത്. അറബി ഭാഷയിലാണ് ഖുർആൻ അവതീർണമാ യതെന്നത് ശരി. എന്നാൽ ആ ദൈവിക വേദത്തിന്റെ ഭാഷ അറബി ഭാഷക്കും വഴങ്ങുന്നതല്ല. വിശുദ്ധ ഖുർആൻ തന്നെ അറബി ഭാഷാനിപുണൻമാരെ അക്കാലത്ത് വെല്ലുവിളിച്ചു: "നിങ്ങൾക്കാവുമെങ്കിൽ ഇതിന് തുല്യമായൊരു വചനം നിർമിച്ചു കൊണ്ടുവരൂ." അക്കാലത്തെ അറബി ഭാഷാപടുക്കൾ ഒന്നിച്ചു ശ്രമിച്ചുനോക്കി, പരാജയപ്പെട്ടു എന്നതാണ് ചരിത്രം. എന്താണിത് വ്യക്തമാക്കുന്നത്? വിശുദ്ധ ഖുർആൻ അറബിയിലാണെങ്കിലും യഥാർഥ ത്തിൽ അതിന്റെ ഭാഷ ദൈവഭാഷയാണ്. അല്ലാഹുവിന്റെ ഭാഷ. അല്പം വിശദീകരിക്കാം. അറബി പല രാജ്യങ്ങളിലേയും സംസാരഭാഷയാണ്. പക്ഷേ, ഓരോ രാജ്യത്തും ഓരോ വിധത്തിലാണത്. അതേസമയം, വിശുദ്ധ ഖുർ ആൻ എല്ലാ രാജ്യങ്ങളിലും ഒരേ വിധമാണുള്ളത്. പാരായണത്തിലും ഐക

രൂപ്യം കാണാം. ഗൾഫ് നാടുകളിലെ ജോലിക്കുവേണ്ടി അറബിഭാഷ പഠിക്കുന്നവരുണ്ടല്ലോ, അവരോട് വിശുദ്ധ ഖുർആനിലെ ഒരു സൂക്തത്തിന്റെ അർഥമന്വേഷിച്ചു നോക്കുക. അവർ ഊമകളായി കൈ മലർത്തുന്നത് കാണാം. ദൈവഭാഷയിൽ ദൈവം ഇറക്കിയതാണ് വിശുദ്ധ ഖുർആൻ. അത് എല്ലാ മനുഷ്യർക്കും സ്വന്തമാണ്. ആർക്കും അന്യമല്ല.

## വേദ ഭാഷാപഠനത്തിന്റെ പ്രസക്തി

വിശുദ്ധ ഖുർആൻ അവരവരുടെ ഭാഷകളിൽ വിവർത്തനം ചെയ്ത്, ആ തർജമകൾ നമസ്കാരത്തിൽ പാരായണം ചെയ്യാമല്ലോ; ക്രൈസ്തവരും ഇതര മതസ്ഥരും അനുവർത്തിച്ചുവരുന്ന ഈ സമ്പ്രദായം മുസ്ലിംകൾക്കും സ്വീകരിക്കാവുന്നതല്ലേ എന്ന് ചിലർ ചോദിച്ചേക്കാം. അതിനുള്ള മറുപടി, വിശുദ്ധ ഖുർആൻ നൂറു ശതമാനവും അങ്ങനെത്തന്നെ ഭാഷാന്തരം ചെയ്യുക സാധ്യമല്ല. കാരണം, ഖുർആൻ ദൈവ ഭാഷയാണെന്നത് തന്നെ. അതിന്റെ ആശയം വ്യക്തമാക്കാം. വിവരണം നൽകാം. വ്യാഖ്യാനിക്കാം. എന്നാൽ കണിശമായ ഭാഷാന്തരം സാധ്യമല്ല. വിശുദ്ധഖുർആൻ പരിഭാഷപ്പെടുത്തിയ പണ്ഡിതൻമാർ തങ്ങളുടെ തർജമകളെ വിശുദ്ധ ഖുർആനായി പരിചയപ്പെടുത്തുന്നില്ല. കവികൾ പറയാറുണ്ട്: “ഒരു കവിത മൂലഭാഷയിൽ പാരായണം ചെയ്തെങ്കിൽ മാത്രമേ അതിന്റെ ആഴവും അഴകും മനസ്സിലാക്കാൻ കഴിയുകയുള്ളൂ.” ക്ഷണികമായ കവിതകളെക്കുറിച്ചുള്ള അഭിപ്രായമാണിത്. ഒരു ശതാബ്ദം പോലും നിലനിൽക്കാത്ത കവിതകൾ പാരായണം ചെയ്യാൻ അവയുടെ മൂലഭാഷ പഠിക്കേണ്ടതുണ്ടെങ്കിൽ, 1400 വർഷമായി നിലനില്ക്കുന്ന, ലോകാന്ത്യം വരെയും അതിനുശേഷവും നിലനില്ക്കേണ്ട ദൈവഭാഷയുടെ കാര്യം പറയേണ്ടതുണ്ടോ? ദൈവഭാഷയുടെ വേഗവും ഭാരവും എത്രമാത്രമായിരുന്നെന്നോ? ദൈവഭാഷ വിശുദ്ധ ഖുർആൻ വാക്യങ്ങളായി അവതീർണമാകുമ്പോൾ, കരുത്തുറ്റ ശരീരത്തോടുകൂടിയ പ്രവാചകൻ, വിയർത്ത് മുഖം നിറയെ മുത്തുമണികൾ തൂങ്ങിനിന്നിരുന്നതായി നാം വായിക്കുന്നു. ഒരിക്കൽ നബിതിരുമേനി ഒട്ടകപ്പുറത്തിരിക്കെ ദൈവഭാഷ അവതീർണമായപ്പോൾ അതിന്റെ ഭാരം താങ്ങാനാവാതെ ഒട്ടകം നിലംപൊത്തിയതായി ചരിത്രത്തിൽ കാണാം. ഈ സംഭവങ്ങളുടെ ആന്തരാർഥം ഗ്രഹിക്കുന്നവർ അറബിഭാഷ പഠിക്കാൻ ഉത്സാഹത്തോടെ മുന്നോട്ടുവരും. ഈ ഉത്സാഹമാണ് എനിക്കുണ്ടായത്. ഒരു ഭാഷ പഠിക്കുമ്പോൾ അതിന്റെ ലിപി, ആലേഖന രീതി, ഉച്ചാരണം തുടങ്ങിയവ ആദ്യം ഭീഷണി ഉയർത്തും. എനിക്കും അത്തരം അനുഭവം തന്നെയാണുണ്ടായത്. അറബി ഉച്ചാരണം എന്റെ നാവിന് വഴങ്ങിയിരുന്നില്ല. വലത്തു നിന്ന് ഇടത്തോട്ട് എഴുതുന്നതും പ്രയാസമുണ്ടാക്കി. എന്നാൽ “ഇത് ദൈവത്തിന്റെ ഭാഷയാണ്. പാരായണം ചെയ്തേ തീരൂ” എന്ന ദൃഢനിശ്ചയത്തിന്റെ മുമ്പിൽ അറബി ഭാഷ സാവധാനം ചെല്ലക്കിളിയായി തോളിലിരുന്നു.

ആറായിരം നാഴികക്കപ്പുറത്തുനിന്നു വന്ന് ആധിപത്യം വാണവരുടെ ഭാഷ പലരും തൊഴുതു പഠിച്ചു. ഏതാനും ആയിരം രൂപാ ശമ്പളം ലഭിക്കും എന്നു കേട്ടപാടെ പലരും അന്യഭാഷ വീണുകിടന്ന് പഠിച്ചു. പര്യടനങ്ങൾ സുഖകരമാക്കാൻ ‘മുപ്പത് ദിവസങ്ങളിൽ ഒരു ഭാഷ’ വാങ്ങി വായിക്കുന്നു.

എങ്കിൽ ആത്മീയ ജീവിതം ഈടുറ്റതാക്കാൻ സഹായിക്കുന്ന ദൈവഭാഷ പഠിക്കുന്നതിൽ മാത്രം എന്താണിത്ര ആലസ്യം?

മറ്റൊന്ന്: ഈ ആധുനിക ലോകത്ത് ഏകഭാഷാപഠനം കൊണ്ടു മതിയാക്കുന്ന നാഗരിക ജനസമൂഹം എവിടെയാണുള്ളത്? നഗരവാസികളുടെ സംസാരത്തിൽ പകുതിയും ഇംഗ്ലീഷാണ്. ഇങ്ങനെ നോക്കിയാൽ ആരും ഏകഭാഷാതത്വമംഗീകരിച്ച് ഈ ലോകത്ത് ജീവിക്കുന്നില്ലെന്ന് കാണാം. ജീവിതത്തിൽ ഇടുക്കവും ആവശ്യവും നേരിടുമ്പോൾ എല്ലാവരും ഇതര ഭാഷകൾ പഠിക്കാൻ സന്നദ്ധരാവുന്നു. ഏതും അടിച്ചേല്പിക്കുമ്പോഴാണ് കുഴപ്പം. ദൈവഭാഷ അടിച്ചേല്പിക്കപ്പെട്ടതല്ല; അനുഗ്രഹിച്ചരുളപ്പെട്ടതാണ്. ഒരാൾക്കോ രണ്ടുപേർക്കോ ഒരു ഭാഷക്കാർക്കോ രാജ്യനിവാസികൾക്കോ അല്ല; മുഴുവൻ മനുഷ്യരാശിക്കും വേണ്ടി ദൈവം നമുക്കു കനിഞ്ഞരുളിയ ഒന്നിനെ നാം തട്ടിത്തെറിപ്പിക്കുന്നത് പന്തിയാണോ എന്ന് എന്റെ മനസ്സ് അടിക്കടി ചോദിച്ചുകൊണ്ടിരിക്കുന്നു. ക്രൈസ്തവരെപ്പോലെ, അല്ലെങ്കിൽ മറ്റുള്ളവരെപ്പോലെ തർജമകളെ വേദമായി കരുതാവുന്നതാണോ? മറുപടി വ്യക്തമാണ്: ആ വേദങ്ങൾ ദൈവമരുളിയ ഭാഷകളിൽ – സാക്ഷാൽ രൂപത്തിൽ – നിലവിലില്ല. പ്രവാചകന്മാരുടെ ചരിത്രകഥകളും ഉപദേശങ്ങളുമാണവ. അതുകൊണ്ട് ക്രൈസ്തവരുടെ സമ്പ്രദായം അനുധാവനം ചെയ്യുന്നതിൽ പ്രസക്തിയില്ല. മറ്റൊരു സവിശേഷത, വിശുദ്ധ ഖുർആൻ ഏതാനും പേർക്കുമാത്രം പാരായണം ചെയ്യാനവകാശമുള്ള വേദമല്ല. ഒരു വിഭാഗമാളുകളുടെ കുത്തകയാക്കിവെച്ച് മറ്റുള്ളവർക്ക് വിലക്കേർപ്പെടുത്തപ്പെട്ട ഗ്രന്ഥവുമല്ല. എല്ലാവരും പാരായണം ചെയ്യാൻ വേണ്ടി അവതീർണമായതാണ്. ഖുർആൻ എന്നാൽ 'പാരായണം ചെയ്യാൻ അർഹമായത്' എന്ന് സാരം. ഇക്കാര്യങ്ങളെക്കുറിച്ച് ബോധവാനായി ഞാൻ അറബി ഭാഷ പഠിക്കാനൊരുങ്ങിയപ്പോൾ അതിന്റെ ആരംഭരീതിതന്നെ പുതുമയുള്ളതായി തോന്നി. ദൈവനാമം– ബിസ്മില്ലാഹ്– ഉച്ചരിച്ചുകൊണ്ടാണ് പാഠം തുടങ്ങിയത്. "ഈ ശ്രമം എനിക്ക് എളുപ്പമാക്കിത്തരണേ നാഥാ" എന്ന് അധ്യാപകൻ പ്രാർഥിക്കുമ്പോൾ വിദ്യാർഥിയും ഏറ്റുചൊല്ലുന്ന പ്രാർഥനയാണ് എന്നെ കൂടുതൽ ആശ്ചര്യപ്പെടുത്തിയത്. ഒരു മതത്തിലും ഇങ്ങനെയൊരു പ്രാർഥനാപാഠമുള്ളതായി എനിക്കറിയില്ല.

എളുപ്പമാക്കണേ എന്ന് നാം പ്രാർഥിക്കുന്നു. 'ഈ വേദത്തെ നാം എളുപ്പമാക്കിവെച്ചിരിക്കുന്നു' എന്നൊരു വചനം വിശുദ്ധ ഖുർആനിൽ കാണാം. നമ്മുടെ പ്രാർഥനകൾക്ക് ദൈവം നേരത്തെത്തന്നെ ഉത്തരം നൽകിയിട്ടുണ്ടല്ലോ! എന്റെ ഗുരുനാഥൻ പ്രാർഥിക്കുകയും, ഞാൻ അതേറ്റുചൊല്ലുകയും ചെയ്യുമ്പോൾ, 'എളുപ്പമാക്കുന്നത്' എനിക്കുമാത്രമാണോ; അധ്യാപകന്നും ചേർത്താണോ? എനിക്ക് രോമാഞ്ചമുണ്ടായി. വിദ്യാർഥികൾക്ക് മാത്രമാണോ പഠനം ശ്രമകരം? അധ്യാപകന്നും അത് ശ്രമകരം തന്നെയാണ്. 'എളുപ്പമാക്കണേ' എന്ന പ്രാർഥന അധ്യാപകൻ സ്വയം മറന്നുകൊണ്ട് ഉരുവിടുന്നു. അതുകൊണ്ടാണ് അറബി ഭാഷ വിദ്യാർഥികൾക്കെല്ലാം വലിയ പ്രയാസം കൂടാതെ അഭ്യസിക്കാൻ സാധിക്കുന്നതെന്ന് പറയപ്പെടുന്നു. ഇതോടൊപ്പം മറ്റൊന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്. അറബി ഭാഷ പൂർണമായും പഠിച്ച് അറബി പണ്ഡിതനായ ശേഷമേ ഇസ്‌ലാമാശ്ലേഷിക്കാൻ പാടുള്ളൂ എന്നില്ല. ആദ്യം, കൊച്ചുകൊച്ചു വാക്കുകൾ വായിച്ചാൽ മതി, അല്ലാഹു അക്ബർ,

ലാഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുർറസൂലുല്ലാഹ് പോലുള്ളവ. പിന്നീട് 'അൽഹംദു' എന്നു തുടങ്ങുന്ന അധ്യായം. അതിനു ശേഷം മറ്റു ചെറിയ ചെറിയ അധ്യായങ്ങൾ-ഇങ്ങനെയാണ് ഞാൻ പഠനം തുടങ്ങിയത്. ഇപ്പോൾ വിശുദ്ധ ഖുർആൻ തപ്പിപ്പിടിച്ച് സാവധാനം പാരായണം ചെയ്യാൻ എനിക്ക് കഴിയുന്നുണ്ട്. സർവ സ്തുതിയും അല്ലാഹുവിന്.

## 13. പള്ളിയിലേക്ക്

മുസ്‌ലിമാകുന്നതിന് മുമ്പു തന്നെ ഇസ്‌ലാമിക അനുഷ്ഠാന മുറകളിൽ ഞാൻ ആകൃഷ്ടനായി. ദേഹത്ത് കുറെ വെള്ളം കോരിയൊഴിക്കൽ, അഥവാ വെള്ളത്തിൽ കിടക്കൽ ഇതായിരുന്നു ഞാൻ ശീലിച്ച കുളിയുടെ രൂപം. ഒരു രോമകൂപം നനയാതിരുന്നാൽ കുളി പൂർണമാവുകയില്ലെന്ന ഇസ്‌ലാമിക അധ്യാപനമറിഞ്ഞപ്പോൾ ഞാൻ കോൾമയിർകൊണ്ടു. എന്റെ കുളിയുടെ ക്രമം തന്നെ മാറി.

വസ്ത്രധാരണം കേവലം 'ആഡംബരപ്രകടന'മായിരുന്നു എനിക്ക്. വസ്ത്രം നിലത്ത് വലിച്ചിഴച്ചുകൊണ്ടായിരുന്നു എന്റെ നടത്തം. എങ്കിൽ മാത്രമേ നടത്തത്തിന് ഗംഭീരഭാവം കൈവരൂ എന്നായിരുന്നു എന്റെ ധാരണ. വസ്ത്രധാരണത്തിൽ വിനയവും വെടിപ്പുമാണ് പരിഗണിക്കേണ്ടതെന്നും വസ്ത്രം നിലത്ത് വലിച്ചിഴച്ച് നടക്കരുതെന്നുമുള്ള ഇസ്‌ലാമിക ശാസനകൾക്കനുസൃതമായി ഞാൻ വസ്ത്രമണിയാൻ തുടങ്ങിയപ്പോൾ എന്റെയുള്ളിലെ ഗർവും അഹങ്കാരവും നിശ്ശേഷം തുടച്ചുമാറ്റപ്പെട്ടു.

ഇസ്‌ലാം അനുവദിക്കാത്ത ചില ദുഃസ്വഭാവങ്ങൾ എന്നിലുണ്ടായിരുന്നു. മുസ്‌ലിമാകുന്നതിന് മുമ്പു തന്നെ ഞാൻ അവ ഓരോന്നായി കൈവെടിയാൻ തുടങ്ങി. അതെല്ലാം കയ്യൊഴിച്ചപ്പോൾ എന്റെ ദേഹത്തിൽതന്നെ പ്രകടമായ മാറ്റങ്ങളുണ്ടായി. ദുർഗന്ധവും അതിസാരവും കണ്ണിന്റെ ചുവപ്പു നിറവും സംസാരത്തിലെ കുഴച്ചിലും അപ്രത്യക്ഷമായി. ശരീരം ശുദ്ധമായി; ഇസ്‌ലാം എന്റെ ശ്വാസം പോലും സുഗന്ധമുള്ളതാക്കി മാറ്റിയോ എന്ന് ഞാൻ അതിശയിച്ചുപോയി. സംസാരത്തിലും പെരുമാറ്റത്തിലും ഇസ്‌ലാമിക അധ്യാപനങ്ങൾ പരിവർത്തനമുണ്ടാക്കി. മുരടത്തം, അഹംഭാവം, എടുത്തുചാട്ടം തുടങ്ങിയവ വളരെ ഉയർന്ന ഗുണങ്ങളായാണ് മുമ്പെല്ലാം ഞാൻ കരുതിയിരുന്നത്. മാന്യമായ സംസാരത്തിനും സൗമ്യമായ പെരുമാറ്റത്തിനും ഇസ്‌ലാം ഊന്നൽ നൽകുന്നതുകണ്ട് അത് ഞാൻ പരീക്ഷിച്ചുനോക്കി. പിന്നീട് എന്നിലേക്ക് ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ 'മനുഷ്യത്വവും വിശാലമനസ്കതയും' ഹൃദയത്തിൽ പൂത്ത് നിറഞ്ഞ് നില്ക്കുന്നതു കണ്ടു. ചുരുക്കത്തിൽ, കാലത്ത് കൺമിഴിക്കുന്നത് മുതൽ ഉറങ്ങുന്നതു വരെയുള്ള എന്റെ ഓരോ ചെയ്തിയിലും ഇസ്‌ലാം പരിവർത്തനങ്ങളുണ്ടാക്കി. ഇത്രയും കാര്യങ്ങൾ മുസ്‌ലിമാകാതെ തന്നെ ഇസ്‌ലാമിക സ്വഭാവരീതികൾ ഞാൻ സ്വായത്തമാക്കിയപ്പോഴുണ്ടായ മാറ്റങ്ങളാണ്. പരിപൂർണമായ ഒരു മാർഗം എന്നെ പരിപൂർണമാക്കിക്കൊണ്ടിരുന്നു. അവിടം മുതലാണ് ഞാൻ ഇസ്‌ലാമിക ഗ്രന്ഥങ്ങ

ളെഴുതാൻ തുടങ്ങിയത്.

ഇത്രയും എഴുതുന്ന താങ്കൾ ഇനിയും എന്തുകൊണ്ടാണ് മുസ്ലിമാകാത്തത് എന്ന ചോദ്യങ്ങളുദ്ഭവിച്ചുകൊണ്ടേയിരുന്നു. ഉത്തരേന്ത്യയിൽ നിന്നും തെന്നിന്ത്യയിൽ നിന്നും വിദേശങ്ങളിൽ നിന്നുമായി വന്ന ഈ ചോദ്യശരങ്ങൾ ഒരു കൂടുതീർത്ത് എന്നെ അതിൽ കുടുക്കി. ആ ശരപഞ്ജരം പിന്നീട് പള്ളിയെ ലക്ഷ്യമാക്കി നീങ്ങാൻ തുടങ്ങി! വിശുദ്ധവാക്യം (കലിമ) ഉച്ചരിക്കുന്ന അനുഭവം രോമാഞ്ചജനകമാണ്. 1987 ജൂൺ 6-നു ചെന്നൈ മണ്ണടി മഅമൂർ മസ്ജിദിൽ വെച്ച് പേശി ഇമാം ഇൽയാസ് എനിക്കു വിശുദ്ധവാക്യം ചൊല്ലിത്തന്നു; ഞാൻ അത് ഹൃദയംഗമമായി മൊഴിഞ്ഞു. അബ്ദുല്ലാ എന്ന നാമവും സ്വീകരിച്ചു.

## സഹധർമിണിയുടെ ഇസ്ലാമാശ്ലേഷം

എന്റെ ഇസ്ലാമാശ്ലേഷത്തിൽ സന്തോഷം രേഖപ്പെടുത്തിക്കൊണ്ട് തമിഴകത്തുനിന്നും പുറത്തുനിന്നും എനിക്ക് അനുമോദന സന്ദേശങ്ങൾ വന്നു കുമിഞ്ഞു. പക്ഷേ, എന്റെ മനസ്സിൽ സ്വന്തം സഹധർമിണി ഇസ്ലാം ആശ്ലേഷിച്ചിട്ടില്ലല്ലോ എന്ന വ്യഥയായിരുന്നു. എന്റെ ഭാര്യ ക്രിസ്ത്യാനിയാണ്. എന്റെ ഇസ്ലാമിക ബന്ധത്തെക്കുറിച്ച് അവർ ബോധവതിയാണ്. പക്ഷേ, "യേശു ദൈവ പുത്രനല്ല; പ്രവാചകൻ മാത്രമാണ്" എന്ന ഇസ്ലാമികാധ്യാപനം അംഗീകരിക്കുവാൻ അവർ മടികാണിച്ചു. എനിക്കറിയാവുന്ന വിശദീകരണങ്ങൾ പലപ്പോഴായി ഞാൻ അവർക്ക് പറഞ്ഞുകൊടുത്തു. ഉള്ളതു പറഞ്ഞാൽ, എന്റെ സഹധർമിണി ഇസ്ലാം മാർഗം പുണരാൻ ഞാൻ പെട്ട പാട് നൃത്ത സംഗീത വാദ്യങ്ങൾക്ക് താളം ക്രമീകരിക്കുന്നതിനേക്കാൾ ശ്രമകരമായിരുന്നു. സ്ത്രീകൾ ഇസ്ലാമാശ്ലേഷിക്കുക എന്നത് മഹത്തായ ദൈവാനുഗ്രഹമായാണ് ഞാൻ കരുതുന്നത്. അല്ല, നിങ്ങളുടെ ഭാര്യ ഇനിയും ഇസ്ലാമാശ്ലേഷിക്കാത്തത് എന്തുകൊണ്ടാണെന്ന് 'ഉത്തരവാദിത്തബോധ'ത്തോടെ ചോദിച്ച ഒരു സുഹൃത്തിനെ ഞാൻ കൂട്ടിക്കൊണ്ടു പോയി അവരുടെ ചോദ്യങ്ങൾക്ക് മറുപടി നല്കാനാവശ്യപ്പെട്ടു. എന്റെ ഭാര്യ ചോദ്യം തുടങ്ങി. അവിടെ നിന്നു എഴുന്നേറ്റുപോയ സുഹൃത്ത് പിന്നെ തിരിച്ചുവന്നില്ല. പലപ്പോഴും എനിക്ക് മൗനം പാലിക്കേണ്ടിവന്ന അവരുടെ ചില ചോദ്യങ്ങൾക്ക് ഞാൻ മറുപടി കണ്ടെത്തി. എനിക്ക് സാധ്യമായ രീതിയിൽ അവർക്ക് ഞാനത് പറഞ്ഞുകൊടുത്തു. എങ്കിലും ഉടനെ ഫലമൊന്നുമുണ്ടായില്ല. ഞാൻ പറഞ്ഞു: ശരി, എന്റെ നമസ്കാരം നീ ശ്രദ്ധിക്കുക. അവർ എന്റെ നമസ്കാരം സൂക്ഷ്മമായി നിരീക്ഷിക്കാൻ തുടങ്ങി. ഞാൻ 'വുദൂ' (അംഗശുദ്ധി) ചെയ്യുന്നത്, ഏകാഗ്രതയോടെ നമസ്കാരത്തിന് നില്ക്കുന്നത്, നമസ്കരിക്കുന്നത് എല്ലാം അവർ പലതവണ നിരീക്ഷിച്ചു. "നാഥാ! എന്റെ സഹധർമിണിയെ നിന്റെ മാർഗത്തിൽ ഉൾപ്പെടുത്തണേ!" എന്ന് നിറമിഴികളോടെ ഇരുകരം നീട്ടി ഞാൻ ദൈവത്തോട് പ്രാർഥിക്കുന്നതും അവർ കണ്ടിട്ടുണ്ടാവണം. ഒരിക്കൽ അവർ മനസ്സുകലങ്ങി പറയുകയുണ്ടായി: "നിങ്ങൾ വേണമെങ്കിൽ ഒരു മുസ്ലിം സ്ത്രീയെ വിവാഹം ചെയ്തുകൊള്ളുക. എന്നെയൊന്നു ഒഴിവാക്കിത്തന്നാൽ മതി." മുപ്പതു വർഷമായി തുടരുന്ന നമ്മുടെ ദാമ്പത്യബന്ധം വേർപ്പെടുത്താൻ സാധ്യമല്ലെന്നു ഞാൻ പറഞ്ഞു. എന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പുന്നതു

കണ്ടപ്പോൾ അവർ ഇസ്‌ലാമാശ്ലേഷിക്കാൻ തീരുമാനിച്ചതായി വാക്കുതന്നു. 1987 ആഗസ്റ്റ് 8-നു ബലിപെരുന്നാൾ സുദിനത്തിൽ അവർ വിശുദ്ധ വാക്യമുച്ചരിച്ചു. ഫാത്വിമ എന്ന പേർ സ്വീകരിച്ചു. വീണ്ടും ഒരു പ്രതിസന്ധി. അവരുടെ ഇസ്‌ലാമാശ്ലേഷം രണ്ട് മാസത്തിനു ശേഷമായതുകൊണ്ട് വീണ്ടും നിക്കാഹ് (വിവാഹ ഉടമ്പടി) ചെയ്യേണ്ടതുണ്ടെന്നു പറയപ്പെട്ടു. ആഗസ്റ്റ് 21 -ന് അതും നടന്നു.

## വിശ്വാസികളോട് ഒരഭ്യർഥന

ഇപ്പോഴും എന്റെ മനസ്സ് അലയടിക്കുകയാണ്. കുടുംബത്തിലെ മറ്റംഗങ്ങളും ഇസ്‌ലാമാശ്ലേഷിക്കേണ്ടതുണ്ടല്ലോ എന്ന ആധി എന്നെ അലട്ടുന്നു. ദിവസവും പല സന്ദർഭങ്ങളിലായി അവരെ ഞാൻ ഇസ്‌ലാമിലേക്ക് ക്ഷണിക്കാറുണ്ട്. പക്ഷേ, അവരുടെ ഹൃദയങ്ങളിൽ ദൈവിക മാർഗദർശനത്തിനിനിയും ഇടം ലഭിച്ചിട്ടില്ല. എന്റെ കുടുംബാംഗങ്ങൾ മുഴുവൻ ഇസ്‌ലാമാശ്ലേഷിക്കാനായി സത്യവിശ്വാസികൾ പ്രാർഥിക്കണമെന്നു ഞാൻ അഭ്യർഥിക്കുകയാണ്. അവർ വരുമോ ഇല്ലേ.....? എന്റെ പാത എന്റെ പാദങ്ങൾക്കു കീഴെ. എന്റെ നേത്രങ്ങളോ, സൻമാർഗത്തിലെ വിശാല ചക്രവാളത്തിൽ. എന്റെ രക്ഷിതാവ് ഉദ്ദേശിക്കുന്നതുവരെ ഈ ദൈവദാസൻ പ്രയാണം തുടർന്നുകൊണ്ടേയിരിക്കും.......... പിന്നീട് എന്റെ രക്ഷകൻ എനിക്ക് 'അഴകാർന്ന അന്ത്യം' നൽകും.

## അനുബന്ധം i

# ഉത്തരേന്ത്യയിൽ നിന്നൊരു കത്ത്

**ക**ലൈമാമണി അബ്ദുല്ലാ അടിയാറുടെ 'നാൻ കാതലിക്കും ഇസ്‌ലാം'* വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കൃതിയുടെ ഹിന്ദി പതിപ്പ് വായിച്ച ന്യൂഡൽഹിക്കാരനായ ഒ.പി. ഗുപ്ത ചില സംശയങ്ങൾ ഉന്നയി ച്ചുകൊണ്ട് അടിയാർക്ക് ദീർഘമായ ഒരു കത്ത് (ഹിന്ദിയിൽ) എഴുതുകയുണ്ടായി. സുഹൃത്തുക്കളിൽ ചിലർ അത് പരിഭാഷപ്പെടുത്തുകയും അതിന് മറുപടി എഴു തുകയും ചെയ്തു. ഗുപ്തയുടെ കത്തും അബ്ദുല്ലാ അടിയാറുടെ മറുപടിയു മാണ് താഴെ:

ശ്രീ. അടിയാർ,

എല്ലാ മതങ്ങളുടെയും ഗ്രന്ഥങ്ങൾ താൽപര്യപൂർവം വായിക്കുന്ന ഒരാ ളാണ് ഞാൻ. സർവമതങ്ങളെക്കുറിച്ചും ശരിയായ ധാരണ ഉൾക്കൊള്ളണ മെന്ന് അതിയായ താൽപര്യം എനിക്കുണ്ട്. ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാ ക്കാൻ വിശുദ്ധഖുർആൻ രണ്ടുമൂന്നു തവണ പാരായണം ചെയ്യുകയുണ്ടായി. അതിനു പുറമെ, ഒരുപാട് ഇസ്‌ലാമിക ഗ്രന്ഥങ്ങളും വായിച്ചു. ഈ വായന വഴി, ഇസ്‌ലാമിനോടുള്ള എന്റെ മതിപ്പ് വർധിക്കുകയും തെറ്റായ ധാരണ കൾ നീങ്ങുകയും പുതിയ വിവരങ്ങൾ പലതും ലഭിക്കുകയും ചെയ്തു. താങ്കൾ രചിച്ച് നസീംഗാസി ഹിന്ദിയിലേക്ക് വിവർത്തനം ചെയ്ത 'ഞാൻ സ്നേഹിക്കുന്ന ഇസ്‌ലാം' എന്ന കൃതിയും വായിക്കുകയുണ്ടായി. അതിൽ തിരുനബി (സ)യെക്കുറിച്ച് താങ്കൾ എഴുതിയതത്രയും ഞാൻ അംഗീകരി ക്കുന്നു. അദ്ദേഹത്തെ ഇനിയും വാഴ്ത്തേണ്ടതായുണ്ട് എന്നും മനസ്സിലാ ക്കുന്നു. പ്രസ്തുത കൃതി വായിച്ചപ്പോൾ പുതിയ കുറേ ചോദ്യങ്ങളും എന്റെ മനസ്സിൽ നാമ്പെടുത്തു. അവ ഇവിടെ കുറിക്കുന്നു. ദയവായി താങ്കൾ അവയ്ക്ക് മറുപടി തരണമെന്ന് അപേക്ഷിക്കുന്നു. എന്റെ ധാരണകളിൽ വല്ല പിഴവുമുണ്ടെങ്കിൽ അതകറ്റാനും യാഥാർഥ്യം ഗ്രഹിക്കാനും അതുപകരി

* മലയാളത്തിൽ, 'ഞാൻ സ്നേഹിക്കുന്ന ഇസ്‌ലാം' എന്ന പേരിൽ ഇത് ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ച്ചേക്കും. താങ്കളുടെ പുസ്തകത്തിൽ ഏഴാം പേജിൽ 'വേദത്തിന്റെ അർഥം കാഴ്ചയിൽനിന്ന് മറയ്ക്കലാണെ'ന്ന് പ്രസ്താവിച്ചു കാണുന്നു. വേദം 'അറിവിന്റെ ഭണ്ഡാര'മാണെന്നും അതിൽ പറഞ്ഞിരിക്കുന്നു. പേജ് പതിമൂന്നിൽ, "മതങ്ങളുടെയും വിപ്ലവങ്ങളുടെയും ചരിത്രത്തിൽ, അവയുടെ നായകൻമാർക്കെല്ലാം എതിർപ്പുകൾ നേരിടേണ്ടിവന്നിട്ടുണ്ടെങ്കിലും നബിതിരുമേനിക്കുണ്ടായത്ര രൂക്ഷമായ എതിർപ്പ് മറ്റാർക്കും നേരിടേണ്ടിവന്നിട്ടില്ല"എന്ന് എഴുതിയിരിക്കുന്നു. തിരുമേനിക്ക് ഇത്രയധികം എതിർപ്പുകൾ നേരിടേണ്ടി വന്നത് എന്തുകൊണ്ടാണ്? മറ്റുള്ള മതങ്ങളെ പ്രബോധനം ചെയ്തവർ തങ്ങളുടെ സന്ദേശങ്ങൾ സ്നേഹപൂർവം പ്രചരിപ്പിച്ചപ്പോൾ തിരുമേനി തന്റെ ആശയങ്ങൾ 'ജിഹാദി'ലൂടെ മറ്റുള്ളവരിൽ അടിച്ചേല്പിക്കാൻ തുനിഞ്ഞതല്ലേ ഇതിനു കാരണം? പതിമൂന്നാം പേജിൽ തന്നെ, 'ചിത്രങ്ങൾ, ശിലകൾ, വിഗ്രഹങ്ങൾ എന്നിവയെ ആരാധിക്കരുതെന്ന ആശയം തിരുമേനിയെപ്പോലെ ലോകത്ത് മറ്റൊരു വിപ്ലവകാരിയും പ്രബോധനം ചെയ്യുകയുണ്ടായില്ലെ'ന്ന് പറയുന്നു. ഇതേ ആശയം തന്നെയാണ് ആര്യസമാജം സ്ഥാപകൻ സ്വാമി ദയാനന്ദനും പറഞ്ഞത്. എന്നാൽ അദ്ദേഹം ക്ഷേത്രങ്ങളിൽ നിന്ന് വിഗ്രഹങ്ങളെ നിർമാർജനം ചെയ്തില്ല. പേജ് 14-ൽ പറയുന്നു: "റഷ്യയിൽ കമ്യൂണിസ്റ്റ് ഭരണമാണ്. അതു ദൈവത്തെ നിഷേധിക്കുന്നു. എന്നാൽ വിഗ്രഹങ്ങളെ നശിപ്പിക്കാനോ നീക്കം ചെയ്യാനോ അതിനു ചങ്കൂറ്റം ഇല്ല." ഇവിടെ 'ചങ്കൂറ്റം' എന്ന പ്രയോഗത്തിന് പ്രസക്തിയില്ല. റഷ്യയിൽ ഗവൺമെന്റിന് സ്വന്തം ശക്തിയുപയോഗിച്ച് അതു ചെയ്യാമായിരുന്നു; പക്ഷേ, ചെയ്യുന്നില്ല. ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ സന്മാർഗദായകം തന്നെ. എന്നാൽ, കൈയൂക്കുകൊണ്ട് വിഗ്രഹങ്ങളെ നശിപ്പിച്ചത് ഇസ്‌ലാമിന് അപകീർത്തികരമായി. റഷ്യയിൽ വിഗ്രഹങ്ങളെ ശക്തിയുപയോഗിച്ച് നീക്കംചെയ്യുകയുണ്ടായില്ല. കാരണം, മറ്റുള്ളവരുടെ ആരാധനാസ്വാതന്ത്ര്യം അടിച്ചമർത്തുന്നത് മനുഷ്യസംസ്കാരത്തിനുതന്നെ വിരുദ്ധമാണ്. പുറം....ൽ (പേജ് നമ്പറില്ല): "തിരുമേനി ദൈവമാർഗം പഠിപ്പിക്കുന്ന അധ്യാപകനും സൈന്യാധിപനുമായിരുന്നു. ഈ രണ്ടു സവിശേഷതകളും അദ്ദേഹത്തിന്റെ ജീവിതത്തിൽ മാത്രമേ കാണുന്നുള്ളൂ എന്ന് എഴുതിയിരിക്കുന്നു. മഹാഭാരതം താങ്കൾ വായിച്ചിട്ടില്ലേ? ഗീത ഉപദേശിക്കുന്ന കണ്ണനെ കേട്ടിട്ടില്ലേ? കണ്ണനെക്കുറിച്ച് പഠിച്ചിട്ടുണ്ടെങ്കിൽ, പതിനാറ് സേനാദളങ്ങളുടെ മേധാവിയായിരുന്നു അദ്ദേഹമെന്നു താങ്കൾ മനസ്സിലാക്കിയിട്ടുണ്ടാവും."

പേജ് 23-ൽ, "മുനിമാരും ഋഷിമാരും ദൈവത്തെ പ്രകീർത്തിച്ചുകൊണ്ട് ആലപിച്ച ഗീതങ്ങളുടെ സമാഹാരമാണ് വേദങ്ങൾ" എന്നു പറയുന്നു. വേദങ്ങൾ നാലുണ്ട്. ഓരോന്നും ഓരോ പ്രത്യേക ആശയങ്ങൾ ഉൾകൊള്ളുന്നു. ദൈവകീർത്തനം കൂടാതെ ഗണിതം, ശാസ്ത്രം, ജീവിതദർശനം, അഖിലചരാചരസൃഷ്ടിപ്പ് എന്നിങ്ങനെ വൈവിധ്യമാർന്ന വിഷയങ്ങൾ വേദങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. വേദങ്ങൾ പഠിക്കാൻ താങ്കൾ അൽപസമയം കണ്ടെത്തണം. 23-ാം പേജിൽ "അല്ലാഹു ലൗഹുൽ മൗഫൂളിൽ സൂക്ഷിച്ച ഗ്രന്ഥമാണ് ഖുർആൻ" എന്നു പറയുന്നു. ദൈവം അരൂപി, അവന് അവയവങ്ങളില്ല എന്ന് ഖുർആനിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ഒരു ശക്തി ഖുർആനെ 'ലൗഹുൽ മൗഫൂളി'ൽ എങ്ങനെയാണ് വെച്ചത്? പ്രവാചകന്റെ ജനനത്തിനുമുമ്പ് എന്തുകൊണ്ട് ദൈവം അതിറക്കിയില്ല. മനുഷ്യചരിത്രം

തിരുമേനി ജനിക്കുന്നതിനും കോടാനുകോടി സംവത്സരങ്ങൾക്കു മുമ്പ് ആരംഭിച്ചിരിക്കെ വിശേഷിച്ചും? അതേ പേജിൽതന്നെ: "ലൗഹുൽ മൗഫൂളിലെ ആ ഗ്രന്ഥത്തിൽനിന്ന് അല്പാല്പമായി വിശുദ്ധമാലാഖയായ ജിബ്രീൽ അല്ലാഹുവിന്റെ ദൂതന് എത്തിച്ചുകൊണ്ടിരുന്നു!" എന്തുകൊണ്ടാണ് അല്ലാഹു അത് നബിക്ക് നേരിട്ട് നൽകാതിരുന്നത്? ഒന്നിച്ച് ഒരു ഗ്രന്ഥമായി നൽകാതെ എന്തുകൊണ്ടാണ് അൽപാൽപമായി നൽകിയത്? മുഴുഗ്രന്ഥവും ഒറ്റയടിക്കുതന്നെ ഇറക്കാവുന്നതാണല്ലോ? പേജ് 26: "അല്ലാഹുവിൽനിന്ന് അവതീർണമായ ഖുർആൻ ആദ്യമായി പാരായണം ചെയ്ത വ്യക്തി 'ഉമ്മി'- എഴുത്തും വായനയും അറിയാത്തവൻ-ആയിരുന്നു. എഴുതാനും വായിക്കാനും വശമില്ലാത്ത ഒരാൾക്ക് ഗ്രഹിക്കാൻ കഴിയുമെങ്കിലും നിരക്ഷരൻ എങ്ങനെയാണ് പാരായണം ചെയ്യുക? പേജ് 30-ൽ: "വേദം സംസ്കൃതത്തിലല്ല: അതിനും മുമ്പുള്ള ഭാഷയിൽ രചിക്കപ്പെട്ടതായിരിക്കാം." ഞാൻ അറിഞ്ഞേടത്തോളം വേദം സംസ്കൃത ഭാഷയിൽതന്നെയാണ് രചിക്കപ്പെട്ടത്. അതെഴുതിയ ഋഷിമാർ സംസ്കൃതം നന്നായി വശമുള്ളവരായിരുന്നു. സംസ്കൃതത്തിനുമുമ്പ് ഒരു ഭാഷ ഉണ്ടായിരുന്നുവെങ്കിൽ ആ ഭാഷ ഏതെന്ന് പറയാമോ?

പേജ് 34: "ചില വിഭാഗം ആളുകൾ വേദം പാരായണം ചെയ്യുന്നതും കേൾക്കുന്നതും ശിക്ഷാർഹമായി കണക്കാക്കിയിരുന്നുവെന്നും അവർക്ക് ആ ശിക്ഷ നൽകപ്പെട്ടിരുന്നുവെന്നും ചരിത്രത്തിൽനിന്ന് മനസ്സിലാവുന്നുണ്ട്." താങ്കളുടെ ഈ വീക്ഷണം ശരിതന്നെ. മതത്തെയും വേദങ്ങളെയും സ്വാർഥതാൽപര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താൻ ഒരുമ്പെട്ടവർക്കാണ് ശിക്ഷനൽകിയിരുന്നത്. അവരെല്ലാം ദുഷ്ടരായിരുന്നു. വേദം എല്ലാവർക്കും വായിക്കാനുള്ളതല്ല എന്നു വേദത്തിൽ എവിടെയും പറഞ്ഞിട്ടില്ല, സ്വാമി ദയാനന്ദൻ എഴുതിയ 'സത്യാർഥപ്രകാശം' നോക്കുക. 52-ാം പുറത്തിൽ: "മൂസാ നബിക്ക് ഒറ്റയടിക്കാണ് തൗറാത്ത് നൽകപ്പെട്ടത്. എന്നാൽ, വിശുദ്ധഖുർആൻ മുഴുവൻ ഒന്നിച്ചവതരിപ്പിക്കപ്പെടുകയുണ്ടായില്ല" എന്നു പറയുന്നു ! ഖുർആനെപ്പോലെ തൗറാത്തും ദൈവം നൽകിയ വേദഗ്രന്ഥമല്ലേ? അതെയെങ്കിൽ രണ്ടിനുമിടയിൽ എന്തുകൊണ്ട് ഈ വ്യത്യാസം? രണ്ട് കൽപനകളെ (ഖുർആനും തൗറാത്തും) ഇറക്കേണ്ട ആവശ്യമെന്ത്?

പേജ് 49-ൽ : "ഇസ്‌ലാം പ്രചരിച്ചത് വാളുകൊണ്ടാണെന്ന വാദം അബദ്ധജടിലമാണ്" എന്ന് എഴുതിയിരിക്കുന്നു. എന്നാൽ പേജ് 74-ൽ "സകാത്ത് നിഷേധിച്ചവർക്കെതിരിൽ ഒന്നാംഖലീഫ വാളെടുക്കുകയുണ്ടായി" എന്നും പറയുന്നു. അതേഭാഗത്ത് താങ്കൾ വീണ്ടും എഴുതുന്നു: "സകാത്ത് നിഷേധിക്കുന്നവർ-അവർ മുസ്‌ലിംകളായിരുന്നാലും ശരി- ഇസ്‌ലാമിന്റെ വാൾ അവർക്കെതിരായി ഉയരും." ഇതിൽ ഏതാണ് ശരി? 'ഇസ്‌ലാമിന്റെ വാൾ' എന്നു പറഞ്ഞതിന്റെ പൊരുളെന്താണ്? മനസാ സ്വീകരിക്കേണ്ട ആദർശമല്ലേ മതം? ഇവിടെ വാളിന് സ്ഥാനമെവിടെ? എൺപത്തെട്ടാം പുറത്തിൽ "ഭാരതീയ രാജാക്കന്മാർ സൈനികാക്രമണം നടത്തി ഇതര രാജ്യങ്ങളിൽ തങ്ങളുടെ മതം പ്രചരിപ്പിച്ചിട്ടുണ്ട്. ജാവ, സുമാത്ര, കമ്പോഡിയ എന്നിവിടങ്ങളിൽ ഇന്നും ഹിന്ദുമതത്തിന്റെ സ്വാധീനം ദൃശ്യമാണ്; വിഗ്രഹങ്ങളുമുണ്ട്" എന്ന് എഴുതിയിരിക്കുന്നു. ജാവ, സുമാത്ര, കമ്പോഡിയ എന്നിവിടങ്ങളിൽ മാത്രമല്ല, അറബുനാടുകളിലും വിഗ്രഹങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഹിന്ദുമതം ഇന്ത്യയിൽ

പരിമിതമായിരുന്നില്ല എന്നതിന് ഇതെല്ലാം ദൃഷ്ടാന്തങ്ങളാണ്. എന്നാൽ ഇന്ത്യൻ രാജാക്കന്മാർ ഇതര നാടുകളിൽ സൈനികാക്രമണം നടത്തി തങ്ങളുടെ മതം പ്രചരിപ്പിച്ചതിന് തെളിവുകളില്ല. അത്തരത്തിലുള്ള സംഭവങ്ങൾ താങ്കൾ വായിച്ചിട്ടുണ്ടെങ്കിൽ ആ രാജാക്കന്മാരുടെ വിവരങ്ങൾ തെളിവുസഹിതം പറയുക.

പ്രിയസഹോദരാ, ഇസ്‌ലാമിനെ ഞാനും സ്നേഹിക്കുന്നു! വിശുദ്ധഖുർആനെ സ്വന്തം മതഗ്രന്ഥംപോലെ കണക്കാക്കുന്നു, ആദരിക്കുന്നു. മറ്റു മതങ്ങളെപ്പോലെ ഇസ്‌ലാമിനെയും ഖുർആനെയും ഞാൻ സ്നേഹിക്കുന്നത് ചുവടെ പറയുന്ന കാരണങ്ങളാലാണ്.

1. മനുഷ്യനെ നല്ല മനുഷ്യനാവാൻ സഹായിക്കുന്നു.

2. സൽകർമങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നു.

3. അഗതികളെയും അശരണരെയും സഹായിക്കാൻ ഉദ്ബോധിപ്പിക്കുന്നു.

4. സകാത്ത് കൊടുക്കാൻ അനുശാസിക്കുന്നു.

5. ദൈവം ഏകനും സർവശക്തനും കരുണാമയനും ആരാധനക്കർഹനുമാണ്; അവനെ മാത്രമേ ആരാധിക്കാവൂ; അവന്റെ മുമ്പിൽ മാത്രമേ തല കുനിക്കാവൂ; മറ്റാരെയും മറ്റൊന്നിനെയും ആരാധിക്കരുതെന്ന് ഉദ്ബോധിപ്പിക്കുന്നു.

6. സ്നേഹത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്നു. സാഹോദര്യത്തിലൂന്നി നിലകൊള്ളുന്നു.

7. മറ്റുള്ളവരുടെ ഗുണത്തിനുവേണ്ടി ത്യാഗം സഹിക്കാൻ ഉദ്ബോധിപ്പിക്കുന്നു.

8. നമുക്ക് പ്രിയങ്കരമായ വസ്തു ദൈവമാർഗത്തിൽ അർപ്പിക്കാൻ ആവശ്യപ്പെടുന്നു.

9. വിധിവിലക്കുകളെ മാനിച്ചു ജീവിക്കാൻ പഠിപ്പിക്കുന്നു.

10. ആരാധനയുടെ ഋജുവും യഥാർഥവുമായ രീതി കാണിച്ചുതരുന്നു. ദിനംപ്രതി അഞ്ചുനേരം ദൈവത്തെ നമസ്കരിക്കാൻ ആജ്ഞാപിക്കുന്നു.

11. ഇസ്‌ലാം ഉദ്ബോധിപ്പിക്കുന്നു: “മനുഷ്യാ, ദൈവം പരമ ദയാലുവാകുന്നു. നിന്റെ പോരായ്മകൾ പരിഹരിക്കാനും പാപമോചനത്തിനും വേണ്ടി അവനോട് പ്രാർഥിക്കുക. അവൻ തീർച്ചയായും നിനക്ക് പൊറുത്തുതരും. അവൻ എല്ലാറ്റിനും കഴിവുള്ളവനല്ലോ.”

12. ഇസ്‌ലാം ആരെയും ചെറിയവൻ, വലിയവൻ എന്ന വിവേചനദൃഷ്ടിയോടെ നോക്കുന്നില്ല. അനീതിയെ എതിർക്കുന്നു.

13. നീതി സ്ഥാപിച്ച് നിലനിർത്താനും ബാധ്യതകൾ നിറവേറ്റാനും ഖുർആൻ വ്യക്തമായി അനുശാസിക്കുന്നു.

14. ഖുർആൻ ആജ്ഞാപിക്കുന്നു: “ഏകനായ നാഥനെ പൂർണവിശ്വാസ

ത്തോടെ മുറുകെപിടിക്കുക. അവന്റെ ആജ്ഞകൾക്കൊത്ത് പ്രവർത്തിക്കുക.”

ഇവ്വിധമുള്ള ഉദ്ബോധനങ്ങളുടെ ഒരു ഭണ്ഡാരമാണ് വിശുദ്ധ ഖുർആൻ. എത്രതവണ വായിച്ചാലും പുതിയപുതിയ ആശയങ്ങൾ അതിൽനിന്ന് കണ്ടെത്താൻ കഴിയുന്നു.

പ്രിയ സഹോദരാ, മുസ്‌ലിംകളുടെ വാക്കുകൾ അവലംബമാക്കി താങ്കൾ പ്രവർത്തിക്കുന്നില്ലെങ്കിൽ, ദൈവമാർഗത്തിൽ ഇസ്‌ലാമിനെ യഥാർഥമായും സ്നേഹിക്കുന്നുണ്ടെങ്കിൽ, ജനങ്ങൾക്ക് ഇസ്‌ലാമിന്റെ ശരിയായ രൂപം പരിചയപ്പെടുത്താനുള്ള ആവേശമാണ് താങ്കൾക്കുള്ളതെങ്കിൽ, തീർച്ചയായും താങ്കൾക്ക് ഇസ്‌ലാമിനെ സ്നേഹിക്കാം. പക്ഷേ, അനുവാചകരെ അലോസരപ്പെടുത്തുന്ന വാക്കുകൾ ഉപയോഗിക്കാതിരിക്കുക. “എന്റെ വീടാണ് എല്ലാ വീടുകളെക്കാളും ഉത്തമം. എന്റെ നാടാണ് എല്ലാ നാടുകളെക്കാളും ശ്രേഷ്ഠം, എന്റെ മതമാണ് എല്ലാ മതങ്ങളെക്കാളും ഉദാത്തം” എന്നിങ്ങനെ ഒരാൾ പറയുന്നതായി സങ്കൽപിക്കുക. മറ്റുള്ളവരുടെ ഹൃദയങ്ങളിൽ അത് മുറിവേൽപിക്കുന്നു. അവരുടെ മനസ്സിൽ എരിച്ചിലും അസ്വാസ്ഥ്യവും അനുഭവപ്പെടുന്നു. മനുഷ്യപ്രകൃതിയാണത്. താൻ നിസ്സാരനാണെന്ന് കേൾക്കാൻ ആരും ഇഷ്ടപ്പെടുന്നില്ല. മറ്റുള്ളവരെ ഇകഴ്ത്തി നമുക്കൊരിക്കലും ഉയരാൻ സാധ്യമല്ല. താങ്കളൊരു പത്രാധിപരാണ്. തൂലികയുടെ ശക്തി താങ്കൾക്കറിയാം. താങ്കൾ പണ്ഡിതനാണ്. ഇസ്‌ലാമിന് മഹത്തായ സേവനമർപ്പിക്കാൻ താങ്കൾക്ക് കഴിയും. എന്നാൽ ഇസ്‌ലാമിനെ സേവിക്കുന്നു എന്ന കാരണത്താൽ ഇതര ധർമങ്ങളുടെ കുറവുകൾ തേടിത്തിരയേണ്ടതില്ല. ഇസ്‌ലാമിന്റെ മഹത്വത്തെ തേടിപ്പിടിച്ച് ജനങ്ങൾക്ക് പരിചയപ്പെടുത്തുക. എന്റെ ഈ അഭ്യർഥനയെ താങ്കൾ തെറ്റായി മനസ്സിലാക്കുകയില്ലെന്ന് കരുതുന്നു. എന്റെ കുറിപ്പിൽ എന്തെങ്കിലും പിശകുണ്ടെങ്കിൽ എന്നോട് ക്ഷമിച്ച് താഴെ വിലാസത്തിൽ മറുപടിയെഴുതണമെന്ന് അപേക്ഷിക്കുന്നു; താങ്കളുടെ എഴുത്ത് എന്റെ അബദ്ധങ്ങളെ ദൂരീകരിച്ചേക്കാം.

താങ്കളുടെ സഹോദരൻ,<br>
ഒ.പി. ഗുപ്ത,<br>
ബി 2-ബി 75, ജനക്പുരി,<br>
ന്യൂ ഡൽഹി - 110 058

## അനുബന്ധം ii

# ശ്രീ. ഗുപ്തക്ക് വിനയപൂർവം

**ബ**ഹുമാന്യനായ ശ്രീമാൻ ഗുപ്തക്ക് ക്ഷേമാശംസകൾ!

താങ്കളുടെ എഴുത്തുകിട്ടി. ഞാൻ തമിഴിൽ എഴുതിയ 'നാൻ കാതലിക്കും ഇസ്‌ലാം' ഹിന്ദിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് മാത്രമേ അറിഞ്ഞിരുന്നുള്ളൂ. ആ ഗ്രന്ഥം ഹിന്ദിഭാഷക്കാരനായ താങ്കളെപ്പോലുള്ളവരുടെ ചിന്തയെ തൊട്ടുണർത്തി എന്ന് താങ്കളുടെ കത്ത് വ്യക്തമാക്കുന്നു. പുസ്തകം വായിച്ചപ്പോൾ താങ്കളുടെ മനസ്സിൽ ചില സംശയങ്ങൾ നാമ്പെടുത്തതായി സൂചിപ്പിക്കുകയുണ്ടായി. അതിന് മറുപടി പ്രതീക്ഷിക്കുന്നതായും എഴുതിക്കണ്ടു. എല്ലാ അറിവും തികഞ്ഞവനെന്ന ഗർവോടെയല്ല താങ്കൾക്ക് മറുപടിയെഴുതാൻ ഞാൻ ഒരുങ്ങുന്നത്. മറുപടിയെഴുതാനുള്ള കഴിവ് ദൈവം എനിക്ക് കനിഞ്ഞരുളും എന്ന വിശ്വാസത്തോടെ ഞാൻ തുടങ്ങുന്നു.

### അറിവിന്റെ ഭണ്ഡാരം

'നാൻ കാതലിക്കും ഇസ്‌ലാ'മിന്റെ ഏഴാംപേജിലുള്ള ഒരു വാക്യത്തെ പരാമർശിച്ച് താങ്കൾ ചോദിക്കുന്നു: 'വേദത്തിന്റെ അർഥം കാഴ്ചയിൽ നിന്ന് മറയ്ക്കൽ' എന്നാണെന്ന് ആ വാചകത്തിൽ പറയുന്നു. അതേസമയം, 'അറിവിന്റെ ഭണ്ഡാര'മാണ് വേദം എന്നും പറഞ്ഞിട്ടുണ്ട്. രണ്ടും തമ്മിലെങ്ങനെ പൊരുത്തപ്പെടും?

തമിഴ് ഭാഷയിൽ വേദത്തിന് 'മറൈ' എന്നും പേരുണ്ട്. 'മറൈ' എന്നാൽ പ്രത്യക്ഷത്തിൽ കാണുന്ന വസ്തുവിനുള്ളിൽ പരോക്ഷമായ മറ്റൊരു പൊരുൾ അടക്കം ചെയ്തത് എന്നർഥം. ഓരോ തവണ പാരായണം ചെയ്യുമ്പോഴും പുതിയ പുതിയ തത്വങ്ങൾ കണ്ടെത്താൻ കഴിയുക എന്നതാണ് ഉത്തമ വേദഗ്രന്ഥത്തിന്റെ ലക്ഷണം. മുത്തുകൾ അടിത്തട്ടിലുള്ള സമുദ്രത്തോട് ഇതിനെ ഉപമിക്കാം. മുത്തുകുളിക്കുന്നവൻ ഓരോ തവണ മുങ്ങിയുയരുമ്പോഴും കൈകളിൽ വിവിധതരം മുത്തുച്ചിപ്പികളുണ്ടാവാം. പക്ഷേ, കരയിൽ നിന്ന് സമുദ്രം വീക്ഷിക്കുന്ന ഒരാൾക്ക് അടിത്തട്ടിലുള്ള മുത്തുകൾ കാണാനൊക്കുന്നില്ല. മുത്തുച്ചിപ്പികൾ സമുദ്രത്തിൽ എന്നെങ്കിലും ഒരുനാൾ

ഇല്ലാതാകാം. എന്നാൽ, ദൈവികവേദം കാലാകാലം മുത്തുകൾ പരന്നുകിടക്കുന്ന പാരാവാരമാണ്. 'കാഴ്ചയിൽനിന്ന് മറയ്ക്കൽ' എന്ന പ്രയോഗവും 'അറിവിന്റെ ഭണ്ഡാര'വും തമ്മിൽ എങ്ങനെ പൊരുത്തപ്പെടും എന്നാണ് അടുത്തചോദ്യം. പൊതു ഭണ്ഡാരങ്ങൾ പോലും പൂട്ടിവെക്കുകയാണ് പതിവ്. പെട്ടികളും താഴുകളും നിലവറകളും ദൃഷ്ടിയിൽനിന്ന് ഭണ്ഡാരത്തെ മറച്ചുവെക്കുന്നതിനാണല്ലോ. അതുകൊണ്ട് 'കാഴ്ചയിൽ നിന്ന് മറയ്ക്കലും' 'അറിവിന്റെ ഭണ്ഡാരവും' തമ്മിൽ വൈരുധ്യമില്ല.

## സ്നേഹവും ജിഹാദും

നബിതിരുമേനിക്ക് അഭിമുഖീകരിക്കേണ്ടിവന്നതുപോലുള്ള പരീക്ഷണങ്ങൾ മറ്റാർക്കും നേരിടേണ്ടിവന്നിട്ടില്ല എന്ന അഭിപ്രായത്തോട് വിയോജിക്കുന്ന മട്ടിൽ താങ്കൾ കുറിച്ച വരികൾ എന്നെ അദ്ഭുതപ്പെടുത്തി. "തിരുമേനിക്ക് ഇത്രയധികം എതിർപ്പുകൾ എന്തുകൊണ്ടാണ് അഭിമുഖീകരിക്കേണ്ടിവന്നത്? മറ്റു മതങ്ങളെ പ്രബോധനം ചെയ്തവർ തങ്ങളുടെ സന്ദേശങ്ങൾ സ്നേഹപൂർവം പ്രചരിപ്പിച്ചപ്പോൾ തിരുമേനി തന്റെ ആശയം 'ജിഹാദി'ലൂടെ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാൻ തുനിഞ്ഞതല്ലേ ഇതിനുകാരണ"മെന്ന് താങ്കൾ ചോദിക്കുന്നു. താങ്കളുടെ ഈ തെറ്റിദ്ധാരണ നബിതിരുമേനിയുടെ ജീവചരിത്രം ശരിയായ വിധത്തിൽ പൂർണമായി പഠിക്കാൻ അവസരം ലഭിക്കാത്തതിന്റെ ഫലമാണെന്ന് ഞാൻ കരുതുന്നു. തിരുമേനിയുടെ ജീവചരിത്രം രണ്ടു ഘട്ടങ്ങളായി തിരിക്കാം. ഒന്ന്, മക്കാനഗരത്തിൽ തിരുമേനി സ്നേഹപൂർവം ഇസ്‌ലാമിനെ പ്രബോധനം ചെയ്തകാലം. രണ്ട്, മക്കാനഗരം വിട്ട് മദീനയിൽ ചെന്നപ്പോൾ സംജാതമായ 'പ്രതിരോധ സമരകാലം'. ഈ രണ്ടു കാലഘട്ടങ്ങളിൽ ഏറ്റവുമധികം പരീക്ഷണങ്ങൾ നേരിട്ടത് മക്കാജീവിതത്തിലാണ്. എത്രമാത്രം ക്ഷമയോടും സ്നേഹവികാരത്തോടും കൂടിയാണ് ഇസ്‌ലാം പ്രബോധനം ചെയ്തതെന്ന് വ്യക്തമാക്കുന്ന ഏതാനും ഉദാഹരണങ്ങൾ നോക്കുക.

ആദ്യമായി തന്റെ ഉറ്റവർക്കുവേണ്ടി ഒരു വിരുന്നൊരുക്കുകയാണ് അദ്ദേഹം. വിരുന്നിന്റെ സമാപനത്തിൽ ഇസ്‌ലാമിന്റെ സന്ദേശം അവർക്ക് പരിചയപ്പെടുത്തുന്നു. അപ്പോൾ, ഇതുപറയാനാണോ ഞങ്ങളെ ക്ഷണിച്ചു വരുത്തിയത് എന്ന് ചോദിച്ച് പരിഹസിക്കുകയാണ് അവർ ചെയ്തത്. ഇതാണോ അടിച്ചേൽപിക്കൽ? വിശുദ്ധ മക്കയിലേക്ക് തീർഥാടനത്തിന് വരുന്ന അയൽനാട്ടുകാരെ സമീപിച്ച് സൻമാർഗസന്ദേശം ഹൃദയസ്പൃക്കായി അദ്ദേഹം വിവരിച്ചുകൊടുത്തു. ആഭിചാരകനായ മുഹമ്മദിന്റെ വശീകരണ മന്ത്രങ്ങൾ കേട്ടുപോകരുതെന്ന് ശത്രുക്കൾ എതിർപ്രചാരണം നടത്തി. അതംഗീകരിച്ച 'തുഫൈൽ' കാതുകൾ പഞ്ഞിവെച്ചടച്ചുകൊണ്ടാണ് മക്കയിലേക്ക് വന്നത്. എന്നിട്ടും എന്തുണ്ടായി? വിശുദ്ധ ഗ്രന്ഥത്തിലെ ശ്രവണസുന്ദരമായ വചനങ്ങൾ അദ്ദേഹത്തിന്റെ കാതുകൾക്കുള്ളിൽ തുളച്ചുകയറി സൻമാർഗത്തിന്റെ മഹത്വമുണർന്നു. സത്യസാക്ഷ്യ വചനം ഉരുവിട്ടു തുഫൈൽ ഇസ്‌ലാം ആശ്ലേഷിച്ചു എന്നാണ് ചരിത്രം. ഇതാണോ അടിച്ചേൽപിക്കൽ, ഇതാണോ യുദ്ധം?

വേറൊരു സംഭവം: അയൽ പട്ടണമായ ത്വാഇഫിലേക്ക് അദ്ദേഹം

സന്മാർഗത്തിന്റെ കൈത്തിരിയുമായി ചെന്നു. നീയാണോ ദൈവദൂതൻ! ദൈവ ദൂതന്നു ഞങ്ങളുടെ അടുത്തേക്ക് വരാൻ ഒരു കഴുതയെപ്പോലും വാഹന മായി കിട്ടിയില്ലേ എന്നു പരിഹസിക്കുന്നു, അവിടത്തെ പൗരപ്രധാനികൾ. അതുമാത്രമോ? തെരുവുകുട്ടികളെ വിട്ട് അദ്ദേഹത്തെ കല്ലെറിയിക്കുന്നു. പ്രവാ ചകന്റെ ദേഹം മുറിഞ്ഞു രക്തം വാർന്നൊഴുകി. എന്നിട്ടും ആ ശിലാഹൃദ യർ മർദനം നിർത്തിയില്ല. ഇതുകണ്ട് മനംനൊന്ത തിരുമേനിയുടെ ദത്തുപു ത്രൻ വേദനയോടെ പറയുന്നു: "നബിയേ, ഈ അക്രമികളുടെ പട്ടണത്തെ ശപിച്ചുകളയുക." രക്തത്തിൽ കുളിച്ചുനിന്ന ദാരുണമായ ആ അവസ്ഥയിൽ കാരുണ്യത്തിന്റെ പ്രവാചകൻ എന്തു പറഞ്ഞുവെന്നോ? "ശാപം ചൊരിയാ നല്ല ഞാൻ വന്നത്. ഇന്ന് ഈ പട്ടണവാസികൾ ദൈവസന്ദേശം നിഷേധിച്ച് നമ്മെ നോവിച്ചിട്ടുണ്ടാവാം; എങ്കിലും നാളെ ഇവരും ഇവരുടെ പിൻമുറക്കാരും സൻമാർഗം സ്വീകരിച്ചുകൂടായ്കയില്ല."

പ്രിയമുള്ള ഗുപ്താ, ഈ ചരിത്ര സംഭവങ്ങൾ താങ്കൾ വായിച്ചിട്ടില്ലേ? ഇതിൽ എവിടെയാണ് അടിച്ചേൽപിക്കൽ? എവിടെയാണ് യുദ്ധം? ഇസ്‌ലാം മക്കയിൽ പ്രചരിച്ചപ്പോൾ അതിൽ അണിനിരന്ന പലരും പാവപ്പെട്ടവരോ അടിമകളോ തൊഴിലാളികളോ ആയിരുന്നു. അവരുടെ മുതലാളിമാർ (യജ മാനൻമാർ) ആ പാവങ്ങളെ അടിച്ചു; മർദിച്ചു; കണ്ണുകൾ കുത്തിപ്പൊട്ടിച്ചു; ചുട്ടുപഴുത്ത മണലിൽ കിടത്തി നെഞ്ചിൽ പാറ കയറ്റിവച്ചു; കാലുകൾ രണ്ടും രണ്ടു ഒട്ടകങ്ങളുമായി ബന്ധിച്ച് അവയെ വിപരീതദിശയിൽ ഓടിച്ച് ശരീരം ചീന്തിയെറിഞ്ഞു. ഇത്തരം ക്രൂരമർദനങ്ങൾക്ക് തന്റെ അനുചരന്മാർ വിധേ യരായപ്പോഴും സംയമനം പാലിക്കുകയാണ് നബിതിരുമേനി ചെയ്തത്. അവ ഗണന, നിന്ദ, കുത്തുവാക്ക്, പരിഹാസം ഇവയുടെ ഒരു ശരവർഷമായിരുന്നു ആദ്യഘട്ടത്തിൽ. അദ്ദേഹം നടക്കുന്ന വഴികളിൽ മുള്ളുകൾ വിതറി, ചപ്പുച വറുകൾ ദേഹത്തിട്ടു. അദ്ദേഹം നമസ്കരിക്കുമ്പോൾ ഒട്ടകത്തിന്റെ ചീഞ്ഞ കുടൽ കഴുത്തിൽ ചാർത്തി. ഇങ്ങനെ എന്തെല്ലാം!

പ്രിയഗുപ്താ, ഈ മർദനങ്ങളും പ്രയാസങ്ങളും ഒന്നോ രണ്ടോ വർഷ മായിരുന്നില്ല. നീണ്ട പതിമൂന്നു സംവത്സരങ്ങൾ മർദനങ്ങളും പ്രയാസങ്ങളും സഹിച്ചുകൊണ്ട് ഇസ്‌ലാമിക പ്രബോധനം നിർവഹിച്ച കാരുണ്യത്തിന്റെ പ്രവാചകനെയാണോ സ്നേഹപൂർവം ആദർശപ്രചാരണം നടത്തിയില്ല എന്നാക്ഷേപിക്കുന്നത്? ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ, പ്രവാചകന് കടുത്ത പരീക്ഷണങ്ങൾ നേരിടേണ്ടിവന്നത് മക്കയിൽ ഇസ്‌ലാം പ്രബോ ധനം ചെയ്ത കാലത്താണ്. മദീനയിലെത്തിയതിനുശേഷം തത്തുല്യമായ പരീക്ഷണങ്ങൾ അനുഭവിക്കേണ്ടി വന്നില്ല. മദീനയിൽ മറ്റു തരത്തിലുള്ള പരീക്ഷണങ്ങളെയാണ് നേരിടേണ്ടി വന്നത്. അതിലൊന്നാണ്, മുസ്‌ലിംക ളൊന്നായിച്ചേർന്ന് മദീനയിൽ സ്ഥാപിച്ച ഇസ്‌ലാമിക രാഷ്ട്രത്തെ സൈനി കാക്രമണത്തിലൂടെ ഉൻമൂലനം ചെയ്യാൻ മക്കാവാസികൾ തയ്യാറായത്. ശത്രു സൈന്യം ആക്രമണത്തിന് ഒരുങ്ങിവരുമ്പോൾ പ്രതിരോധ സമരമല്ലാതെ മറ്റെന്തു രക്ഷാമാർഗം? ഇക്കാര്യം വ്യക്തമായി ഗ്രഹിച്ചിരുന്നെങ്കിൽ താങ്കൾക്ക് ഈ തെറ്റിദ്ധാരണ ഉണ്ടാകുമായിരുന്നില്ല. മറ്റൊരു കാര്യവും ശ്രദ്ധേയമാണ്; ഇസ്‌ലാം വ്യക്തമായി പ്രഖ്യാപിക്കുന്നു: 'മതത്തിൽ ബലപ്രയോഗമില്ല.' ബല പ്രയോഗമില്ലെന്നിരിക്കെ അടിച്ചേൽപിക്കലിനു പഴുതെവിടെ? ഇസ്‌ലാം പുതു

തായുണ്ടാക്കിയ ഒരു മതമായിരുന്നെങ്കിൽ 'അടിച്ചേൽപിക്കൽ' സംഭവ്യമാണെന്ന് - വാദത്തിനുവേണ്ടി - സമ്മതിക്കാമായിരുന്നു. എന്നാൽ വസ്തുത അതായിരുന്നില്ല. ഇസ്‌ലാം ഏകദൈവത്തെ മാത്രം കീഴ്‌വണങ്ങുന്ന പൗരാണികമതമാണ്. ബഹുദൈവാരാധനയും വിഗ്രഹപൂജയും ഇടക്കാലത്താണ് രംഗം കയ്യടക്കിയത്. ഇടയ്ക്ക് നുഴഞ്ഞുകയറിയ ഈ കൃത്രിമത്വങ്ങൾ നീക്കി പഴയ മതത്തെ അനുസ്മരിക്കുകയാണ് മുഹമ്മദ്നബി ചെയ്തത്. ഇടക്കാലത്ത്, അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനു പകരം ലാത്ത, മനാത്ത, ഉസ്സ തുടങ്ങി കുറെ പെൺദൈവങ്ങളെ സങ്കല്പിച്ചു ആരാധന തുടങ്ങി. 'ഹുബുൽ' എന്ന ചുവന്ന കരിങ്കൽ ദൈവത്തിന് സവിശേഷ ശക്തിയുള്ളതായി സങ്കൽപിക്കപ്പെട്ടു. ഓരോ കുലത്തിനും ഓരോ ദൈവങ്ങൾ! സൂര്യൻ, ഗോളങ്ങൾ, കുതിര, കഴുകൻ തുടങ്ങി എല്ലാം ആരാധ്യവസ്തുക്കൾ! ഇതായിരുന്നു പ്രവാചകൻ ആഗതനാവുമ്പോഴത്തെ അവസ്ഥ. അദ്ദേഹം ഉദ്ഘോഷിച്ചു: ഇവയൊന്നും ദൈവങ്ങളല്ല. ഏകേശ്വരൻ (അല്ലാഹു) മാത്രമേ ദൈവമായുള്ളൂ. ആ ഉദ്ഘോഷണമാകട്ടെ ദൈവിക സന്ദേശത്തിന്റെ വെളിച്ചത്തിലുമായിരുന്നു. അതുകൊണ്ട് അടിച്ചേൽപിക്കൽ എന്ന ആരോപണത്തിനു തന്നെ പഴുതില്ല. ഇടക്കാലത്ത് കടന്നുകൂടിയവയെ നീക്കംചെയ്യൽ എന്നതാണ് ശരിയായ പ്രയോഗം. ഇത് അറബ്നാട്ടിലേക്ക് മാത്രം ബാധകമായ കാര്യമല്ല. ലോകത്തെങ്ങും ഏകദൈവാരാധനയാണ് ആദ്യമുണ്ടായിരുന്നത്. ബഹുദൈവ - വിഗ്രഹാരാധനകൾ ഉടലെടുത്തത് ഇടക്കാലത്താണ്. അത്തരം ആരാധനാമുറകൾ കൈവെടിഞ്ഞ് ഏകദൈവത്തെ മാത്രം ആരാധിക്കാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു. ഈ മൗലിക യാഥാർഥ്യം മനസ്സിലാക്കി ഇസ്‌ലാം മതം 'ജിഹാദി'ലൂടെ അടിച്ചേൽപിക്കപ്പെട്ടതാണ് എന്ന അഭിപ്രായം താങ്കൾ തിരുത്തുമെന്നു വിശ്വസിക്കുന്നു. ഇനിയും സന്ദേഹമുണ്ടെങ്കിൽ മഹാത്മാഗാന്ധി ഉൾപ്പെടെയുള്ള പല നേതാക്കൻമാരും രേഖപ്പെടുത്തിയത് താങ്കൾ വായിച്ചു നോക്കേണ്ടതുണ്ട്. ആ പണ്ഡിതന്മാരെല്ലാം 'ഇസ്‌ലാം വാളുകൊണ്ട് പ്രചരിക്കപ്പെട്ടതാണ്' എന്ന കുപ്രചാരണത്തെ ശക്തിയായി നിഷേധിച്ചിട്ടുണ്ട്.

## വിഗ്രഹഭഞ്ജനം

പതിമൂന്നാം പേജിലെഴുതിയ 'ആരാധനക്കു പടങ്ങൾ, ശിലകൾ, വിഗ്രഹങ്ങൾ തുടങ്ങിയ യാതൊന്നും ആവശ്യമില്ല. ലോകത്ത് ഒരു വിപ്ലവകാരിയും പ്രവാചകനെപ്പോലെ ഈ ആശയം പ്രബോധനം ചെയ്യുകയുണ്ടായില്ല' എന്ന ഭാഗത്തെ താങ്കൾ ചോദ്യം ചെയ്യുകയുണ്ടായി. ആര്യസമാജ നേതാവ് സ്വാമി ദയാനന്ദൻ ഈ ആശയം പഠിപ്പിക്കുകയുണ്ടായെങ്കിലും ക്ഷേത്രങ്ങളിൽനിന്ന് വിഗ്രഹങ്ങളെ നീക്കം ചെയ്തില്ലെന്ന് താങ്കൾ തുടർന്നെഴുതിയിരിക്കുന്നു. ഇതിൽ എന്തു ചോദ്യമാണുള്ളതെന്ന് എനിക്ക് പിടികിട്ടുന്നില്ല. വിഗ്രഹങ്ങളും പടങ്ങളും ആവശ്യമില്ലെന്നു പറഞ്ഞ സ്വാമി ദയാനന്ദ് എന്തുകൊണ്ട് അവയെ നീക്കം ചെയ്തില്ല എന്ന് എന്നോട് ചോദിച്ചിട്ട് കാര്യമുണ്ടോ? നബിതിരുമേനി മക്കയിലെ കഅ്ബാലയത്തിൽ നിന്ന് വിഗ്രഹങ്ങളെ നീക്കം ചെയ്തത് സംബന്ധിച്ച് താങ്കൾക്കെന്തോ തെറ്റിദ്ധാരണയുണ്ടെന്ന് ഞാൻ ശങ്കിക്കുന്നു. താങ്കൾ കഅ്ബാലയത്തിന്റെ ചരിത്രം പഠിക്കുന്നത് നല്ലതാണ്. കഅ്ബാലയം നിർമിച്ചത് ഇബ്റാഹീം (അബ്രഹാം) നബിയാണ്. വിഗ്രഹങ്ങളോ ചിത്രങ്ങളോ അതിലുണ്ടായിരുന്നില്ല. കാലമേറെ ചെന്നപ്പോൾ വിഗ്രഹങ്ങളും പട

ങ്ങളും കഅ്ബാലയത്തിൽ 'അടിച്ചേൽപ്പിക്കപ്പെടുക'യാണുണ്ടായത്. 360 വിഗ്രഹങ്ങൾ– 360 ദൈവങ്ങളായി – ഏകദൈവത്തിന്റെ ആ ഭവനത്തിൽ കുടിയിരുത്തപ്പെട്ടു. ഇവയെ നീക്കം ചെയ്യുകയാണ് – മറ്റൊന്നുമല്ല – തിരുമേനി ചെയ്തത്; മറ്റു മതക്കാരുടെ ആരാധനാലയങ്ങൾ കയ്യേറി വിഗ്രഹങ്ങളോ പടങ്ങളോ തകർക്കുന്നത് ഇസ്‌ലാമിക ധർമമല്ല.

താങ്കളുടെ നാലാമത്തെ ചോദ്യത്തിന് ചോദ്യത്തിന്റെ സ്വഭാവമല്ല ഉള്ളത്; ഇസ്‌ലാമിന്റെ പേരിൽ ഒരു കുറ്റാരോപണം തൊടുത്തുവിട്ടിരിക്കയാണ് ചെയ്തിരിക്കുന്നത്. “റഷ്യയിൽ കമ്യൂണിസ്റ്റ് ഭരണമാണ്. അത് ദൈവത്തെ നിഷേധിക്കുന്നു. എന്നാൽ വിഗ്രഹങ്ങൾ നീക്കംചെയ്യാൻ അവിടെ ആർക്കും ചങ്കൂറ്റമില്ല” എന്ന വാചകത്തെ വിപരീതാർഥത്തിലാണ് താങ്കളെടുത്തത്. നാസ്തിക ഗവൺമെന്റായിരുന്നിട്ടും വിഗ്രഹനിർമാർജനത്തിനുള്ള ചങ്കൂറ്റം എന്തുകൊണ്ടുണ്ടാവുന്നില്ല? കാരണം വ്യക്തമാണ്; വിഗ്രഹങ്ങളെ നീക്കംചെയ്ത് അരൂപിയായ ദൈവത്തെ മാത്രം ആരാധിക്കുന്ന രീതി കാണിച്ചുകൊടുത്ത് മറ്റൊരു ആരാധനാമുറ പകരം വെക്കാൻ കമ്മ്യൂണിസത്തിന് കയ്യിലിരിപ്പൊന്നുമില്ല. എന്നാൽ ഇസ്‌ലാം ഏകദൈവാലയത്തിൽനിന്ന് വിഗ്രഹങ്ങളെ നീക്കം ചെയ്തു. അതിനുള്ള ശക്തിയും ത്രാണിയും ഇസ്‌ലാമിന് സ്വന്തമായുണ്ട് എന്നാണ് ആ ഭാഗത്തിന്റെ സാരം. താങ്കൾ ഒന്നുരണ്ട് വരികളെടുത്തു വ്യാഖ്യാനിച്ച്, ഇസ്‌ലാമിന്റെ പേരിൽ അപകീർത്തിയാരോപിക്കുന്നു. അപകീർത്തി എന്താണെന്നോ എങ്ങനെയാണെന്നോ വ്യക്തമാക്കുന്നില്ല. ഏകദൈവാലയത്തിൽ നിരവധി വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചതല്ലേ യഥാർഥത്തിൽ അപകീർത്തികരം? മറിച്ച്, അവയെ നീക്കംചെയ്തത് എങ്ങനെയാണ് അപകീർത്തികരമാവുക? മറ്റുള്ളവരുടെ ആരാധനാസ്വാതന്ത്ര്യം അടിച്ചമർത്തുന്നത് മനുഷ്യസംസ്കാരത്തിന് വിരുദ്ധമാണെന്ന താങ്കളുടെ അഭിപ്രായം അംഗീകരിക്കുന്നതോടൊപ്പം വിഗ്രഹാരാധനയും ചിത്രപൂജയുമൊക്കെ 'മന്ദജ്ഞാന'മാണെന്നു ഹിന്ദുമതാചാര്യൻമാർ തന്നെ പ്രസ്താവിച്ചിട്ടുള്ളത് താങ്കളുടെ സവിശേഷ ശ്രദ്ധ ആകർഷിക്കേണ്ടതുണ്ടെന്നു ഉണർത്തുന്നു.

ദൈവം അരൂപിയാണെന്ന് ഇസ്‌ലാം പറയുന്നു. ദൈവത്തിനു രൂപകല്പന നടത്തുന്നവരെ കഠിനമായി ആക്ഷേപിക്കുകയും ചെയ്യുന്നു. കണ്ണുകൊണ്ട് കാണാൻ സാധ്യമല്ലാത്ത ദൈവത്തെ ഭാവനാവിലാസമനുസരിച്ച് വിഗ്രഹങ്ങളും പടങ്ങളുമായി രൂപപ്പെടുത്തി “ഇതാണ് ദൈവം” എന്ന് ആരു പറഞ്ഞാലും അത് മിഥ്യയാണെന്ന് ഇസ്‌ലാം പ്രഖ്യാപിക്കുന്നു. ആ മിഥ്യകളെ പൂജിക്കരുത് എന്ന് അതാവശ്യപ്പെടുകയും ചെയ്യുന്നു. ഈ ശിലയിൽ, ഈ പടത്തിൽ ഉള്ളവനാണ് ദൈവം എന്ന് പറയുന്നത് ദൈവനിഷേധമായാണ് ഇസ്‌ലാം കാണുന്നത്. ഗുപ്ത കോപിക്കുമോ, ശർമ കുണ്ഠിതപ്പെടുമോ എന്നു കരുതി ഈ അടിത്തറയെ ഇസ്‌ലാം മാറ്റുകയില്ല. വിഗ്രഹങ്ങളെയും പടങ്ങളെയും പൂജിക്കാനുള്ള സ്വാതന്ത്ര്യം മറ്റുള്ളവർക്കുണ്ടാകാം. എന്നാൽ അവർ യഥാർഥമായ അരൂപിയായ ദൈവത്തെവിട്ട് മിഥ്യാദൈവങ്ങളെയാണ് പൂജിക്കുന്നത് എന്ന് പറയാനുള്ള സ്വാതന്ത്ര്യം ഇസ്‌ലാമിനുണ്ട്. അന്യരുടെ ആരാധനാ സ്വാതന്ത്ര്യം ഇസ്‌ലാം ഒരിക്കലും ധ്വംസിക്കുന്നില്ല (നബിതിരുമേനിയുടെ ഇസ്‌ലാമികരാഷ്ട്രത്തിൽ വ്യത്യസ്ത ആരാധനാസമ്പ്രദായങ്ങളോടു കൂടിയ വിവിധ മതക്കാർ സ്വൈരമായി ജീവിച്ചിരുന്നു). എന്നുവെച്ച് സ്വന്തം

ആദർശത്തെ സ്വയം ഞെരിച്ചമർത്താൻ ഇസ്‌ലാം തയ്യാറല്ല. അതുകൊണ്ടാണ് ഇസ്‌ലാമിക വേദഗ്രന്ഥം ഇങ്ങനെ പ്രഖ്യാപിക്കുന്നത്: "ഞാൻ ആരാധിക്കുന്ന ദൈവത്തെ നിങ്ങളാരാധിക്കുന്നില്ല; നിങ്ങളാരാധിക്കുന്നവയെ (വിഗ്രഹം, പടം) ഞാനും ആരാധിക്കുന്നില്ല. നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതം."

## മുഹമ്മദ്നബിയും ശ്രീകൃഷ്ണനും

'മുഹമ്മദ്നബി ഏകദൈവസിദ്ധാന്തത്തിന്റെ അധ്യാപകനായിരുന്നു. അതോടൊപ്പം സൈന്യാധിപനുമായിരുന്നു. ഈ രണ്ട് സവിശേഷതകളും അദ്ദേഹത്തിന്റെ ജീവിതത്തിൽ മാത്രമേ കാണുന്നുള്ളൂ' എന്ന എന്റെ വരികളുദ്ധരിച്ചുകൊണ്ട് താങ്കൾ നിന്ദയും പരിഹാസവും ധ്വനിക്കുന്ന ചില ചോദ്യങ്ങൾ ഉന്നയിച്ചിരിക്കുന്നു.

ഗുപ്ത: താങ്കൾ മഹാഭാരതം വായിച്ചിട്ടില്ലേ?

ഞാൻ : അൽപമൊക്കെ, 'രണ്ടാം ഭാരതം' എന്ന പേരിൽ ഒരു ഗവേഷണ ഗ്രന്ഥം രചിച്ചിട്ടുണ്ട്!

ഗുപ്ത: ഗീതചൊല്ലുന്ന കണ്ണനെക്കുറിച്ച് കേട്ടിട്ടില്ലേ?

ഞാൻ: അല്പമൊക്കെ; ആത്മാവിനെക്കുറിച്ചുള്ള കണ്ണന്റെ പരാമർശങ്ങൾക്ക് അപഗ്രഥനമെഴുതിയിട്ടുണ്ട്.

ഗുപ്ത: കണ്ണനെക്കുറിച്ച് താങ്കൾ പഠിച്ചിട്ടുണ്ടെങ്കിൽ കണ്ണൻ പതിനാറു സേനാദളങ്ങളുടെ മേധാവിയായിരുന്നു എന്ന് മനസ്സിലാക്കിയിട്ടുണ്ടാവും.

ഞാൻ: ശരിതന്നെ! അദ്ദേഹം സൈന്യാധിപനായിരുന്നു. പക്ഷേ, ഏകദൈവസിദ്ധാന്തത്തിന്റെ പ്രബോധകനായിരുന്നോ? ഗീത പൂർണമായും ഏകദൈവാദർശത്തിൽ ഊന്നുന്നില്ല. അതിൽ നിരവധി ദൈവങ്ങൾ കടന്നുവരുന്നതായി കാണാം. മനുഷ്യനായി ജനിച്ചവൻ ഭഗവാൻ കൃഷ്ണനാവുക എന്നത് ഇസ്‌ലാമിന്റെ ദൈവസങ്കല്പത്തിന് വിരുദ്ധമാണ്. കണ്ണൻ ഏകദൈവസിദ്ധാന്തത്തിന്റെ പ്രബോധകനല്ലെന്നിരിക്കെ നബിയെപ്പോലെ രണ്ടു സവിശേഷതകൾ അദ്ദേഹത്തിൽ ഒരുമിക്കുന്നില്ല. ഇത് അംഗീകരിക്കാൻ താങ്കളുടെ മനസ്സ് പാകമാവുമോ എന്തോ?

## വേദങ്ങളുടെ സന്ദേശം

വേദങ്ങൾ യഥാർഥത്തിൽ മുനിമാരും ഋഷിമാരും ദൈവത്തെക്കുറിച്ച് ആലപിച്ച ഗീതങ്ങളുടെ സമാഹാരമാണ് എന്ന എന്റെ ഒരു വാചകമുദ്ധരിച്ചുകൊണ്ട് താങ്കൾ വേദങ്ങളെകുറിച്ച് വിശദീകരിക്കുന്നു: "വേദങ്ങൾ നാലുണ്ട്. ഓരോന്നും പ്രത്യേകം ആശയങ്ങൾ ഉൾകൊള്ളുന്നു. ദൈവകീർത്തനം കൂടാതെ ഗണിതം, ശാസ്ത്രം, ജീവിതദർശനം, അഖിലചരാചരസൃഷ്ടിപ്പ് തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങൾ വേദങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്." തുടർന്ന് വേദം പഠിക്കാൻ താങ്കൾ അല്പം സമയം കണ്ടെത്തണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

വേദപഠനം നടത്തിയതിനുശേഷം ഞാനെത്തിച്ചേർന്ന വീക്ഷണമാണ്

എന്റെ കൃതിയിൽ രേഖപ്പെടുത്തിയത്. വേദങ്ങൾ ദൈവ വചനങ്ങളല്ല എന്നാണ് അപ്പറഞ്ഞതിന്റെ അർഥം. ഋഷിമാരുടെയും മുനിമാരുടെയും വചനങ്ങളാണ് അവയിലുള്ളതെന്നകാര്യം ഗുപ്ത നിഷേധിക്കുകയില്ലെന്നു കരുതുന്നു. വേദങ്ങളിൽ താങ്കൾ വിവരിച്ചതിലുപരി വിഷയങ്ങളുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അഖില വസ്തുക്കളുടെയും സൃഷ്ടിയോടൊപ്പം ചാതുർവർണ്യം സൃഷ്ടിച്ചതിനെക്കുറിച്ച് വേദങ്ങൾ പറയുന്നത് ഞാൻ വായിച്ചിട്ടുണ്ട്. (ഋഗ്വേദം; പുരുഷസൂക്തം)

## ലൗഹുൽ മഹ്ഫൂള്

ഇരുപത്തിമൂന്നാം പുറത്തിൽ "വിശുദ്ധഗ്രന്ഥം ലൗഹുൽ മഹ്ഫൂളിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു" എന്നെഴുതിയതിനെ സംബന്ധിച്ച് താങ്കൾ ചോദിക്കുന്നു: ദൈവം അരൂപിയും അവയവങ്ങളില്ലാത്തവനുമാണെന്ന് ഖുർആനിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ഒരു ശക്തി ഖുർആനെ ലൗഹുൽ മഹ്ഫൂളിൽ എങ്ങനെയാണ് വെച്ചത്?

ഉത്തരം: അരൂപിയായ ദൈവം തന്നെയാണല്ലോ രൂപവും ലാവണ്യവുമുള്ള പ്രപഞ്ചം സൃഷ്ടിച്ച് കറക്കിക്കൊണ്ടിരിക്കുന്നത്. ആ മഹാശക്തിക്ക് ഖുർആനെ ലൗഹുൽ മഹ്ഫൂളിൽ വെക്കാൻ പ്രയാസപ്പെടേണ്ടതുണ്ടോ? ദൈവത്തിന്റെ മറ്റൊരു പേരാണ് സർവശക്തൻ.

ചോദ്യം: മനുഷ്യചരിത്രം കോടാനുകോടി സംവത്സരങ്ങൾക്കുമുമ്പ് ആരംഭിച്ചിരിക്കെ ദൈവം എന്തുകൊണ്ട് മുഹമ്മദുനബിക്ക് മുമ്പ് ഖുർആൻ അവതരിപ്പിച്ചില്ല?

ഉത്തരം: ഇസ്‌ലാമികചരിത്രം താങ്കൾ പഠിക്കേണ്ടതുണ്ട്. പ്രവാചകനു മുമ്പ് ആഗതരായ മൂസാനബി, ദാവൂദ് നബി, ഈസാനബി എന്നിവർക്ക് യഥാക്രമം തൗറാത്ത്, സബൂർ, ഇഞ്ചീൽ എന്നീ വേദങ്ങൾ ദൈവം അവതരിപ്പിച്ചുകൊടുത്തിട്ടുണ്ട്.

## ഖുർആൻ ഒരുമിച്ച് അവതരിക്കാതിരുന്നത് എന്തുകൊണ്ട്?

"ലൗഹുൽ മഹ്ഫൂളിലെ ആ ഗ്രന്ഥത്തിൽനിന്ന് വിശുദ്ധമാലാഖയായ ജിബ്‌രീൽ അപ്പപ്പോൾ അതിനെ അല്ലാഹുവിന്റെ ദൂതനിൽ എത്തിച്ചുകൊടുത്തു" എന്ന വാചകം ഉദ്ധരിച്ചുകൊണ്ട് എന്തുകൊണ്ടാണ് അല്ലാഹു അത് നബിക്ക് നേരിട്ട് നൽകാതിരുന്നത് എന്ന് താങ്കൾ ചോദിക്കുന്നു.

ഉത്തരം: അത് അവന്റെ ഹിതം. വിശുദ്ധഖുർആനിൽ ഒരേ വാചകംതന്നെ ആവർത്തിച്ചുവരുന്നുണ്ട്. അതോർമിക്കുന്നത് നല്ലതാണ്: "അല്ലാഹു സൂക്ഷ്മജ്ഞാനിയാണ്."

ചോദ്യം: ഒന്നിച്ച് ഒരു ഗ്രന്ഥമായി നൽകാതെ എന്തുകൊണ്ടാണ് അല്പാല്പമായി നൽകിയത്, മുഴുഗ്രന്ഥവും ഒറ്റയടിക്ക് ഇറക്കാവുന്നതാണല്ലോ?

ഉത്തരം: ഈ ചോദ്യത്തിന് ദൈവംതന്നെ അവന്റെ വിശുദ്ധഗ്രന്ഥത്തിൽ മറുപടി നൽകിയിട്ടുണ്ട്. 'ഒരുമിച്ചവതരിപ്പിച്ചിരുന്നെങ്കിൽ നിങ്ങൾക്കത് ദുർവഹമായിരിക്കും എന്നതിനാൽ നാം അതിനെ അൽപാൽപമായി അവതരി

പ്പിച്ചു' എന്ന് അവൻ വ്യക്തമാക്കിയിരിക്കുന്നു.

## മൊഴിയലും പാരായണവും

പേജ് ഇരുപത്താറിലെ, "അല്ലാഹുവിൽനിന്ന് അവതീർണമായ ഖുർആൻ ആദ്യമായി പാരായണം ചെയ്ത വ്യക്തി ഉമ്മിയ്യ് -എഴുത്തും വായനയും അറിയാത്തവൻ – ആയിരുന്നു" എന്ന വാക്യം ഉദ്ധരിച്ചുകൊണ്ട് താങ്കൾ ചോദിക്കുന്നു: എഴുതാനും വായിക്കാനും വശമില്ലാത്ത ഒരാൾക്ക് ഗ്രഹിക്കാൻ കഴിയുമെങ്കിലും നിരക്ഷരൻ എങ്ങനെയാണ് പാരായണം ചെയ്യുക?

ഉത്തരം: വിശുദ്ധഖുർആൻ പലതവണ താങ്കൾ പാരായണം ചെയ്തതായി പറയുന്നു. നിരവധി ഇസ്‌ലാമികഗ്രന്ഥങ്ങൾ വായിച്ചതായി അവകാശപ്പെടുകയുണ്ടായി. എന്നിട്ടും താങ്കൾ 'വഹ്‌യി'നെക്കുറിച്ച് കേട്ടിട്ടില്ലേ? 'വഹ്‌യ്' (ദൈവികസന്ദേശം) തിരുമേനിയിലേക്കാണ് ഇറങ്ങുക. ആ സന്ദേശത്തെ അദ്ദേഹം ദൈവനിശ്ചയമനുസരിച്ച് വായകൊണ്ട് മൊഴിയുമ്പോൾ തന്നെ അദ്ദേഹത്തിന് അത് ഹൃദിസ്ഥമാകുന്നു. അനുയായികളാണ് അത് രേഖപ്പെടുത്തിവെച്ച് പിൽക്കാലത്ത് ഗ്രന്ഥരൂപത്തിലാക്കിയത്. എഴുത്തുനോക്കി വായിക്കുന്നതും ഹൃദിസ്ഥമായത് മൊഴിയുന്നതും തമ്മിലുള്ള വ്യത്യാസം ന്യായമായും താങ്കൾക്ക് മനസ്സിലാകുമെന്ന് കരുതുന്നു.

## സംസ്കൃതവും പ്രാകൃതവും

പുറം മുപ്പതിൽ 'വേദം സംസ്കൃതത്തിലല്ല; അതിനുമുമ്പുള്ള ഭാഷയിൽ രചിക്കപ്പെട്ടതായിരിക്കാം' എന്നെഴുതിയതിനെ പരാമർശിച്ച് താങ്കൾ ചോദിക്കുന്നു: ഞാൻ അറിഞ്ഞേടത്തോളം വേദം സംസ്കൃതഭാഷയിൽ തന്നെയാണ് രചിച്ചത്. അതെഴുതിയ ഋഷിമാർ സംസ്കൃതം ശരിക്കും വശമുള്ളവരായിരുന്നു. സംസ്കൃതത്തിനുമുമ്പ് ഒരു ഭാഷ ഉണ്ടായിരുന്നെങ്കിൽ ആ ഭാഷ ഏതെന്നു പറയാമോ?

ഋഷിമാർ വേദത്തെ ആദ്യമേ രേഖപ്പെടുത്തി വെച്ചിരുന്നില്ല എന്നു മനസ്സിലാക്കേണ്ടതുണ്ട്. വാമൊഴിയായും കർണാകർണികയാ മനഃപാഠമാക്കിയുമാണ് വേദം നിലനിന്നുപോന്നത്. വേദത്തിന് 'ശ്രുതി' എന്നു പേരുള്ളത് ശ്രദ്ധേയമാണ്. സംസ്കൃതം പിൽക്കാലത്തുണ്ടായ ഭാഷയാണെന്നതിന് ആ പേരുതന്നെ സാക്ഷിയാണ്. സംസ്കൃതം എന്നാൽ പുതുതായി നിർമിച്ച ഭാഷ എന്നർഥം. സംസ്കൃതത്തിനു മുമ്പുണ്ടായിരുന്ന ഭാഷയാണ് പ്രാകൃതം (പഴയത്). അതിനും മുമ്പുണ്ടായിരുന്ന ഭാഷയാണ് ലിപിയില്ലാത്ത മനനരീതിയിലുള്ള വേദഭാഷ. ലിപിയില്ലാത്ത സംസാര ഭാഷകൾ ഇന്നും പലേടത്തും കണ്ടുവരുന്നു.

## വേദം പാരായണം ചെയ്തവരുടെ ഗതി

മുപ്പത്തിനാലാം പുറത്തിൽ, ചില വിഭാഗം ആളുകൾ വേദം പാരായണം ചെയ്യുന്നതും കേൾക്കുന്നതും ശിക്ഷാർഹമായി കണക്കാക്കപ്പെട്ടിരുന്നുവെന്ന് ചരിത്രരേഖകൾ വ്യക്തമാക്കുന്നു എന്നെഴുതിയതിനെ പരാമർശിച്ച് താങ്കൾ കുറിക്കുന്നു: "താങ്കളുടെ ഈ അഭിപ്രായം ശരിതന്നെ. മതത്തെയും വേദത്തെയും സ്വാർഥ താൽപര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താൻ ഒരുമ്പെ

ട്ടവർക്കാണ് ഇത്തരം ശിക്ഷകൾ നൽകിയിരുന്നത്. അവരെല്ലാം ദുഷ്ടരായിരുന്നു. വേദം എല്ലാവർക്കും വായിക്കാനുള്ളതല്ല എന്ന് വേദങ്ങളിലൊരിടത്തും പറഞ്ഞിട്ടില്ല. സ്വാമി ദയാനന്ദ് എഴുതിയ 'സത്യാർഥ പ്രകാശം' വായിക്കുക" എന്ന് താങ്കൾ ഉപദേശിച്ചിരിക്കുന്നു.

ശ്രീമാൻ ഗുപ്താ, താങ്കളുടെ ഈ പരാമർശം വിചിത്രമായിരിക്കുന്നു. വേദം പാരായണം ചെയ്യാൻ, അഥവാ ശ്രവിക്കാൻ മുതിരുന്ന എല്ലാവരും ദുഷ്ടരാവുന്നതെങ്ങനെയാണ്? ജ്ഞാനം നേടാൻവേണ്ടിയും ഒരാൾക്ക് അത് ചെയ്യാമല്ലോ. എന്താണ് വേദത്തിൽ പറഞ്ഞിരിക്കുന്നത് എന്നറിയണമെങ്കിൽ വേദം പഠിക്കണമല്ലോ. ഇക്കാര്യത്തിൽ താങ്കൾ തെളിവന്വേഷിച്ചില്ല. ശ്രീരാമൻ ഭരിച്ചിരുന്ന കാലത്ത് ജംബൂകൻ എന്ന ശൂദ്രൻ വേദപാരായണത്തിന് മുതിർന്നു ശിക്ഷ വാങ്ങിയതായി നാം വായിക്കുന്നു. സ്വാമി ദയാനന്ദ് വലിയ ജ്ഞാനിയായിരുന്നു. ഹിന്ദുമതത്തിന്റെ ദൗർബല്യങ്ങൾ തന്റെ ജ്ഞാനമാർഗത്തിലൂടെ മൂടിവെക്കാനുള്ള ശ്രമമാണ് അദ്ദേഹം നടത്തിയത്. എല്ലാവരും വേദം വായിക്കാൻ പാടില്ലെന്ന് വേദത്തിലൊരിടത്തുമില്ലെന്ന് സ്വാമിജി പറഞ്ഞിരിക്കാം. എന്നാൽ അദ്ദേഹത്തെക്കാൾ വലിയ ജ്ഞാനിയും അദ്ദേഹത്തിനുമുമ്പ് ഈ രാജ്യത്ത് ജീവിച്ചിരുന്ന ദേഹവുമായ മനു തന്റെ 'മനുസ്മൃതി'യിൽ പറയുന്നതെന്താണെന്ന് വായിച്ചുനോക്കിയിട്ടുണ്ടോ? ഗുപ്തയെപ്പോലുള്ളവർ വേദപാരായണം നടത്തുകയോ ശ്രവിക്കുകയോ ചെയ്താൽ അവർക്ക് 'മനുധർമം' അനുശാസിക്കുന്ന ശിക്ഷാവിധികൾ വായിച്ചു കിടന്നാൽ രാത്രി ഉറക്കംവരില്ല.

## ഖുർആൻ മാനവരാശിക്ക്

അമ്പത്തിരണ്ടാം പേജിലെ 'മൂസാനബിക്ക് ഒറ്റയടിക്കാണ് തൗറാത്ത് നൽകപ്പെട്ടത്. എന്നാൽ വിശുദ്ധ ഖുർആൻ മുഴുവൻ ഒരുമിച്ച് അവതരിപ്പിക്കുകയുണ്ടായില്ല' എന്ന വാക്യത്തെപ്പറ്റി താങ്കൾ ചോദിക്കുന്നു: 'ഖുർആനെപ്പോലെ തൗറാത്തും ദൈവം നൽകിയ വേദഗ്രന്ഥമല്ലേ? അതേയെങ്കിൽ രണ്ടിനുമിടയിൽ എന്തുകൊണ്ടാണ് ഈ വ്യത്യാസം? രണ്ടു കൽപനകളെ ഇറക്കേണ്ട ആവശ്യമെന്ത്?'

വിശുദ്ധഖുർആൻ മുഴുവൻ ഒരുമിച്ച് എന്തുകൊണ്ട് അവതരിപ്പിച്ചില്ല എന്ന ചോദ്യത്തിന് നേരത്തെ മറുപടി പറഞ്ഞതാണ്. രണ്ടു കല്പനകൾ ഇറക്കേണ്ട ആവശ്യമെന്താണ്? ന്യായമായ ചോദ്യം. മൂസാനബിക്ക് അവതരിപ്പിക്കപ്പെട്ട വേദത്തെ അദ്ദേഹത്തിന്റെ ജനങ്ങൾ (ജൂതന്മാർ) മുറുകെപ്പിടിച്ചില്ല. മാത്രമല്ല, ആ വേദത്തെ ഒരു ചാരന്റെ കുത്തകയാക്കിവെച്ചു. അയാൾ സ്വയം അതിനെ പിൻപറ്റുകയോ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുകയോ ചെയ്തില്ല. ലോകത്തിനൊന്നാകെയുള്ള സമ്പൂർണമായ ഒരു വേദം–വിശുദ്ധഖുർആൻ – മുഹമ്മദ് നബിയിലൂടെ അവതീർണമാവേണ്ടതുണ്ട് എന്നത് ദൈവഹിതമാണ്. വിവിധ കാലഘട്ടങ്ങളിൽ പ്രത്യേകം വേദങ്ങൾ അവതരിപ്പിച്ചതുപോലെ.

## മതങ്ങളും വാളും

പേജ് നാൽപത്തൊമ്പതിൽ, 'വാളു'കൊണ്ടാണ് ഇസ്‌ലാം പ്രചരിപ്പിച്ചത്

എന്ന് പറയപ്പെടുന്നത് തെറ്റാണ് എന്ന് എഴുതിയിരിക്കുന്നു. പക്ഷേ, എഴുപത്തിനാലാം പേജിൽ 'സകാത്ത് നിഷേധിച്ചവർക്കെതിരെ ഒന്നാം ഖലീഫ വാളെടുത്തു' എന്നും എഴുതിയിരിക്കുന്നു. അതേ അധ്യായത്തിൽതന്നെ വീണ്ടും എഴുതുന്നു: സകാത്ത് കൊടുക്കാത്തവർ - അവർ മുസ്‌ലിംകളായിരുന്നാലും - ഇസ്‌ലാമിന്റെ വാൾ അവർക്കെതിരെ ഉയരും'. ഈ ഭാഗം ഉദ്ധരിച്ച്, ഇതിൽ ഏതാണ് ശരി? ഇസ്‌ലാമിന്റെ വാൾ എന്നുപറയുന്നതിന്റെ അർഥമെന്താണ്? മനസാ സ്വീകരിക്കപ്പെടേണ്ട ആദർശമല്ലേ മതം? ഇവിടെ വാളിന് സ്ഥാനമെവിടെ എന്നെല്ലാം താങ്കൾ ചോദിക്കുന്നു.

ഇസ്‌ലാം വാളുകൊണ്ടല്ല പ്രചരിച്ചത് എന്നത് ഒരു സത്യമാണ്. ഇസ്‌ലാമികചരിത്രത്തിൽ വാളുണ്ടായിരുന്നു എന്നതും സത്യംതന്നെ. നബിതിരുമേനി തന്നെ, പടച്ചട്ടയണിഞ്ഞ് വാളേന്തി യുദ്ധം നടത്തുകയും മുറിവേൽക്കുകയും ചെയ്ത സംഭവങ്ങൾ നാം ചരിത്രത്തിൽ വായിക്കുന്നു. പക്ഷേ, അതെന്തിനു വേണ്ടിയായിരുന്നു? ഇസ്‌ലാമിനെ നശിപ്പിക്കാൻ ശത്രുസൈന്യം വാളേന്തി വന്നപ്പോൾ ഇസ്‌ലാമിന്റ രക്ഷക്ക്‌വേണ്ടി വാളുയർന്നു. ശത്രുസൈന്യം വാളുകളുമായി വരുമ്പോൾ മുസ്‌ലിംകളെല്ലാവരും നിരായുധരായി നിന്നിരുന്നെങ്കിൽ എന്തായിരുന്നു സംഭവിച്ചിരിക്കുക? ഇസ്‌ലാമിനെക്കുറിച്ച് ഗുപ്തക്ക് പാരായണം ചെയ്യാൻ ഒന്നും അവശേഷിക്കുമായിരുന്നില്ല. അതുപോലെ, മുസ്‌ലിംകളായ ഒരുവിഭാഗമാളുകൾ ഇസ്‌ലാമിന്റെ അഞ്ച് നിർബന്ധാനുഷ്ഠാനങ്ങളിൽ ഒന്നായ സകാത്ത് നിഷേധിച്ചുകൊണ്ട് രംഗത്തുവരുന്നു. രാഷ്ട്രത്തോട് സമരം പ്രഖ്യാപിച്ച ഈ വിഭാഗത്തിനെതിരെയാണ് ഒന്നാംഖലീഫ വാളെടുക്കുന്നത്. ഇത് അതിക്രമികൾക്കെതിരായ രാജനീതിയാണ്. മറ്റൊരു കാര്യവും താങ്കൾ മനസ്സിലാക്കേണ്ടതുണ്ട്. മതങ്ങളുടെ ചരിത്രത്തിൽ വാളിന് എന്തെങ്കിലും ഒരു സ്ഥാനമുണ്ടായിരിക്കും. ഹിന്ദുമത ദൈവങ്ങളിൽ ബഹുഭൂരിപക്ഷവും ആയുധപാണികളായിരിക്കുന്നതിന്റെ തത്വമെന്താണ്? ദുഷ്ടന്മാരെ നിഗ്രഹിക്കാനും ശിഷ്ടന്മാരെ രക്ഷിക്കാനും വാൾ ഉപയോഗപ്പെടുത്തുന്നു. എന്നല്ല, ആ തത്വം അഹിംസയുടെയും സ്നേഹത്തിന്റെയും പ്രതീകമായാണ് കണക്കാക്കുന്നത്. സ്നേഹത്തിന്റെ പ്രബോധകനായാണ് യേശുക്രിസ്തു വിശേഷിപ്പിക്കപ്പെടുന്നത്. ഒരു കവിളത്തടിച്ചാൽ മറ്റേകവിളും കാട്ടിക്കൊടുക്കുക എന്നാണല്ലോ അദ്ദേഹം പറഞ്ഞത്. അതേ യേശുക്രിസ്തു ദൈവമന്ദിരം ചൂതാട്ടക്കാരും പൊൻവാണിഭക്കാരും കയ്യടക്കിയപ്പോൾ കോപത്തോടെ അവരെ ചമ്മട്ടികൊണ്ടടിച്ചു എന്നാണ് ചരിത്രം. യേശുവിന്റെ ശിഷ്യൻ പീറ്റർ വാൾ കരുതിവെച്ചിരുന്നതായും ബൈബിളിൽ താങ്കൾ വായിച്ചിട്ടില്ലേ? അഹിംസാവാദികളായ തമിഴ്നാട്ടിലെ ചമണർ ശൈവമതക്കാരായ തിരുജ്ഞാന സംബന്ധരുടെ മഠത്തിനു തീവെച്ചതും അതിനു പ്രതികാരമായി എണ്ണായിരം ചമണർ കഴുവിലേറ്റപ്പെട്ടതും ചരിത്രസംഭവമാണ്.

ഇതെല്ലാം ഇവിടെ പരാമർശിച്ചത് എല്ലാ മതങ്ങളുടെ ചരിത്രത്തിലും 'വാൾ' ഉണ്ടായിരുന്നു എന്ന് അനുസ്മരിപ്പിക്കാനാണ്. മനസാ സ്വീകരിക്കേണ്ട ആദർശം തന്നെയാണ് മതം. പക്ഷേ, ഓരോ മതത്തിലും വാളിന് അതിന്റേതായ പങ്കുണ്ട്. ഇസ്‌ലാമിന്റെ വാൾ പ്രതിരോധാവശ്യത്തിനും സാമൂഹ്യനീതി നടപ്പാക്കാനുമാണ് ഉപയോഗപ്പെടുത്തിയത്.

## പടയോട്ടത്തിലൂടെ മതം പ്രചരിപ്പിച്ച ഇന്ത്യൻ രാജാക്കന്മാർ

പുറം എൺപത്തെട്ടിൽ 'ഭാരതീയ രാജാക്കന്മാർ സൈനികാക്രമണം നടത്തി ഇതര രാജ്യങ്ങളിൽ തങ്ങളുടെ മതം പ്രചരിപ്പിച്ചിട്ടുണ്ട്. ജാവ, സുമാത്ര, കമ്പോഡിയ എന്നിവിടങ്ങളിൽ ഇന്നും ഹിന്ദുമതത്തിന്റെ സ്വാധീനം ദൃശ്യമാണ്; വിഗ്രഹങ്ങളുമുണ്ട്' എന്ന ഭാഗം ഉദ്ധരിച്ച് താങ്കൾ പറയുന്നു: ഇതു ശരിതന്നെ. ജാവ, സുമാത്ര, കമ്പോഡിയ എന്നിവിടങ്ങളിൽ മാത്രമല്ല, അറബ്നാടുകളിലും വിഗ്രഹങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഹിന്ദുമതം ഭാരതത്തിൽ പരിമിതമായിരുന്നില്ല എന്നതിന് ഇതെല്ലാം ദൃഷ്ടാന്തങ്ങളാണ്. എന്നാൽ ഇന്ത്യൻ രാജാക്കന്മാർ ഇതര നാടുകളിൽ സൈനികാക്രമണം നടത്തി മതം പ്രചരിപ്പിച്ചു എന്നതിന് തെളിവുകളില്ല. അത്തരത്തിലുള്ള സംഭവങ്ങൾ താങ്കൾ വായിച്ചിട്ടുണ്ടെങ്കിൽ ആ രാജാക്കന്മാരെക്കുറിച്ച് വിവരങ്ങൾ തെളിവുസഹിതം പറയുക എന്ന് താങ്കൾ ആവശ്യപ്പെട്ടിരിക്കുന്നു.

ശ്രീമാൻ ഗുപ്താ, ഞങ്ങളുടെ തമിഴ്നാട്ടിലെ മഹാരാജാക്കന്മാർ കടൽ താണ്ടി സൈനികാക്രമണം നടത്തി മതം പ്രചരിപ്പിച്ചവരാണ്. ക്ഷേത്രങ്ങളും പ്രതിമകളും സ്ഥാപിക്കുന്നതിൽ ഏറെ ഉത്സുകരായിരുന്നു അവർ. ആ നാടുകളിലും അതേ സമീപനമാണ് അവർ സ്വീകരിച്ചത്. അതുകൊണ്ടാണ് അവരുടെ ഛായാപടങ്ങളിൽ 'ശൈവമതത്തെ കടൽതാണ്ടി പ്രചരിപ്പിച്ചവൻ' എന്ന് ആലേഖനം ചെയ്തിരിക്കുന്നത്. പിൽക്കാലത്ത് ശ്രീലങ്ക ഭരിച്ച പുതുക്കോട്ടൈക്കാരുടെ രാജപരമ്പര പുതിയ ക്ഷേത്രങ്ങൾ പണിത് ശൈവമതം പ്രചരിപ്പിച്ചതായും ചരിത്രമുണ്ട്.

## അവസാനമായി

പ്രിയപ്പെട്ട ഗുപ്താ! താങ്കളുടെ കത്തിന്റെ അവസാനഭാഗത്തു കുറിച്ച ആശയങ്ങളിൽ ചിലത് ഹൃദ്യമായിരിക്കുന്നു. വിശുദ്ധ ഖുർആനെ സ്വന്തം മതഗ്രന്ഥമെന്നപോലെ കണക്കാക്കുന്നു, ആദരിക്കുന്നു എന്നു പറഞ്ഞതിനോടൊപ്പം വിശുദ്ധഖുർആനെയും ഇസ്‌ലാമിനെയും എന്തുകൊണ്ടു സ്നേഹിക്കുന്നു എന്നതിന് പതിനാല് കാരണങ്ങൾ താങ്കൾ എഴുതിയിരിക്കുന്നു. വളരെ സന്തോഷം. പക്ഷേ, ഇതെല്ലാം പറഞ്ഞശേഷം "അനുവാചകരെ അലോസരപ്പെടുത്തുന്ന കാര്യങ്ങൾ എഴുതാതിരിക്കുക" എന്നും ഉപദേശിച്ചിരിക്കുന്നു.

ഇതുവായിച്ചപ്പോൾ എനിക്കാദ്യം തോന്നിയത്, എന്റെ അറിവനുസരിച്ച് അത്തരം കാര്യങ്ങളൊന്നും ഞാനെഴുതിയിട്ടില്ലല്ലോ എന്നാണ്. എന്നാൽ താങ്കളെഴുതിയ ഉദാഹരണം കണ്ടപ്പോൾ കാര്യം പിടികിട്ടി: 'എന്റെ ഭവനമാണ് എല്ലാ ഭവനങ്ങളെക്കാളും ഉത്തമം. എന്റെ നാടാണ് എല്ലാ നാടുകളെക്കാളും ശ്രേഷ്ഠം. എന്റെ മതമാണ് എല്ലാ മതങ്ങളെക്കാളും ഉദാത്തം എന്നിങ്ങനെ ഒരാൾ പറഞ്ഞാൽ മറ്റുള്ളവരുടെ ഹൃദയങ്ങളിൽ അത് മുറിവേൽപിച്ച് എരിച്ചിലും അസ്വസ്ഥതയും ഉണ്ടാക്കും' എന്ന് താങ്കൾ പറയുകയുണ്ടായി. ഇത് എന്നെ പൂർവോപരി അദ്ഭുതപ്പെടുത്തുന്നു. നിന്റെ ഭവനം മോശമാണ്, എന്റേതാണ് ഉത്തമം. നിന്റെ നാട് മോശമാണ്, എന്റെ നാടാണ് ശ്രേഷ്ഠം; നിന്റെ മതം മഹാമോശമാണ്, എന്റെ മതം മാത്രമാണ് ഉന്നതം എന്നിങ്ങനെ പറ

ഞ്ഞിരുന്നെങ്കിൽ അത് എരിച്ചിലും നീറ്റലുമുണ്ടാക്കാൻ സാധ്യതയുണ്ടായിരുന്നു. മറ്റൊരു കാര്യം: 'ഞാൻ സ്നേഹിക്കുന്ന ഇസ്ലാം' രചിച്ചകാലത്ത് ഞാൻ മുസ്ലിമായിരുന്നില്ല. (എൺപത്തേഴ് ജൂൺ ആറിനാണ് ഞാൻ ഇസ്ലാമാശ്ലേഷിച്ചത്). നിഷ്പക്ഷനായി നിന്നുകൊണ്ടാണ് അത് ഞാനെഴുതിയത് എന്നിരിക്കെ അലോസരമുണ്ടാക്കാൻ ന്യായമില്ല.

ഒരു രഹസ്യം പറയാം: മുസ്ലിമായ ശേഷം ആ കൃതിയിൽ പ്രകാശിപ്പിച്ച പല വീക്ഷണങ്ങളും അതേ ധ്വനിയിൽ പറയാൻ എനിക്ക് സാധിക്കുന്നില്ല. അങ്ങനെ പറയരുത് എന്ന് ഇസ്ലാം വിലക്കുന്നു. "മറ്റു മതസ്ഥരുടെ ആരാധ്യവസ്തുക്കളെ ശകാരിക്കരുത്. അവർ അല്ലാഹുവിനെയും ശകാരിച്ചേക്കും" എന്ന് ഇസ്ലാം പറയുന്നു. അതുകൊണ്ട് താങ്കൾ നിർദേശിച്ച പ്രകാരം ഇസ്ലാമിന്റെ സവിശേഷതകൾ കണ്ടെത്തി പ്രകാശിപ്പിക്കാനുള്ള ഉദ്യമത്തിൽ ഇനിയുള്ള കാലം ചെലവഴിക്കാൻ എനിക്ക് ദൈവാനുഗ്രഹമുണ്ടാകും എന്നുതന്നെ ഈയുള്ളവൻ വിശ്വസിക്കുന്നു.

സ്നേഹപൂർവം

താങ്കളുടെ അബ്ദുല്ലാ അടിയാർ

## അനുബന്ധം iii

# ചോദ്യോത്തരം

ചോദ്യം: എന്താണ് ഇസ്‌ലാം?

ഉത്തരം: ദൈവത്തിനുള്ള സമ്പൂർണ സമർപ്പണമാണ് ഇസ്‌ലാം. ഇസ്‌ലാമിനു സമാധാനം (ശാന്തി) എന്നർഥവുമുണ്ട്.

ചോദ്യം: ഇസ്‌ലാംമതത്തിന്റെ ദൈവം ആരാണ്?

ഉത്തരം: അല്ലാഹുവാണ് ഇസ്‌ലാമിലെ ഒരേയൊരു ദൈവം. സൃഷ്ടിക്കുന്നത് ബ്രഹ്മാവും സംരക്ഷിക്കുന്നത് വിഷ്ണുവും സംഹരിക്കുന്നത് ശിവനുമാണെന്നാണ് ഹൈന്ദവരുടെ വിശ്വാസം. ഇവർക്ക് ത്രിമൂർത്തികളെന്നു പറയും. എന്നാൽ ഇസ്‌ലാമിൽ സൃഷ്ടിക്കുന്നതും സംരക്ഷിക്കുന്നതും സംഹരിക്കുന്നതുമെല്ലാം ഒരേ ദൈവമാണ്. അവനാണ് അല്ലാഹു.

ചോദ്യം: ഹിന്ദുമതത്തിലെ ശിവൻ - പാർവതി, വിഷ്ണു-ലക്ഷ്മി, ബ്രഹ്മാവ്-സരസ്വതി എന്നിവരെപ്പോലുള്ള ജോഡികൾ ഇസ്‌ലാമിലുണ്ടോ?

ഉത്തരം: ഇല്ല. അല്ലാഹുവിന് പങ്കാളികളില്ല. ഭാര്യാസന്താനങ്ങളില്ല. ദൈവത്തിന് പുത്രകളത്രാദികളുള്ളതായി കരുതുന്നതുതന്നെ കുറ്റമാണ്. ദൈവം ഏകനും തുണയാവശ്യമില്ലാത്ത മഹാശക്തനുമാണെന്നാണ് ഇസ്‌ലാം പറയുന്നത്.

ചോദ്യം: അല്ലാഹുവിന് രൂപമുണ്ടോ? അവന്റെ വിഗ്രഹമോ പടമോ ഉണ്ടോ?

ഉത്തരം: ഇല്ല. ശിലയിലോ പടത്തിലോ ആവിഷ്കരിക്കാനാവാത്ത അസ്തിത്വമാണ് അല്ലാഹു. ദൈവത്തെ ശിലയിലും ചിത്രത്തിലും രൂപപ്പെടുത്തിയവർ അവനെ നേരിൽ കണ്ടിട്ടുണ്ടോ? ഇല്ല. ദൈവത്തെ കാണാതെ പ്രതിമകളും ചിത്രങ്ങളും നിർമിച്ച് ഇതാണ് ദൈവം എന്ന് അവകാശപ്പെടുന്നത് വ്യാജവാദമാണ്. ഈ വ്യാജദൈവങ്ങളെ ആരാധിക്കരുതെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ശില, പടം തുടങ്ങിയ മിഥ്യാദൈവങ്ങളെ പൂജിക്കുന്നത് ഇസ്‌ലാമിൽ മഹാപാപമാണ്. കൊല, കൊള്ള, കളവ്, വ്യഭിചാരം

ഇവയെക്കാളെല്ലാം ഗുരുതരമായ പാപമാണത്. ഏത് പാപവും പൊറുക്കപ്പെടാം. പക്ഷേ, വിഗ്രഹങ്ങളെയും ചിത്രങ്ങളെയും പൂജിക്കുന്നത് പൊറുക്കപ്പെടാത്ത പാപമാണ് ഇസ്‌ലാമിൽ. അതിനാൽ വിഗ്രഹങ്ങളും പടങ്ങളുമുള്ള ക്ഷേത്രങ്ങളിൽ യഥാർഥ മുസ്‌ലിംകൾ ദർശനങ്ങളോ പൂജാകർമങ്ങളോ നടത്തുകയില്ല.

ചോദ്യം: വിഗ്രഹമോ പടമോ ഇല്ലെങ്കിൽ ഏകാഗ്രതയോടെ ദൈവത്തെ തൊഴാൻ കഴിയുമോ?

ഉത്തരം: എന്തുകൊണ്ടില്ല? അല്ലാഹുവിന്റെ പ്രതിമയില്ലാതെ, ചിത്രമില്ലാതെ ലോകത്ത് നൂറുകോടി മുസ്‌ലിംകൾ ദിനേന അഞ്ചുനേരങ്ങളിൽ നമസ്കരിക്കുന്നു. ഭയഭക്തിയോടെ സാഷ്ടാംഗം നമിക്കുന്നു. അതെങ്ങനെയാണ്? ഹിന്ദുമതത്തിലെ പൂർവകാല ഋഷിമാരിൽ പലരും വിഗ്രഹം പ്രതിഷ്ഠിച്ചായിരുന്നോ പൂജ നടത്തിയതും തപസ്സനുഷ്ഠിച്ചതും? അവർ ഏകാന്തരായി ദൈവത്തെ ധ്യാനിച്ചിരുന്നതായി നാം വായിക്കുന്നു. വിഗ്രഹങ്ങളെയും പടങ്ങളെയും പൂജിക്കുന്നതിനെ 'മന്ദജ്ഞാന'മെന്നാണ് രാമലിംഗ അടികൾ വിശേഷിപ്പിച്ചത്.

"നട്ടകല്ലെ ദൈവമെന്റ്
നാലു പുഷ്പം ചാറ്റിയേ
ചുറ്റിവൻത് മുണുമുണുത്ത്
ചൊല്ലും മന്തിരം ഏതടാ"

എന്നാണ് ചിത്തർകൾ പാടിയത്. അതുകൊണ്ട് വിഗ്രഹമോ പടമോ പ്രതിഷ്ഠിച്ച് അതിനുമുമ്പിൽ കുനിഞ്ഞെങ്കിൽ മാത്രമേ ദൈവാരാധനയാകൂ എന്നില്ല.

ചോദ്യം: മുസ്‌ലിംകൾ മുൻവശത്തുള്ള ചുവരിലേക്ക് തിരിഞ്ഞാണല്ലോ നമസ്കരിക്കുന്നത്?

ഉത്തരം: കെട്ടിടത്തിനുള്ളിൽ നിന്നുനമസ്കരിക്കുമ്പോൾ മുൻവശത്തുള്ള ചുവരിലേക്ക് തിരിഞ്ഞു നമസ്കരിക്കുന്നതായി തോന്നും. യഥാർഥത്തിൽ മക്കയിലെ ദൈവഭവനത്തിലേക്ക് തിരിഞ്ഞാണ് നമസ്കരിക്കുന്നത്. തുറസ്സായ ഭൂമിയിലൂടെ സഞ്ചരിക്കുമ്പോൾ നമസ്കാര സമയമായാൽ ആ പരിസരത്തുള്ള ശുദ്ധിയുള്ള ഏതു സ്ഥലത്തുവെച്ചും നമസ്കരിക്കാം. കടലോര നഗരങ്ങളിൽ കടപ്പുറത്തുവെച്ചും നമസ്കരിക്കാറുണ്ടല്ലോ. അവിടെ ചുമരെവിടെ? ചുമരിലേക്ക് തിരിഞ്ഞ് നമസ്കരിക്കുക എന്നൊന്നില്ല. മക്കയിലുള്ള ദൈവഭവനത്തിലേക്കാണ് തിരിയുന്നത്.

ചോദ്യം: മക്കയിലുള്ള ആ ദൈവഭവനത്തിൽ അല്ലാഹുവിന്റെ വിഗ്രഹമോ പടമോ ഉണ്ടോ?

ഉത്തരം: ഇല്ല. ആ ദൈവഭവനം (കഅ്ബ) ഇബ്റാഹീം (അബ്രഹാം) എന്ന ദൈവദൂതൻ നിർമിച്ചതാണ്. പ്രതിമകളെയും പ്രതിരൂപങ്ങളെയും തൊഴാത്തവർക്കുവേണ്ടി നിർമിക്കപ്പെട്ട ആ ദൈവഭവനത്തിൽ, ഇടക്കാലത്ത് വിഗ്രഹങ്ങളും പടങ്ങളും കുടിയേറി. അവയെ മുഹമ്മദ്നബി നീക്കംചെയ്തു.

ചോദ്യം: എങ്കിൽ "ഈശ്വർ അല്ലാഹ് തേരേനാം"- ഈശ്വരൻ, അല്ലാഹു എന്നിവ ദൈവത്തിന്റെ രണ്ടു നാമങ്ങളാണ്- എന്ന ഈരടി മുസ്‌ലിംകൾ അംഗീകരിക്കില്ലേ?

ഉത്തരം: ഈശ്വരന് രൂപം കല്പിച്ചാൽ അത് അംഗീകരിക്കുകയില്ല. തലയിൽ ഗംഗ, കഴുത്തിൽ നാഗം, കയ്യിൽ ശൂലം ഇതാണ് ഈശ്വരനെക്കുറിച്ച് ഭാവനയെങ്കിൽ അത് സ്വീകാര്യമല്ല.

ചോദ്യം: രാമനും റഹീമും ഒന്നാണെന്നും അംഗീകരിക്കില്ലേ.

ഉത്തരം: മനുഷ്യനായി ജനിച്ച 'രാം' അഥവാ 'രാമൻ' 'റഹീം' എന്ന, ജനനമോ മരണമോ ഇല്ലാത്ത അല്ലാഹുവിന് സമമാവുകയില്ല. മനുഷ്യനായി ജനിച്ച ആരെയും ദൈവമായി മുസ്‌ലിംകൾ അംഗീകരിക്കുകയുമില്ല. 'മനിതനും ദൈവമാകലാം' എന്ന സങ്കല്പം മുസ്‌ലിംകൾക്ക് അന്യമാണ്. ദൈവം മനുഷ്യനായി അവതാരമെടുത്തു എന്ന വിശ്വാസത്തെയും ഇസ്‌ലാം നിരാകരിക്കുന്നു. മനുഷ്യരിൽ നിന്ന് ഉൽകൃഷ്ടരായ ചിലരെ ദൈവം തന്റെ ദൂതൻമാരായി തിരഞ്ഞെടുത്ത് മനുഷ്യരെ സംസ്കരിക്കാനായി നിയോഗിച്ചു എന്നാണ് ഇസ്‌ലാമിന്റെ അധ്യാപനം. അതുകൊണ്ട് മനുഷ്യനായി ജനിച്ച രാമൻ (രാം) റഹീമി(അല്ലാഹു)ന് തുല്യമാകുന്ന പ്രശ്നമില്ല.

ചോദ്യം: ഇതെന്താണ്, നാം പറയുന്നതിനെല്ലാം ഉരുളക്കുപ്പേരിയെന്ന പോലെ പറയലും പ്രവർത്തിക്കലുമാണോ ഇസ്‌ലാം?

ഉത്തരം: അങ്ങനെയല്ല. മുസ്‌ലിംകൾ പറയുന്നത് ഹൈന്ദവർക്ക് ഉരുളക്കുപ്പേരിയായി തോന്നുന്നു; മറിച്ചും. നാഗർകോവിലിൽ നിന്ന് നോക്കുന്നവർക്ക് ചെന്നൈ വടക്ക് ആന്ധ്രാ അതിർത്തിയോട് ഒട്ടിനില്ക്കുന്ന ഒരു വിദൂര പ്രദേശമായി തോന്നും. ചെന്നൈയിൽ നിന്ന് നോക്കുന്നവർക്ക് നാഗർകോവിൽ തെക്ക് കേരളാ അതിർത്തിയോട് ഒട്ടിനില്ക്കുന്ന ഒരു വിദൂര പ്രദേശമായും തോന്നും.

ചോദ്യം: ഇസ്‌ലാം പരിചയപ്പെടുത്തുന്ന ഏകദൈവ സിദ്ധാന്തമാണോ ശരി അതോ ബഹുദൈവത്വമോ?

ഉത്തരം: ആയിരം ദൈവങ്ങളുണ്ടെന്നു തേടിയലയുന്ന 'അറിവിലികൾ' (വിവരം കെട്ടവർ) എന്നാണല്ലോ ഭാരതി പാടിയത്. "ഒരേ ദൈവം പൊയ്യടാ; ആയിരം ദൈവം താൻ മെയ്യടാ" എന്ന് വല്ലവരും പാടിയിട്ടുണ്ടോ? ഏകദൈവ സിദ്ധാന്തക്കാരും ആയിരം ദൈവങ്ങളുണ്ട് എന്ന് ജല്പിക്കുന്നവരും തമ്മിൽ ഒരു സംവാദം നടന്നാൽ ഏകദൈവസിദ്ധാന്തക്കാരേ വിജയിക്കുകയുള്ളൂ. അനേകം ദൈവങ്ങളുണ്ടെന്ന് വാദിക്കുമ്പോൾ ആ ദൈവങ്ങളിൽ 'ഏതാണ് വലിയ ദൈവം' എന്ന കാര്യത്തിൽ വിയോജിപ്പുണ്ടാവും. ഓരോരുത്തർക്കും തങ്ങളുടെ വാദത്തെ ന്യായീകരിച്ചുകൊണ്ടു കഥകൾ ചമയ്ക്കേണ്ടിവരും. അങ്ങനെയുള്ള കഥകളിൽ ചിലതാണ്; വിഷ്ണുവും ശിവനും തമ്മിലുള്ള സംഘട്ടനവും ബ്രഹ്മാവിനെ മുരുകൻ ഇടിക്കുന്നതും. ബഹുദൈവ സിദ്ധാന്തത്തിന്റെ ബലഹീനതയെയാണ് ഇതെല്ലാം ചൂണ്ടിക്കാട്ടുന്നത്. അതുകൊണ്ടാണ് ഹിന്ദുമതാചാര്യന്മാരിൽ ചിലർ, 'പരബ്രഹ്മം' എന്നും 'ഒരു ജാതി ഒരു ദൈവം' എന്നും പറയാൻ തുടങ്ങിയത്.

ചോദ്യം: ഇസ്‌ലാമിൽ ദൈവത്തിനല്ലാതെ മറ്റാർക്കും ആരാധനയില്ലേ? ആരാധ്യനായ മനുഷ്യൻ എന്നു പറയാമോ?

ഉത്തരം: പാടില്ല. മനുഷ്യന്റെ ആരാധന അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ്. മനുഷ്യൻ, അവൻ ആരായിരുന്നാലും ആരാധന അർഹിക്കുന്നില്ല.

ചോദ്യം: മനുഷ്യരിൽ ചിലരെക്കുറിച്ച് 'നടമാടും ദൈവം', 'കൺകണ്ട ദൈവം', 'ഹൃദയദൈവം', 'കുലദൈവം' എന്നൊക്കെ പറയാറുണ്ടല്ലോ?

ഉത്തരം: അത് തെറ്റാണ്. മനുഷ്യൻ മനുഷ്യൻ മാത്രമാണ്. ദൈവം ദൈവവും. ജനിച്ചു ജീവിച്ചു മരിക്കുന്ന മനുഷ്യൻ ദൈവത്തിനു സമമാവുകയില്ല.

ചോദ്യം: യേശുക്രിസ്തുപോലും ദൈവമല്ലെന്നോ? അദ്ദേഹം ദൈവപുത്രനല്ലേ?

ഉത്തരം: അല്ല. യേശുക്രിസ്തു തന്നെക്കുറിച്ച് ഒരിക്കലും ദൈവം (കർത്താവ്) എന്ന് വിശേഷിപ്പിച്ചതായി ബൈബിളിൽ കാണില്ല. 'എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായ ഏകദൈവത്തെ വണങ്ങുക' എന്നാണ് യേശുക്രിസ്തു പറയുന്നത്. ദൈവത്തിന് മക്കളോ അനന്തരക്കാരോ ഇല്ലെന്നു ഇസ്‌ലാം വ്യക്തമാക്കുന്നു. യേശു ദൈവപുത്രനല്ലെന്നു ഇസ്‌ലാം തറപ്പിച്ചു പറഞ്ഞിട്ടുണ്ട്. ദൈവത്താൽ നിയോഗിതനായ ദൂതനാണ് യേശു. അദ്ദേഹത്തെ പ്രസവിച്ച മർയം പുണ്യവതിയായിരുന്നു. പക്ഷേ, ദൈവമാതാവല്ല. ഇസ്‌ലാമിന്റെ ഖണ്ഡിതമായ നിലപാടാണിത്.

ചോദ്യം: അവസാനമായി, ദൈവത്തെക്കുറിച്ച് ഇസ്‌ലാം എന്താണ് പറയുന്നത്?

ഉത്തരം: ദൈവം ഏകനാണെന്ന അസ്തിവാരത്തിൽ ഇസ്‌ലാം അചഞ്ചലമായി നിലകൊള്ളുന്നു. ദൈവത്തിനു തോഴിമാർ, ഭാര്യമാർ, മാതാവ് എന്നിങ്ങനെയുള്ള സങ്കൽപങ്ങളെ ഇസ്‌ലാം നിരാകരിക്കുന്നു. ദൈവത്തിന്റെ അവതാരങ്ങൾ, ദൈവപുത്രന്മാർ എന്നീ സങ്കൽപങ്ങളും അതംഗീകരിക്കുകയില്ല. വിഗ്രഹാരാധന പൊറുക്കപ്പെടാത്ത പാപമാണ് ഇസ്‌ലാമിന്റെ ദൃഷ്ടിയിൽ. ഏകനായ ദൈവത്തെ, ഇണയും തുണയുമില്ലാത്തവനെ, സർവശക്തനെ, അഞ്ചുനേരം നമസ്കരിക്കുക എന്നാണ് ഇസ്‌ലാം കൽപിക്കുന്നത്. ദൈവസങ്കൽപത്തിൽ ഒരു നൈർമല്യവും ഗാംഭീര്യവും ഇസ്‌ലാമിൽ നമുക്ക് കണ്ടെത്താം.

❖❖❖